VEDAPRACHARA
MADHYASTHAN
വാല്യം 97
ലക്കം 01
2024 ജൂലൈ

# വേദപ്രചാര മദ്ധ്യസ്ഥൻ

Malayalam Monthly
Price ₹ 25/- Annual Subscription ₹ 300/-



The official organ of
the Archeparchy of Changanacherry

2024
ജൂലൈ

## ജന്മദിനാശംസകൾ



**ജൂലൈ അഞ്ചിനു ജന്മദിനം**
**ആഘോഷിക്കുന്ന അഭിവന്ദ്യ**
**മാർ ജോസഫ് പെരുന്തോട്ടംപിതാവിന്**
**അതിരൂപതാകുടുംബത്തിന്റെ**
***പ്രാർഥനാശംസകൾ...***

## നാമഹേതുകതിരുനാൾ



**ജൂലൈ മൂന്നിനു നാമഹേതുകതിരുനാൾ**
**ആഘോഷിക്കുന്ന അഭിവന്ദ്യ**
**മാർ തോമസ് തറയിൽപിതാവിന്**
**അതിരൂപതാകുടുംബത്തിന്റെ**
***പ്രാർഥനാശംസകൾ...***

**അതിരൂപതാകുടുംബത്തിലെ**
**തോമസ് നാമധാരികളായ**
**വൈദികർക്കും അല്മായർക്കും**
**നാമഹേതുകതിരുനാളിന്റെ**
**പ്രാർഥനാശംസകൾ...**



"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നതു
നിങ്ങൾ ചെയ്യുവിൻ"
(ഉൽപത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശ്ശേരി അതിരൂപത

സ്ഥാപിതം: 20 മെയ് 1887

വാല്യം 97 ● ലക്കം 01 ● ജൂലൈ 2024

# ഉള്ളടക്കം

ഇടയലേഖനം (മേജർ ആർച്ചുബിഷപ്) - ദുക്റാനതിരുനാൾ .......06
ഇടയലേഖനം - ദാമ്പത്യബന്ധം (24 PL. 41-389) ...........................11
സംയുക്തസർക്കുലർ - WINGS 2.0 (24 Ch. 306-388) ................. 16
പിതാവിന്റെ കത്ത് - ദുക്റാനതിരുനാൾ (24 GL. 152) ................. 21
ആരാധനാജീവിതം: അനുബന്ധമാർഗനിർദേശങ്ങൾ - 5 ..............22
സർക്കുലർ (കെ.സി.ബി.സി.) - യുവജനദിനം...........................24
കച്ചേരിക്കാര്യം............................................................................29
അനുസ്മരണം - ഫാ. ജേക്കബ് ഇടയാലിൽ..............................34
ജീവകാരുണ്യപ്രവർത്തനറിപ്പോർട്ട് 2023 - 2024 .......................... 36
സന്ദേശനിലയം.......................................................................... 38
ചെറുപുഷ്പ മിഷൻലീഗ്.......................................................... 41
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ .....................45
ഫാമിലി അപ്പോസ്തലേറ്റ്..........................................................47
യുവദീപ്തി - എസ്.എം.വൈ.എം. ............................................50
സീയോൻ ധ്യാനകേന്ദ്രം ............................................................ 53
ചാസ്സ്..........................................................................................54
ചാസ്സ് - ഖാദി ..............................................................................60
ജീവകാരുണ്യനിധി ട്രസ്റ്റ്.......................................................... 61
ആതുരശുശ്രൂഷാമേഖല..............................................................62
പ്രവാസി അപ്പോസ്തലേറ്റ് ........................................................ 66
കത്തോലിക്കാകോൺഗ്രസ്........................................................67
കെ.എൽ.എം. ............................................................................ 68
ആത്മതാകേന്ദ്രം ..........................................................................70
ഡി.സി.എം.എസ്. ....................................................................... 71
ഫ്രാൻസിസ്കൻ അല്മായസഭ.................................................72
വിൻസെൻഷ്യൻ വേദി.............................................................. 73
കരിസ്മാറ്റിക് നവീകരണം........................................................75
പൗരോഹിത്യ ആധ്യാത്മികത ...................................................76
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി.............................................. 82
അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ് .......................... 88

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശ്ശേരി അതിരൂപതാ
മുഖപത്രം

Archbishop House, P.B. No. 20, Changanacherry P.O., Kottayam 686101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com

ANNUAL SUBSCRIPTION: ₹ 300/-

# 111-ാം ചരമവാർഷികം

**(ജൂലൈ 11)**



## ബിഷപ് ചാൾസ് ലവീഞ്ഞ് SJ

**കോട്ടയം (ചങ്ങനാശ്ശേരി) വികാരിയാത്തിന്റെ
ആദ്യ വികാരി അപ്പസ്തോലിക്കാ**

Prot. No. 0642/2024

# ഇടയലേഖനം

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്**

**മാർ റാഫേൽ തട്ടിൽ**

**തന്റെ സഹശുശ്രൂഷകരായ**
**മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും**
**സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**
**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെയുണ്ടായിരിക്കട്ടെ.**

## ദുക്റാനതിരുനാൾ– സഭാദിനം 2024

ഈശോമ്ശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ നിറഞ്ഞുനിൽക്കുന്ന ദുക്റാനതിരുനാളിനോടനുബന്ധിച്ചു നിങ്ങളെല്ലാവരെയും ഈ ഇടയലേഖനത്തിലൂടെ അഭിസംബോധന ചെയ്യാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. വർഷങ്ങളായി നമ്മൾ ഈ ദിവസം സീറോമലബാർസഭാദിനമായി ആചരിച്ചുവരികയാണ്. ഉത്ഥിതനായ നമ്മുടെ കർത്താവിന്റെ തിരുവിലാവിലെ മുറിവിന്റെ ദർശനത്തിൽനിന്നു മാർ തോമാശ്ലീഹാ നടത്തിയ ''എന്റെ കർത്താവും എന്റെ ദൈവവും'' എന്ന വിശ്വാസപ്രഖ്യാപനം അപ്പസ്തോലന്റെ സുവിശേഷപ്രഘോഷണമായി മാറിയതിലൂടെ രൂപംകൊണ്ടതാണു നമ്മുടെ സഭ. ദുക്റാനതിരുനാൾ ദിവസം വിശ്വാസത്തിൽ നമ്മുടെ പിതാവായ തോമാശ്ലീഹായെ അനുസ്മരിക്കുക മാത്രമല്ല, അപ്പസ്തോലന്റെ ചുടുനിണത്തിൽ ഹൃദയംകൊണ്ടു തൊട്ട് ഈശോയിലുള്ള നമ്മുടെ വിശ്വാസം ഏറ്റുപറഞ്ഞ് അരക്കിട്ടുറപ്പിക്കുന്ന വൈകാരികമായ വിശ്വാസാനുഭവങ്ങളുടെ ദിവസംകൂടിയാണ്. തോമാശ്ലീഹായിലൂടെ സുവിശേഷത്തിന്റെ വെളിച്ചവും സന്തോഷവും ധൈര്യവും നമുക്കു നൽകിയ ദൈവപരിപാലനയ്ക്ക് ഈ തിരുനാൾദിവസം പ്രത്യേകം നന്ദിപറയാം.

സീറോമലബാർസഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ്പായി ഉത്തരവാദിത്വമേറ്റെടുത്തതിനുശേഷം എന്റെ മുൻഗാമികൾ ചെയ്തതുപോലെ സാർവത്രികസഭയുടെ തലവനായ പരിശുദ്ധ മാർപാപ്പായോട് ആദരവും വിധേയത്വവും പ്രകടിപ്പിക്കാൻ 2024 മെയ്മാസം ഞാൻ റോമിൽ പോയിരുന്നു. പെർമനെന്റ് സിനഡംഗങ്ങളോടും സഭയുടെ കൂരിയബിഷപ്പിനോടും റോമിലെ പ്രൊക്യുറേറ്ററിനോടുംകൂടെ മെയ് 13-ാം തീയതിയാണു ഫ്രാൻസിസ് മാർപാപ്പായെ സന്ദർശിച്ചത്. വലിയ സന്തോഷത്തോടും സ്നേഹത്തോടുംകൂടെ ഞങ്ങളെ സ്വീകരിച്ച പരിശുദ്ധ പിതാവു ഞങ്ങളെ കണ്ടപ്പോഴും തുടർന്നു റോമിലെ സീറോമലബാർസഭാംഗങ്ങളുടെ പ്രതിനിധികളെ അഭിസംബോധനചെയ്തു നടത്തിയ പ്രസംഗത്തിലും സീറോമലബാർസഭയെക്കുറിച്ചു പറഞ്ഞ നല്ലകാര്യങ്ങൾ നമുക്കുള്ള അംഗീകാരവും പ്രോത്സാഹനവുമായിരുന്നു. നമ്മുടെ സഭയോടുള്ള പരിശുദ്ധ പിതാവിന്റെ കരുതലിനും വാത്സല്യത്തിനും നന്ദിപറയുന്നതോടൊപ്പം പരിശുദ്ധ പിതാവിന്റെ ആരോഗ്യത്തിനുവേണ്ടിയും എല്ലാ നിയോഗങ്ങൾക്കുവേണ്ടിയും പ്രാർഥിക്കാനും എല്ലാവരോടും ആഹ്വാനംചെയ്യുന്നു.

പ്രിയപ്പെട്ടവരേ, പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ വത്തിക്കാൻ പാലസിലെ കൺസിസ്റ്ററി ഹാളിൽ മെയ് 13നു നടത്തിയ പ്രസംഗത്തിലെ ചിലകാര്യങ്ങൾ ദുക്റാനതിരുനാളിന്റെയും സഭാദിനാഘോഷങ്ങളുടെയും പശ്ചാത്തലത്തിൽ വിചിന്തനവിഷയമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഒന്നാമതായി, നമ്മുടെ സഭയുടെ അപ്പസ്തോലികപാരമ്പര്യത്തെക്കുറിച്ചു നാം അവബോധമുള്ളവരും അതിൽ അഭിമാനിക്കുന്നവരുമാകണം. മാർപാപ്പ ഇപ്രകാരം പറഞ്ഞു: ''ഭാരതത്തിന്റെ അപ്പസ്തോലനായ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വസാക്ഷ്യത്തിൽ വേരൂന്നിയിരിക്കുന്നതിനാൽ അതിപുരാതനമാണു നിങ്ങളുടെ വിശ്വാസത്തിന്റെ ഉത്ഭവം. നിങ്ങളെല്ലാവരും അദ്ദേഹത്തിന്റെ അപ്പസ്തോലികപ്രബോധനങ്ങളുടെ സൂക്ഷിപ്പുകാരും അവകാശികളുമാണ്''. നമ്മുടെ സഭയുടെ ദീർഘവും ദുഷ്കരവുമായ ചരിത്രത്തിൽ നേരിടേണ്ടിവന്ന എല്ലാ പ്രതികൂലസാഹചര്യങ്ങളിലും പത്രോസിന്റെ പിൻഗാമിയോടു നമ്മൾ എന്നും അചഞ്ചലമായ കൂറുപുലർത്തിയിട്ടുണ്ടെന്നു ഫ്രാൻസിസ് മാർപാപ്പ പറഞ്ഞതു കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ എന്നും നിലനിന്ന നമ്മുടെ ത്യാഗപൂർണമായ വിശ്വസ്തതയ്ക്കുള്ള അംഗീകാരമായി കണക്കാക്കാം.

നമ്മുടെ പൂർവപിതാക്കന്മാർ കടന്നുപോയ എല്ലാ സഹനങ്ങളിലും സഭാസംവിധാനങ്ങളോടു ചേർന്നുനിന്ന് അനുസരിച്ചതുകൊണ്ടാണു പൗരസ്ത്യസഭകളുടെയിടയിൽ സീറോമലബാർസഭ ഇന്ന് എണ്ണത്തിലും വിശ്വാസതീക്ഷ്ണതയിലും പ്രേഷിതപ്രവർത്തനത്തിലും പ്രശംസിക്കപ്പെടുന്നവിധത്തിൽ വളർച്ചപ്രാപിച്ചത്. അനൈക്യവും അനുസരണക്കേടും വിതച്ച വലിയവിപത്തുകളെ നേരിട്ടവരും അതിന്റെ തിക്തഫലങ്ങൾ കണ്ടു

കൊണ്ടിരിക്കുന്നവരുമാണു നമ്മൾ. സഭാധികാരികളോടുള്ള അനുസരണം കത്തോലിക്കർ ജീവിക്കേണ്ട ഒരു പുണ്യമാണ്. അതോടൊപ്പം, നൈയാമികമായി പറഞ്ഞാൽ ഒരു സഭയെന്നവിധത്തിൽ അനുസരിക്കാൻ നമ്മൾ കടപ്പെട്ടവരുമാണ്. കഴിഞ്ഞ രണ്ടായിരത്തിലധികം വർഷങ്ങളിലൂടെ പ്രതിസന്ധികൾക്കിടയിലും ഇടമുറിയാത്ത അപ്പസ്തോലികപാരമ്പര്യത്തിൽ നമ്മെ നയിച്ച ദൈവത്തിനു നന്ദിപറയാം. ഈ അപ്പസ്തോലികപാരമ്പര്യം ഒരു വലിയ നിധിപോലെ സൂക്ഷിക്കുകയും തലമുറകൾക്കു കൈമാറുകയും ചെയ്യേണ്ടതാണെന്ന ഉത്തരവാദിത്വം നമുക്കു മറക്കാതിരിക്കാം.

രണ്ടാമതായി, നമ്മുടെ സഭയുടെ ആഗോളസാന്നിധ്യവും പ്രേഷിത പ്രവർത്തനങ്ങളുമാണു നമ്മൾ ചിന്തിക്കുന്നത്. പരിശുദ്ധ പിതാവ് ഇങ്ങനെ പറഞ്ഞു: ''നിങ്ങളുടെ പ്രിയസഭയുടെ വിശ്വാസികൾ ഇന്ത്യയിൽ മാത്രമല്ല, ലോകത്താകമാനം വിശ്വാസത്തിന്റെയും ഭക്തിയുടെയും തീക്ഷ്ണതയാൽ അറിയപ്പെടുന്നവരാണ്''. ഇരുപതാംനൂറ്റാണ്ടുവരെ പ്രധാനമായും കേരളത്തിൽ ഒതുങ്ങിയ നമ്മുടെ സഭ ഇന്ന് ആഗോളസാന്നിധ്യമുള്ള ഒരു സഭയായി വളർന്നു എന്നത് അഭിമാനകരംതന്നെ. കഴിഞ്ഞ കാലങ്ങളിൽ വിവിധ ദേശങ്ങളിലേക്കു കടന്നുചെന്ന സഭാമക്കൾ നമ്മുടെ കർത്താവിലുള്ള വിശ്വാസം അഭംഗുരം കാത്തുസൂക്ഷിക്കാനും അവരായിരിക്കുന്ന ദേശങ്ങളിൽ തീക്ഷ്ണതയോടെ ജീവിക്കാനും കലർപ്പില്ലാതെ തലമുറകൾക്കു കൈമാറാനും കാണിക്കുന്ന പ്രതിബദ്ധത പ്രശംസനീയമാണ്. ആഗോളകുടിയേറ്റത്തിന്റെ ഇന്നത്തെ കാലഘട്ടത്തിൽ ഈ പ്രേഷിത വേല തുടരാൻ പ്രവാസികൾ തുടർന്നും പ്രതിബദ്ധരാകണം.

ഭാരതം മുഴുവനിലും ലോകത്തിന്റെ പല ഭൂഖണ്ഡങ്ങളിലും സീറോ മലബാർസഭയ്ക്ക് ആവശ്യമായ സഭാസംവിധാനങ്ങൾ രൂപപ്പെടുത്താൻ ചരിത്രപരമായ തീരുമാനങ്ങളെടുത്ത ഫ്രാൻസിസ് മാർപാപ്പ ഗൾഫ്രാജ്യങ്ങളിൽ നമ്മുടെ സഭയ്ക്ക് അജപാലനശുശ്രൂഷചെയ്യുന്നതിനുള്ള അനുവാദം വാക്കാൽ നൽകിയത് ഇത്തരുണത്തിൽ നന്ദിയോടെ അനുസ്മരിക്കുന്നു. ഗൾഫ്രാജ്യങ്ങളിലെ അഞ്ചുലക്ഷത്തിലധികംവരുന്ന വിശ്വാസികൾക്ക് ആവശ്യമായ സഭാസംവിധാനങ്ങൾ കാലതാമസം കൂടാതെ രൂപപ്പെടുമെന്നു നമുക്കു പ്രത്യാശിക്കാം.

ആഗോളകുടിയേറ്റത്തിന്റെ പശ്ചാത്തലത്തിൽ പഠനത്തിനും ജോലിക്കും മെച്ചമായ ജീവിതസൗകര്യങ്ങൾക്കുംവേണ്ടി നമ്മുടെ മക്കളും കുടുംബങ്ങളും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു കടന്നുചെല്ലുമ്പോൾ നമ്മുടെ സഭയുടെ തനതായ പൈതൃകം കാത്തുസൂക്ഷിക്കാൻ ആഗോളസഭയുടെ തലവൻ ആഹ്വാനം ചെയ്യുന്നത് ഇപ്രകാരമാണ്: ''മഹത്തായ ആരാധനാപരവും ആത്മീയവും സാംസ്കാരികവുമായ നിങ്ങളുടെ പൈതൃകം എന്നും ഏറെ തിളക്കത്തോടെ പ്രകാശിതമാകുന്നതിനുവേണ്ടി, നിങ്ങൾ എവിടെയായാലും നിങ്ങളുടെ സ്വയംഭരണാവകാശമുള്ള സഭയോടു ചേർന്നു

നിൽക്കാൻ സീറോമലബാർ കത്തോലിക്കാസഭാംഗങ്ങളായ നിങ്ങളെ ഞാൻ പ്രോത്സാഹിപ്പിക്കുന്നു''. ഈ ആഹ്വാനം സ്വീകരിച്ചുകൊണ്ടു നമ്മുടെ സഭയുടെ ആരാധനക്രമവും വിശ്വാസപാരമ്പര്യങ്ങളും മുറുകെപ്പിടിക്കാനും അഭിമാനത്തോടെ അതു ജീവിക്കാനും എല്ലാവരും പരിശ്രമിക്കണമെന്നും സഭാമക്കളെ സഭാസംവിധാനത്തോടു ചേർത്തുനിർത്താൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു. ഇത്തരം സാഹചര്യങ്ങളിൽ സീറോമലബാർസഭാമക്കളെന്നനിലയിലുള്ള സ്വത്വബോധത്തിൽ ആഴപ്പെട്ടുവളരാൻ ചില സങ്കുചിതചിന്തകൾ വെടിയേണ്ടിവരും. സഭ വളരുന്നതു പ്രാദേശികമായിട്ടാണെന്നതു യാഥാർഥ്യമാണ്. എന്നാൽ, ആഗോളതലത്തിൽ ഒരു കരുത്തുറ്റസഭയായി സീറോമലബാർസഭ ഇനിയും വളരാൻ വിശാലമായി ചിന്തിക്കുകയും നിലപാടുകളെടുക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്.

മൂന്നാമതായി, നമ്മുടെ കുടുംബങ്ങളുടെ കെട്ടുറപ്പിനെയും വിശ്വാസപരിശീലനത്തിലെ പ്രതിബദ്ധതയെയുംകുറിച്ച് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ സഭയുടെ ഏറ്റവും വലിയ സമ്പത്തു നമ്മുടെ കുടുംബങ്ങളാണ്. ആത്മീയതയിലും അദ്ധ്വാനത്തിലും അടിസ്ഥാനമിട്ട നമ്മുടെ കുടുംബങ്ങൾ കൂടിച്ചേരുന്നതാണു സഭയാകുന്ന വലിയകുടുംബം. കുടുംബങ്ങളിലാരംഭിക്കുന്ന വിശ്വാസപരിശീലനം ഇടവകകളിലെ മതബോധനക്ലാസ്സുകളിലൂടെയും കുടുംബക്കൂട്ടായ്മകളിലൂടെയും സംഘടനാപ്രവർത്തനങ്ങളിലൂടെയും ശക്തിപ്പെടേണ്ടതുണ്ട്. കാലത്തിന്റെയും സംസ്കാരത്തിന്റെയും പ്രലോഭനങ്ങളിൽ വീണുപോകാത്തവിധത്തിൽ വിശ്വാസമാകുന്ന പാറമേൽ അടിസ്ഥാനമിടാൻ പുതിയതലമുറയിലെ കുടുംബങ്ങളെ ശക്തിപ്പെടുത്തണം. ഈശോ നാഥനും ഏകരക്ഷകനുമാണെന്നു ജീവിതത്തിലൂടെ പ്രഘോഷിക്കാൻ വ്യക്തികൾക്കും കുടുംബങ്ങൾക്കും അതുവഴി സഭ മുഴുവനും ഏതുസാഹചര്യത്തിലും സാധിക്കേണ്ടതാണ്.

ദൈവം നമ്മുടെ സഭയിൽ ധാരാളം വൈദിക-സമർപ്പിത ദൈവവിളികൾ നൽകി അനുഗ്രഹിച്ചിട്ടുണ്ട്. നമ്മുടെ വൈദികരും സമർപ്പിതരും ലോകമെമ്പാടും ഫലപ്രദമായ ശുശ്രൂഷ ചെയ്യുന്നുമുണ്ട്. സുവിശേഷപ്രഘോഷണദൗത്യം പ്രത്യേകമായവിധത്തിൽ സ്വീകരിച്ചു വിവിധ മേഖലകളിൽ ശുശ്രൂഷ ചെയ്യുന്ന അല്മായസഹോദരങ്ങളെയും ഈയവസരത്തിൽ പ്രത്യേകം ഓർക്കുന്നു. ഈ ദൈവവിളികളെയെല്ലാം പ്രോത്സാഹിപ്പിക്കാനും കഴിയുന്നവിധത്തിലെല്ലാം സഹായിക്കാനും അവർക്കുവേണ്ടി പ്രാർഥിക്കാനും നമുക്കു പ്രത്യേകമായി പരിശ്രമിക്കാം. അതുപോലെ യുവജനങ്ങളെ പ്രത്യേകം ശ്രവിക്കാനും അവരുടെ കൂടെനടക്കാനും ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കാനും ആവശ്യമായ മാർഗനിർദേശങ്ങൾ നൽകാനും അജപാലകർ പ്രത്യേകം ശ്രദ്ധയുള്ളവരായിരിക്കണം. യുവജനങ്ങളുടെ വിശ്വാസജീവിതത്തിന്റെ ആഴപ്പെടലും സാക്ഷ്യത്തിന്റെ ശക്തിയുമാണു സഭയുടെ ഭാവിയെന്നതു യുവജനങ്ങളും സഭാശുശ്രൂഷകരും ഒരുപോലെ ഓർമിക്കേണ്ടതാണ്.

ഈശോയിൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ടവരേ, ദൈവത്തിന്റെ സ്നേഹമാർന്ന പരിപാലന എന്നും നമ്മോടൊപ്പമുണ്ട്. പരിശുദ്ധപിതാവിന്റെ വാക്കുകൾ ഞാൻ ആവർത്തിക്കട്ടെ: ''ബുദ്ധിമുട്ടുകളുടെയും പ്രതിസന്ധികളുടെയും സമയങ്ങളിൽ നിരുത്സാഹമോ നിസഹായതാബോധമോ നിങ്ങളെ കീഴ്പ്പെടുത്താൻ അനുവദിക്കരുതെന്ന് എല്ലാവരോടും പറയാൻ ഞാൻ ആഗ്രഹിക്കുന്നു''. അതിനാൽ, കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ അഭിമാനത്തോടെ വ്യാപരിച്ചുകൊണ്ട്, അപ്പസ്തോലികപ്രബോധനങ്ങളുടെ സൂക്ഷിപ്പുകാരും അവകാശികളുമായ നമുക്കു നമ്മുടെ സഭയുടെ മഹത്തായ പൈതൃകം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏറെ തിളക്കത്തോടെ പ്രകാശിപ്പിക്കുന്നതിനുവേണ്ടി പ്രത്യേകം പരിശ്രമിക്കാം. നമ്മുടെ കുടുംബങ്ങളെ ശക്തിപ്പെടുത്തിയും വിശ്വാസപരിശീലനസംരംഭങ്ങൾ ഹൃദയത്തിൽ ഏറ്റെടുത്തും ദൈവവിളികൾ പ്രോത്സാഹിപ്പിച്ചും യുവജനങ്ങളെ ചേർത്തുപിടിച്ചും ഈ കാലഘട്ടത്തിന്റെ ദുർഘടമായ വഴികളിലൂടെ സ്വർഗോന്മുഖരായി നമുക്കു യാത്രതുടരാം.

ദുക്റാനതിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പമുണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2024-ാം ആണ്ട് ജൂൺമാസം 22-ാം തീയതി നൽകപ്പെട്ടത്.



**മാർ റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

**NB:** ***2024 ജൂൺ 30 ഞായറാഴ്ച*** *സീറോമലബാർസഭയിലെ എല്ലാ ഇടവകപ്പള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും പരിശുദ്ധ കുർബാനമധ്യേ വായിക്കാൻ നൽകപ്പെട്ട ഇടയലേഖനം.*

24 PL. 41-389

# ഇടയലേഖനം

കർത്താവിന്റെ ദാസനും ദൈവനിശ്ചയത്താൽ
ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ
**ജോസഫ് പെരുന്തോട്ടം**
തന്റെ അതിരൂപതയിലെ വൈദികർക്കും
സമർപ്പിതസമൂഹങ്ങൾക്കും
ദൈവജനം മുഴുവനുമായി എഴുതുന്നത്

## ദാമ്പത്യബന്ധം വിശുദ്ധവും അലംഘനീയവും; കുടുംബജീവിതം ശ്രേഷ്ഠമായ ദൈവവിളി

അജപാലകരായ പ്രിയപ്പെട്ട വൈദികരേ, കുടുംബപ്രേക്ഷിതരേ, കുടുംബജീവിതക്കാരേ

വിവാഹത്തെയും കുടുംബജീവിതത്തെയും കേന്ദ്രീകരിച്ച് ഈ ഇടയലേഖനം എഴുതുന്നത് അവയുടെ പ്രാധാന്യത്തെക്കുറിച്ചും ഈ കാലഘട്ടത്തിൽ അവ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചുമുള്ള ബോധ്യംകൊണ്ടാണ്. ദാമ്പത്യബന്ധം വിശുദ്ധമാണെന്നും അത് അലംഘനീയമാണെന്നും കുടുംബജീവിതം ശ്രേഷ്ഠമായ ഒരു ദൈവവിളിയാണെന്നുമുള്ള സത്യങ്ങൾ നാം അറിയുന്നതു ദൈവികവെളിപാടിൽനിന്നാണ്. ദൈവനിവേശിതമായി എഴുതപ്പെട്ട വേദപുസ്തകത്തിൽ അവ എഴുതപ്പെട്ടിരിക്കുന്നതിനാൽ ദൈവം വെളിപ്പെടുത്തിയ സത്യങ്ങളാണ് അവയെന്നു നമ്മൾ വിശ്വസിക്കുന്നു. അതിനാൽ അവ വിശ്വസ്തതയോടെ പാലിക്കാൻ നമുക്കു കടമയുണ്ട്.

ദാമ്പത്യബന്ധത്തെക്കുറിച്ചും കുടുംബജീവിതത്തെക്കുറിച്ചുമുള്ള പരാമർശം ബൈബിളിന്റെ ആരംഭഭാഗത്തുതന്നെ കാണാം.

> 'പുരുഷനും സ്ത്രീയുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു; അവരോട് അരുളിച്ചെയ്തു; നിങ്ങൾ വർദ്ധിച്ചു പെരുകുവിൻ, ഭൂമിയിൽനിറഞ്ഞ് അതിനെ കീഴടക്കുവിൻ' *(ഉല്പ. 1:27–28)*.

ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട സ്ത്രീപുരുഷബന്ധത്തിൽ സന്താനങ്ങൾക്കു ജന്മംനൽകി ജീവിക്കുകയെന്നതാണു കുടുംബജീവിതത്തെക്കുറിച്ചു

ബൈബിൾ നൽകുന്ന പ്രഥമചിത്രം. ഈ ബന്ധം ഭാര്യാഭർത്താക്കന്മാർ തമ്മിലും അവരുടെ മക്കൾ തമ്മിലുമുള്ള അഗാധവും വിശുദ്ധവുമായ സ്നേഹത്തിലും ഐക്യത്തിലും ഉറപ്പിക്കപ്പെട്ടതായിരിക്കണമെന്നതും ദൈവഹിതമാണ്.

ആദ്യദമ്പതിമാരായ ആദവും ഹവ്വായും തമ്മിലുള്ള ദാമ്പത്യജീവിതം ആരംഭിക്കുന്നത് ഇപ്രകാരമുള്ള സ്നേഹത്തിലും ഐക്യത്തിലുമായിരുന്നുയെന്നു ബൈബിൾ വ്യക്തമാക്കുന്നു. ദൈവം ആദത്തിനു ഭാര്യയായി നൽകിയ സ്ത്രീയെക്കുറിച്ച് ആദം പറയുന്നു:

> '...എന്റെ അസ്ഥിയിൽനിന്നുള്ള അസ്ഥിയും എന്റെ മാംസത്തിൽനിന്നുള്ള മാംസവും!' *(ഉല്പ. 2:23)*. തുടർന്നു ബൈബിൾ പറയുന്നു:
>
> 'ഇക്കാരണത്താൽ പുരുഷൻ തന്റെ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടുചേരും അവർ ഇരുവരും ഒരു ശരീരമായിത്തീരും' *(ഉല്പ. 2:24)*.

കുടുംബജീവിതത്തെക്കുറിച്ചും ദാമ്പത്യബന്ധത്തെക്കുറിച്ചും മനുഷ്യസൃഷ്ടിയുടെ ആരംഭത്തിൽതന്നെ വെളിപ്പെടുത്തപ്പെട്ട ഈ ദൈവികപദ്ധതി, പുതിയനിയമത്തിൽ ദൈവപുത്രനായ ഈശോമ്ശിഹാതന്നെ അനുസ്മരിപ്പിച്ച് ഉറപ്പിക്കുന്നതു കാണാം. വിവാഹമോചനത്തെക്കുറിച്ചുള്ള ചർച്ചയിൽ ഫ്രീശരുടെ ചോദ്യത്തിന് ഉത്തരമായി ഈശോ പറഞ്ഞു:

> 'ആദിയിൽ ദൈവം അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു. അതിനാൽ പുരുഷൻ തന്റെ അപ്പനെയും അമ്മയെയും വിട്ടു തന്റെ ഭാര്യയോടു ചേർന്നിരിക്കും. അവർ ഇരുവരും ഒരു ശരീരമായിത്തീരും. അവർ ഒരു ശരീരമല്ലാതെ രണ്ടല്ല. അതുകൊണ്ടു ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ' *(മർക്കോ. 10:6-9)*.

ദൈവം യോജിപ്പിച്ച വിവാഹബന്ധത്തിന്റെ അലംഘനീയതയിലും അവിഭാജ്യതയിലും ചില ഒഴിവുകൾ മൂശെയുടെ നിയമത്തിൽ അനുവദിക്കാനിടയായത് ആളുകളുടെ ഹൃദയകാഠിന്യംമൂലമാണെന്നു പറഞ്ഞുകൊണ്ട്, ദൈവം നൽകിയ ആദ്യനിയമം പാലിക്കാനാണ് ഈശോ ആഹ്വാനം ചെയ്തത്. അതായത്, 'ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ' എന്നുപറഞ്ഞ്, ദൈവത്തിന്റെ നിയമം ലംഘിക്കാൻ മനുഷ്യന് അധികാരമില്ലായെന്നു വ്യക്തമാക്കിയിരിക്കുകയാണ് ഈശോ.

ഇപ്രകാരമുള്ള ഭാര്യാഭർതൃബന്ധത്തെ ഒരു വലിയരഹസ്യമെന്നാണു പൗലോസ്ശ്ലീഹാ വിളിക്കുന്നത് *(എഫേ. 5:31-32)*. കേവലം മാനുഷികതലത്തിനപ്പുറം ഒരു ദൈവികമാനം പൗലോസ്ശ്ലീഹാ അലംഘനീയമായ വിവാഹബന്ധത്തിൽ കാണുന്നു. 'മ്ശിഹായുടെ സ്നേഹത്തിൽ പരസ്പരം വിധേയരായിരിക്കുവിൻ' *(എഫേ. 5:21)* എന്നാണു പൗലോസ്ശ്ലീഹായുടെ

ആഹ്വാനം. ശിരസ്സായ മ്ശിഹാ തന്റെ ശരീരമെന്നപോലെ സഭയെ സ്നേഹിക്കയും അവളുടെ രക്ഷകനായിരിക്കയും ചെയ്യുന്നു *(എഫേ. 5:23)*. സമാനമായ ഒരു ബന്ധമായിരിക്കണം ഭാര്യാഭർത്താക്കന്മാർ തമ്മിലുണ്ടായിരിക്കേണ്ടത്. ഭർത്താവു ഭാര്യയുടെ ശിരസ്സാണെങ്കിൽ, സ്വന്തം ശരീരമെന്നപോലെ ഭാര്യയെ സ്നേഹിക്കയും സംരക്ഷിക്കയും വേണം. ദൈവസ്നേഹത്തിൽ നിറഞ്ഞെങ്കിൽ മാത്രമേ ഭാര്യാഭർത്താക്കന്മാർക്ക് ഇപ്രകാരം പരസ്പരം സ്നേഹിക്കാൻ കഴിയൂ. ഈ ദൈവസ്നേഹമാണു വിവാഹബന്ധത്തെ പരിശുദ്ധമാക്കുന്നത്. അതാണ് അതിലെ ദൈവികമാനം. വിവാഹത്തെ ഒരു വലിയരഹസ്യമെന്നു പൗലോസ്ശ്ലീഹാ വിളിക്കുന്നതും അതുകൊണ്ടാണ്. ദമ്പതികളെ കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള ദൈവത്തിന്റെ അദൃശ്യപ്രവർത്തനം നടക്കുന്നതിനാലും ദൈവസ്നേഹത്തിൽ അധിഷ്ഠിതമായിരിക്കുന്നതിനാലും വിവാഹം ഒരു കൂദാശയാണ്. ഇങ്ങനെയൊരു ജീവിതാന്തസ്സിലേക്കുള്ള ദൈവത്തിന്റെ വിളിയാണു വിവാഹം. വിശ്വസ്തതയോടെ ഈ വിളിക്കു പ്രത്യുത്തരം നൽകി സ്വയംസമർപ്പിക്കുന്ന ദമ്പതികളിലേക്കും കുടുംബം മുഴുവനിലേക്കും ദൈവത്തിന്റെ കൃപ നിരന്തരം വർഷിക്കപ്പെടുന്നു. കുടുംബജീവിതം വിശുദ്ധിയിൽ മുന്നേറാനിടയാകുന്നു. അങ്ങനെയുള്ള കുടുംബങ്ങളാണു ശരിയായ അർഥത്തിൽ ഗാർഹികസഭകളാകുന്നത്; അതായത്, തിരുസ്സഭയുടെ ചെറിയ പതിപ്പുകളാകുന്നത്.

എത്രയോ ശ്രേഷ്ഠവും ദൈവികചൈതന്യം നിറഞ്ഞതുമായ ഒരു ജീവിതാന്തസ്സാണു കുടുംബജീവിതമെന്നല്ലേ ഇതു വ്യക്തമാക്കുന്നത്! അതിന്റെ ലക്ഷ്യവും സ്വഭാവവും അഭംഗുരം സംരക്ഷിക്കുകയെന്നതു കുടുംബജീവിതക്കാരുടെ ഗൗരവമേറിയ ചുമതലയാണ്. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിൽ പറയുന്നു:

> സ്ത്രീയും പുരുഷനും തമ്മിൽ ജീവിതകാലം മുഴുവനും നീണ്ടുനിൽക്കുന്ന സഖ്യമുളവാക്കുന്ന വിവാഹഉടമ്പടി അതിന്റെ സ്വഭാവത്താൽതന്നെ ദമ്പതികളുടെ നന്മയ്ക്കും സന്താനോല്പാദനത്തിനും അവരുടെ വിദ്യാഭ്യാസത്തിനുംവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. മാമോദീസാ സ്വീകരിച്ച (രണ്ട്) വ്യക്തികൾ തമ്മിലുള്ള ഈ ഉടമ്പടിയെ കർത്താവായ മ്ശിഹാ കൂദാശയുടെ പദവിയിലേക്ക് ഉയർത്തിയിരിക്കുന്നു (CCC 1601).

വിവാഹബന്ധത്തെക്കുറിച്ചു നന്നായി മനസ്സിലാക്കി, ബോധ്യപ്പെട്ട്, ദമ്പതികൾ പരസ്പരം സമ്മതംനൽകി സമർപ്പിക്കുകയും ഈ സമർപ്പണത്തെ കർത്താവ് ആശീർവദിച്ചംഗീകരിക്കയും ചെയ്യുമ്പോഴാണ് ഒരു കൂദാശയെന്ന നിലയിൽ വിവാഹം യാഥാർഥ്യമാകുന്നത്. സഭയുടെ ഔദ്യോഗികമായ അംഗീകാരത്തോടെ ദൈവാരാധനയിലെ തിരുക്കർമാനുഷ്ഠാനത്തിലാണ് ഇതു സംഭവിക്കുന്നത്. ദമ്പതികൾ പൂർണമായ അറിവോടും സ്വാതന്ത്ര്യത്തോടും കൂടിയായിരിക്കണം ഈ സമ്മതം നൽകുന്നത്.

ഈശോമ്ശിഹായും സഭയും തമ്മിലുള്ള ബന്ധം എപ്രകാരം സ്നേഹത്തിൽ അധിഷ്ഠിതമായിരിക്കുന്നുവോ അപ്രകാരമുള്ള സ്നേഹസമർപ്പണമാണു ദാമ്പത്യബന്ധത്തിൽ ഭാര്യാഭർത്താക്കന്മാർ തമ്മിൽ ഉണ്ടാകേണ്ടതെന്നു പൗലോസ്ശ്ലീഹാ ഉപദേശിക്കുന്നു.

> മ്ശിഹായുടെ സ്നേഹത്തിൽ നിങ്ങൾ അന്യോന്യം വിധേയരായിരിക്കുക. ഭാര്യമാരേ, കർത്താവിന് എന്നപോലെ നിങ്ങളുടെ ഭർത്താക്കന്മാർക്കു വിധേയരായിരിക്കുവിൻ... മ്ശിഹാ തന്നെയും സഭയുടെ തലയും ശരീരത്തിന്റെ രക്ഷകനുമായിരിക്കുന്നതുപോലെതന്നെ ഭർത്താവു ഭാര്യയുടെ തലയാകുന്നു.... ഭർത്താക്കന്മാർ തങ്ങളുടെ ശരീരങ്ങളെപ്പോലെതന്നെ ഭാര്യമാരെയും സ്നേഹിക്കേണ്ടതാകുന്നു. തന്റെ ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്തന്നെയാണു സ്നേഹിക്കുന്നത് *(എഫേ. 5:21, 22, 23, 28)*.

ദൈവത്തോടും പരസ്പരവുമുള്ള സ്നേഹബന്ധത്തിൽ അധിഷ്ഠിതമായ ദാമ്പത്യജീവിതത്തിൽ വിള്ളലുണ്ടാക്കാനും കുടുംബങ്ങളെ തകർക്കാനും പറുദീസായിലെന്നപോലെ സാത്താന്റെ ശക്തി നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതിനു വിധേയപ്പെട്ടു തകരുന്ന വിവാഹബന്ധങ്ങളും കുടുംബങ്ങളും നിരവധിയാണ്. വിവാഹബന്ധങ്ങൾ വേർപെടുത്താനുള്ള അപേക്ഷകളുടെ എണ്ണം കൂടിവരികയാണ്. 10 വർഷത്തിനുള്ളിൽ 60 ശതമാനത്തിലധികം വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. അതായത്, നൂറിൽനിന്നു നൂറ്റിയറുപതിലേക്ക് ഉയർന്നിരിക്കുന്നു ഒരു വർഷത്തെ 'വിവാഹമോചന' ക്കേസുകളുടെ എണ്ണം. വിവാഹബന്ധങ്ങൾ പരാജയപ്പെടുന്നതിന്റെ കാരണങ്ങൾ പലതാണ്. അവയിൽ പ്രധാനപ്പെട്ടവ താഴെച്ചേർക്കുന്നു:

**ഒന്ന്:** വേണ്ടത്ര അന്വേഷണം നടത്താതെയും പരസ്പരം ശരിയായി അറിയാതെയും അഭിരുചികൾ മനസ്സിലാക്കാതെയും ചില സമ്മർദങ്ങൾക്കു വിധേയപ്പെട്ടുമൊക്കെ വിവാഹിതരാകേണ്ടിവരുന്നതു വിവാഹബന്ധം വേർപെടുത്താൻ ഇടയാക്കുന്ന ഒരു മുഖ്യകാരണമാണ്.

**രണ്ട്:** വിശുദ്ധവും അവിഭാജ്യവുമായ വിവാഹജീവിതത്തിനു ചേർന്നവിധം മാനസികമായും ആത്മീയമായും ഒരുങ്ങാതെയും ഒരുക്കാതെയും ധൃതിപിടിച്ചു വിവാഹബന്ധത്തിലേർപ്പെടുന്നതു മറ്റൊരു പ്രധാന പരാജയകാരണമാണ്.

**മൂന്ന്:** വിവാഹജീവിതത്തിൽ ദൈവം നൽകുന്ന ഏറ്റവും വിലപ്പെട്ട സമ്മാനം ജീവിതപങ്കാളിയാണെന്നകാര്യം വിസ്മരിച്ചു പണം, സ്വത്ത്, വിദേശത്തു പോകാനുള്ള സാധ്യത തുടങ്ങിയവ ലക്ഷ്യംവെച്ചുള്ള വിവാഹബന്ധങ്ങളും ശിഥിലമാകാൻ ഇടയാകുന്നുണ്ട്.

**നാല്:** സത്യം മറച്ചുവെച്ച്, ചതിച്ചും വഞ്ചിച്ചും നടത്തുന്ന വിവാഹബന്ധങ്ങളും തകരാനിടയാകുന്നു.

**അഞ്ച്:** ദുഷിച്ച കൂട്ടുകെട്ടിൽപെട്ട്, മദ്യത്തിനും ലഹരിക്കും അടിമപ്പെട്ടു ധൂർത്തജീവിതം നയിക്കുകയും ജീവിതപങ്കാളിയോടും മക്കളോടും കുടുംബ ത്തോടുമുള്ള ഉത്തരവാദിത്വം നിറവേറ്റാതിരിക്കുന്നതും വിവാഹജീവിതം തകർക്കുന്നു.

**ആറ്:** വ്യവസ്ഥകളോടുകൂടി വിവാഹസമ്മതം നൽകുന്നതും വിവേചനാ ശക്തിയുടെ കുറവും വിവാഹജീവിതത്തിനു തടസ്സം സൃഷ്ടിക്കുന്നു.

തൊഴിൽസാഹചര്യങ്ങൾമൂലം ദമ്പതികൾ അകന്നുകഴിയേണ്ടിവരുന്നത്, ഇന്നത്തെ ജീവിതശൈലിയും ഭക്ഷണക്രമവും മൂലമുണ്ടാകുന്ന രോഗാ വസ്ഥ, തന്മൂലം ശാരീരികബന്ധത്തിനു കഴിയാത്ത അവസ്ഥ, സംശയരോഗ ത്തിൽനിന്നുണ്ടാകുന്ന പ്രശ്നങ്ങൾ, മാതാപിതാക്കളുടെ അനാവശ്യമായ ഇടപെടലുകളും അമിതമായ സ്വാധീനവും മക്കൾ പ്രായപൂർത്തിയായി വിവാഹിതരായാലും മാതാപിതാക്കൾ ഉത്തരവാദിത്വങ്ങൾ ഏല്പിച്ചുകൊടു ക്കാത്തത്, കുടുംബജീവിതത്തിൽ പരാജയപ്പെട്ട മാതാപിതാക്കളുടെ മക്കൾക്കു ശരിയായ ശിക്ഷണം ലഭിക്കാതിരിക്കുന്നത്, കുടുംബജീവിതത്തിന്റെ ഉത്തര വാദിത്വങ്ങൾ ഏറ്റെടുക്കാൻ തയ്യാറാകാത്തതും മക്കൾപോലും ഒരു ഭാരമാ ണെന്നു ചിന്തിച്ച്, തികച്ചും സ്വതന്ത്രമായി ജീവിച്ചു സുഖം ആസ്വദിക്കാ മെന്നുള്ള വ്യാമോഹം തുടങ്ങിയവയെല്ലാം കുടുംബജീവിതം നേരിടുന്ന വെല്ലുവിളികളാണ്.

സർവോപരി, ആത്മീയവും കൗദാശികവുമായ ജീവിതത്തിൽ ശ്രദ്ധിക്കാ തെയും ധാർമികനിയമങ്ങൾ പാലിക്കാതെയും ജീവിതത്തിന്റെ താളംതെറ്റു ന്നവർക്കു സമാധാനപരവും സന്തോഷകരവുമായ ഒരു കുടുംബജീവിതം അസാധ്യമായിരിക്കും. യഥാസമയങ്ങളിൽ നൽകുന്ന അജപാലനപരമായ ശ്രദ്ധയും വിദഗ്ധമായ കൗൺസെലിങ് സഹായവുമുണ്ടെങ്കിൽ പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. അജപാലകരും കുടുംബപ്രേഷിത വകുപ്പും ഇക്കാര്യത്തിൽ പ്രത്യേകതാത്പര്യമെടുക്കണമെന്നഭ്യർഥിക്കുന്നു.

നമ്മുടെ കർത്താവീശോമ്ശിഹായുടെ കൃപ നാമെല്ലാവരോടുംകൂടെയു ണ്ടായിരിക്കട്ടെ.

സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

ശ്ലീഹാക്കാലം ആറാം വെള്ളി
(മാർ ഇരണേവൂസ്)
28.06.2024

**NB:** ***2024 ജൂലൈ 28 ഞായറാഴ്ച*** *പരിശുദ്ധ കുർബാനമധ്യേ ഈ ഇടയലേഖനം വായിക്കേണ്ടതാണ്.*

## സംയുക്തസർക്കുലർ

**24 Ch. 306-388**

# സംരംഭകത്വലോകത്തേക്കു പറന്നുയരാൻ WINGS 2.0

ഈശോമ്ശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരരേ

ആധുനികകാലഘട്ടത്തിൽ സഭ നേരിടുന്ന വെല്ലുവിളികൾ അനവധി യാണ്. അവയോടു ക്രിയാത്മകമായി പ്രതികരിക്കുകയെന്നതു സഭയുടെ വിളിയും ദൗത്യവുമാണ്. സീറോമലബാർസഭയുൾപ്പെടെ കേരളസമൂഹം ഇന്നു നേരിടുന്ന വലിയ പ്രതിസന്ധികളിൽ ഒന്നാണു യുവതലമുറയ്ക്കു സ്വന്തം നാട്ടിൽതന്നെ തൊഴിൽചെയ്തു മാന്യമായി ജീവിക്കാൻ സാധിക്കു മെന്ന പ്രത്യാശ നഷ്ടപ്പെടുന്നു എന്നത്. ഈ വെല്ലുവിളിയെ നേരിടാൻ ഉതകും വിധം നമ്മുടെ സമൂഹത്തിന്, പ്രത്യേകിച്ചു നമ്മുടെ യുവജനങ്ങൾക്കു പ്രത്യാശ നൽകേണ്ടത് ഇന്നിന്റെ അനിവാര്യതയാണ്. അതിന്റെ ഭാഗമായി നാട്ടിലെ സംരംഭസാധ്യതകളെ അവർക്കു പരിചയപ്പെടുത്തുകയെന്നതും തൊഴിലന്വേഷകർ എന്നതിലുപരി തൊഴിൽദാതാക്കളായി നാടിന്റെ വികസന ത്തിൽ അവരെ പങ്കാളികളാക്കാനുള്ള അവസരങ്ങൾ ഒരുക്കുകയെന്നതും സഭയാകുന്ന അമ്മയുടെ കടമയായി കാണുന്നു.

ഇക്കാര്യത്തിൽ സഭയോടുചേർന്നു ക്രിയാത്മകവും നേതൃത്വപരവുമായി സഹകരിക്കുന്ന പ്രസ്ഥാനമാണു നല്ലതണ്ണി മാർ തോമാശ്ലീഹാ ദയറാ കേന്ദ്രീകരിച്ച് അഭി. മാർ ജേക്കബ് മുരിക്കൻപിതാവിന്റെ ആത്മീയനേതൃ ത്വത്തിൽ രൂപീകൃതമായ **നസ്രാണിമാർഗം** ട്രസ്റ്റ്. വിവിധ മേഖലകളിൽ പരിചയസമ്പന്നരായ പ്രൊഫഷണലുകളുടെ ഒരു കൂട്ടായ്മയാണിത്. ഈ ലക്ഷ്യസാക്ഷാത്കാരത്തിനായി ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപത കളോടു സഹകരിച്ചു കഴിഞ്ഞവർഷം നസ്രാണിമാർഗം ട്രസ്റ്റ് കാഞ്ഞിര പ്പള്ളി അമൽ ജ്യോതി എൻജിനീയറിങ് കോളേജിൽ നടത്തിയ NEST- 23ന്റെ തുടർച്ചയും വളർച്ചയുമായി ഈ വർഷം ചങ്ങനാശ്ശേരിയിൽ WINGS 2.0 എന്ന നാഷണൽ കോൺഫറൻസ് ഒരുക്കിയിരിക്കുകയാണ്.

2024 ഓഗസ്റ്റ് 2, 3, 4 (വെള്ളി, ശനി, ഞായർ) തീയതികളിൽ ചങ്ങനാശ്ശേരി അതിരൂപതയുടെ സെന്റ് ബർക്ക്മൻസ് കോളേജ്, അസംപ്ഷൻ കോളേജ് എന്നിവിടങ്ങളിലാണ് WINGS 2.0 നടത്തപ്പെടുന്നത്. NEST- 23ലൂടെ നമ്മുടെ സമുദായത്തിനു സംരംഭകത്വത്തിന്റെ സാധ്യതകളെ പരിചയപ്പെടുത്താനും അതിനുവേണ്ട പ്രാഥമികപരിശീലനം നൽകാനും സാധിച്ചു. ഇതിന്റെ തുടർച്ചയായ WINGS 2.0യിൽ അഞ്ചുസംരംഭകത്വമേഖലകൾ കേന്ദ്രീകരിച്ചു പ്രായോഗികപരിശീലനവും ഈ മേഖലകളിൽ പുതിയസംരംഭങ്ങൾ അഥവാ കമ്പനികൾ തുടങ്ങാനാവശ്യമായ സാദ്ധ്യതകളും ഒരുക്കുകയാണ്.

***താഴെപ്പറയുന്നവയാണ് ഈ അഞ്ചുമേഖലകൾ***

1. ആരോഗ്യസഹായസാങ്കേതികവിദ്യയും ആരോഗ്യപരിപാലനവും (Medical Well-being and Assistive Technology)
2. കാർഷികോപകരണങ്ങളും യന്ത്രങ്ങളും (Agricultural Tools and Machinery)
3. ഫാഷൻ ഡിസൈനും ടെക്നോളജിയും
4. ഭക്ഷ്യ ഉല്പന്നങ്ങളും അവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളും (Food and Value Added Products)
5. മാലിന്യനിർമാർജനവും ഊർജപുനരുപയോഗവും (Waste Management and Renewable Energy)

മേൽപ്പറഞ്ഞ അഞ്ചുവിഷയങ്ങളിലായി ത്രിദിനസംരംഭകത്വപരിശീലനവും പ്രവർത്തനക്ഷമമായ ബിസിനസ്സ് മോഡലുകളുടെ അവതരണവും (Hackathon), ബിസിനസ്സ് ആശയങ്ങളുടെ അവതരണവും (Business Idea Piching) വനിതകൾക്കുവേണ്ടിയുള്ള ഏകദിനസംരംഭകത്വപരിശീലനവും നടത്തപ്പെടുന്നതാണ്. നമ്മുടെ സമുദായത്തിലെ യുവജനങ്ങൾക്കും വിദേശങ്ങളിൽനിന്നു മടങ്ങിയെത്തിയവർക്കും സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്. നിലവിലുള്ള സംരംഭങ്ങളെ കൂടുതൽ ശക്തിപ്പെടുത്താനും ഫൊറോനകൾ, ഇടവകകൾ എന്നിവയുടെ പിന്തുണയോടെ പുതിയസംരംഭങ്ങൾ ആരംഭിക്കാനും യുവജനങ്ങൾക്കും മറ്റുള്ളവർക്കും WINGS 2.0 പ്രചോദനമേകും.

ഇതോടുചേർന്നു യുവജനങ്ങൾക്കും സൺഡേസ്കൂൾ വിദ്യാർഥികൾക്കുമായി, വിവിധ മേഖലകളിൽ സഭ ലോകത്തിനു നൽകിയിട്ടുള്ള വിലയേറിയ സംഭാവനകൾ പൊതുസമൂഹത്തെ ബോദ്ധ്യപ്പെടുത്താനുതകുന്ന വീഡിയോമത്സരങ്ങളും നടത്തപ്പെടുന്നുണ്ട്.

സഭാസമൂഹത്തിന്റെ ഉന്നമനത്തിനായി ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകൾ സംയുക്തമായി ഏറ്റെടുത്തിരിക്കുന്ന ഈ വലിയപ്രേഷിത ദൗത്യത്തിന്റെ വിജയത്തിനായി എല്ലാവരുടെയും പ്രത്യേകിച്ചു സമർപ്പിത സമൂഹങ്ങളുടെയും പ്രാർഥനാസഹായം അഭ്യർഥിക്കുകയാണ്. ജൂലൈമാസത്തിൽ നടത്തപ്പെടുന്ന പാരിഷ് കൗൺസിലുകളിലും കുടുംബക്കൂട്ടായ്മ

കളിലും സംഘടനാസമ്മേളനങ്ങളിലും ഇക്കാര്യം ചർച്ച ചെയ്യണമെന്നും WINGS 2.0യിൽ പരമാവധി ആളുകളെ പങ്കെടുപ്പിക്കാൻ ബഹു. വികാരി യച്ചന്മാരും സംഘടനാഭാരവാഹികളും രൂപത, ഫൊറോന, ഇടവകഡയറ ക്ടർമാരും മുൻകൈയെടുക്കണമെന്നും അഭ്യർഥിക്കുന്നു. ഇതിന്റെ വിശ ദാംശങ്ങൾ ഉൾക്കൊള്ളുന്ന ബ്രോഷറുകൾ ഇടവകകളുടെ സമൂഹമാധ്യമ ഗ്രൂപ്പുകളിലൂടെ ലഭ്യമാക്കുന്നതാണ്.

WINGS 2.0യുടെ തുടർച്ചയായുള്ള പ്രവർത്തനങ്ങളുടെ ഏകോപനവും പങ്കെടുത്തവർക്കാവശ്യമായ തുടർസഹായസഹകരണങ്ങൾ ഒരുക്കുന്ന തിനുമായി നമ്മുടെ സമുദായത്തിൽനിന്നു സമൂഹത്തിന്റെ എല്ലാ മേഖല കളിലും വ്യക്തിമുദ്ര പതിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളെയും പ്രസ്ഥാനങ്ങ ളെയും വ്യക്തികളെയും കോർത്തിണക്കിക്കൊണ്ടു നസ്രാണിമാർഗം ട്രസ്റ്റിന്റെ നേതൃത്വത്തിൽ *ഹെക്മസ്* (An Eastern Centre of Excellence) എന്നപേരിൽ ഒരു സെന്റർ ആരംഭിച്ചിരിക്കുന്ന സന്തോഷവാർത്തകൂടി അറിയിക്കുകയാണ്. കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എൻജിനീയറിങ് കോളേജിലാണ് ഇതിന്റെ ആദ്യത്തെ സാറ്റ്ലേറ്റ് ഓഫീസ് പ്രവർത്തനമാരംഭിച്ചിരിക്കുന്നത്. സമുദായ ത്തിന്റെ വളർച്ചയുടെ പാതയിൽ ഈ സെന്റർ വലിയൊരു നാഴികക്കല്ലായി ത്തീരുമെന്നു പ്രത്യാശിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാ മെത്രാൻ

**ബിഷപ് ജോസ് പുളിക്കൽ**
കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ

രജിസ്ട്രേഷനും വിശദവിവരങ്ങൾക്കും www.nazranimargam.org എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ **7034437003** എന്നനമ്പറിൽ വിളിക്കുകയോ ചെയ്യുക

ശ്ലീഹാക്കാലം ആറാം തിങ്കൾ
യോഹന്നാൻ മാംദാനയുടെ ജനനത്തിരുനാൾ
24.06.2024

---

**NB:** ***2024 ജൂലൈ 7 ഞായറാഴ്ച*** ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളിലെ പള്ളികളിലും സന്യാസഭവനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

## പ്രത്യേകം ശ്രദ്ധിക്കുക

### *ജൂലൈമാസം ഇടവകകളിൽ പ്രായോഗികമായി ചെയ്യേണ്ട കാര്യങ്ങൾ*

(ജൂലൈമാസത്തിലെ പാരിഷ് കൗൺസിൽ, കുടുംബക്കൂട്ടായ്മകൾ, ഇടവകയിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ സമിതികൾ എന്നിവിടങ്ങളിൽ 'WINGS 2.0 സംരംഭകത്വപദ്ധതിയുടെ' അടിയന്തരപ്രാധാന്യവും താഴെ നിർദേശിച്ചിരിക്കുന്ന കാര്യങ്ങളും ചർച്ചചെയ്തു പ്രായോഗികമാക്കുക.)

1. ബ്രോഷറിൽ നൽകിയിരിക്കുന്ന അഞ്ചുമേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കാനോ വിപുലപ്പെടുത്താനോ ആഗ്രഹിക്കുന്നവർ, യുവതീയുവാക്കൾ, വിദേശത്തുനിന്നു മടങ്ങിയെത്തിയവർ എന്നിവരെ കണ്ടെത്തി മൂന്നുദിവസത്തെ പരിശീലനക്യാമ്പിൽ പങ്കെടുപ്പിക്കാനായി നേതൃത്വമെടുക്കുക. ഓരോ ഇടവകയും മിനിമം 3 പേരെയെങ്കിലും പങ്കെടുപ്പിക്കുക. ജൂലൈ 20 ശനിയാഴ്ചയ്ക്കുമുമ്പായി പേരുകൾ രജിസ്റ്റർ ചെയ്യുക. സാമ്പത്തികസഹായം ആവശ്യമുള്ളവർക്കു നൽകുക.
2. വനിതകൾക്കുവേണ്ടി ഓഗസ്റ്റ് 4 ഞായറാഴ്ച ക്രമീകരിച്ചിരിക്കുന്ന ഏകദിനസംരംഭകത്വസെമിനാറിൽ ജൂലൈ 20നു മുമ്പു പേര് രജിസ്റ്റർ ചെയ്തു പരമാവധി വനിതകളെ പങ്കെടുപ്പിക്കുക. ഒരു ഇടവകയിൽ നിന്നു മിനിമം 10 പേരെ പങ്കെടുപ്പിക്കുക.
3. സർക്കുലറിൽ സൂചിപ്പിച്ചിരിക്കുന്ന അഞ്ചുമേഖലകളിൽ സംരംഭങ്ങൾ തുടങ്ങാൻ കഴിവും താത്പര്യവുമുള്ളവരെ ജൂലൈമാസാരംഭത്തിൽ തന്നെ ഇടവകകളിൽ ഒന്നിച്ചുകൂട്ടി ചർച്ചചെയ്തു വ്യക്തിപരമായോ ടീമായോ ഹാക്കത്തോൺ, ബിസിനസ് ഐഡിയ അവതരണം എന്നീ മത്സരങ്ങളിൽ പങ്കെടുപ്പിക്കാൻവേണ്ട നേതൃത്വമെടുക്കുക. ജൂലൈ 20നു മുമ്പു പേര് രജിസ്റ്റർ ചെയ്യുക.

(മത്സരത്തിൽ പങ്കെടുത്ത് ആശയങ്ങൾ/പ്രോഡക്റ്റ് അവതരിപ്പിക്കുന്നവർക്ക് അവരുടെ ആശയങ്ങളെ കമ്പനിയായി വളർത്താൻ വിവിധ കോളേജുകളുടെ ഇൻക്യുബേഷൻ സെന്ററുകൾ സൗജന്യമായി ഒരുവർഷത്തോളം നീണ്ടുനിൽക്കുന്ന എല്ലാ പിന്തുണകളും നൽകുന്നതാണ്. സാമ്പത്തിക സഹായങ്ങൾ കണ്ടെത്തുന്നതിന് WINGS 2.0യുടെ തുടർച്ചയായി സാങ്കേതിക സഹായം ഒരുക്കുന്നതാണ്.

4. സൺഡേസ്കൂൾ, യുവജനങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ വീഡിയോ മത്സരത്തിൽ ഒരു ടീമിനെ പങ്കെടുപ്പിക്കാൻ മുൻകൂട്ടി പേരുകൾ രജിസ്റ്റർ ചെയ്തു പ്രവർത്തനങ്ങളാരംഭിക്കുക.

5. എല്ലാ ഇടവകകളിലും ജൂലൈമാസം ബിസിനസ്സ് കൂട്ടായ്മയായ CAB (Catholic Association of Businessmen) അടിയന്തരമായി ആരംഭിക്കുകയും അവർ മാസത്തിലൊന്ന് ഒന്നിച്ചുകൂടി പ്രാർഥന–പ്രോത്സാഹനം–ആലോചനകൾ എന്നിവവഴി നിലവിലുള്ള സംരംഭങ്ങളെ പിന്തുണക്കുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുക.

6. 'പള്ളിയോടുചേർന്നു തൊഴിൽശാലസംരംഭം'– നാട്ടിൽ മികച്ച തൊഴിൽ സാധ്യതയും കുടുംബങ്ങൾക്ക് അധികവരുമാനവും ഉറപ്പാക്കാൻ കഴിയുന്ന സംരംഭങ്ങൾ ആരംഭിക്കാൻ വ്യക്തികളെയും കുടുംബങ്ങളെയും പ്രോത്സാഹിപ്പിക്കുക. ഇടവകാംഗങ്ങൾക്കു തൊഴിലും അധികവരുമാനവും നൽകാൻ കഴിയുന്ന സംരംഭങ്ങൾ ഇടവകയുടെ നേതൃത്വത്തിൽ പൊതുവായി ആരംഭിക്കാനുള്ള സാധ്യതകൾ ചർച്ച ചെയ്യുക; നടപ്പിലാക്കുക.

7. കർഷകരെയും സംരംഭകരെയും പ്രോത്സാഹിപ്പിക്കാനായി ഇടവകയോടുചേർന്ന് 'നാട്ടുവിപണികൾ' ആരംഭിക്കുക.

8. സംഘടനകളുടെ രൂപത, ഫൊറോനാസമിതികൾ ജൂലൈ ആരംഭത്തിൽ തന്നെ മുകളിൽ നിർദേശിച്ച കർമപദ്ധതികൾ നടപ്പിലാക്കാനാവശ്യമായ നേതൃത്വം ഇടവകകളിൽ നൽകേണ്ടതാണ്.

24 GL. 152

## പിതാവിന്റെ കത്ത്

# ദുക്റാനതിരുനാൾ

പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ

ജൂലൈ മൂന്നിന് ആഘോഷിക്കുന്ന ദുക്റാനതിരുനാൾ മാർതോമാ നസ്രാണികളായ നമുക്കു വളരെ പ്രധാനപ്പെട്ട പുണ്യദിനമാണ്. സമുചിതമായി ദുക്റാന കൊണ്ടാടാൻ എല്ലാവരും ശ്രദ്ധിക്കണം. പള്ളികളിൽ ആഘോഷമായ പരിശുദ്ധ കുർബാനയർപ്പണം ഉണ്ടാകുമല്ലോ. തിരുനാളിനൊരുക്കമായി ജൂലൈ 1, 2 (തിങ്കൾ, ചൊവ്വ) തീയതികളിൽ തോമാശ്ലീഹായുടെ മാധ്യസ്ഥ്യപ്രാർഥന ചൊല്ലുന്നത് ഉചിതമാണ്. പള്ളികളിലും മഠങ്ങളിലും ആശ്രമങ്ങളിലും കുടുംബങ്ങളിലും അതിരൂപതയിൽനിന്നു തയ്യാറാക്കിയിരിക്കുന്ന മാധ്യസ്ഥ്യപ്രാർഥന ചൊല്ലാൻ ശ്രദ്ധിക്കണം.

തോമാശ്ലീഹായുടെ ഒരു ഐക്കണും മാർസ്ലീവായും പ്രതിഷ്ഠിച്ച് അലങ്കരിക്കുവാനും ശ്രദ്ധിക്കുമല്ലോ. പള്ളികളിൽ ആഘോഷമായ പരിശുദ്ധ കുർബാനയ്ക്കുശേഷമോ ഉചിതമായ മറ്റൊരു സമയത്തോ തോമാശ്ലീഹായുടെ ഐക്കണും മാർസ്ലീവായും സംവഹിച്ചുകൊണ്ടു പള്ളിക്കു ചുറ്റുമായി ഒരു പ്രദക്ഷിണം നടത്തുന്നത് ഉചിതമാണ്.

നമ്മുടെ ഭവനങ്ങളിൽ കുട്ടികൾക്കും മറ്റും ദുക്റാനതിരുനാളിന്റെ പ്രാധാന്യം മനസ്സിലാക്കത്തക്കവിധം തിരുനാൾ ആചരിക്കണം. ഭവനങ്ങളിലും തോമാശ്ലീഹായുടെ ഐക്കണും മാർസ്ലീവായും അലങ്കരിച്ചു പ്രതിഷ്ഠിക്കാൻ ശ്രദ്ധിക്കണം. ബഹു. വികാരിയച്ചന്മാർ വേണ്ട മാർഗനിർദേങ്ങൾ നൽകണം.

എല്ലാവർക്കും ദുക്റാനതിരുനാളിന്റെ ആശംസകൾ

സ്നേഹപൂർവം,



**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

# ആരാധനാജീവിതം: അനുബന്ധമാർഗനിർദേശങ്ങൾ– 5

അജപാലനശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

**ആരാധനക്രമപരമായ ചില കാര്യങ്ങൾ വീണ്ടും ശ്രദ്ധയിൽപ്പെടുത്തുന്നു**

**1. ഫോട്ടോഗ്രഫി**

പള്ളികളിലെ തിരുക്കർമാനുഷ്ഠാനങ്ങൾക്കും വിശ്വാസികൾ അവയിൽ ഭക്തിയോടും ശ്രദ്ധയോടുംകൂടി പങ്കെടുക്കുന്നതിനും തടസ്സമുണ്ടാകാത്ത വിധം ഫോട്ടോഗ്രഫിയുടെ ഉപയോഗം കർശനമായി നിയന്ത്രിക്കേണ്ടതാണ്. വിവാഹാശീർവാദകർമത്തിൽ ഫോട്ടോഗ്രാഫേഴ്സിന്റെ സാന്നിധ്യവും ഇട പെടലുകളും അനിയന്ത്രിതമാകുന്നതായിക്കാണുന്നു. ഫോട്ടോഗ്രഫിയാണു തിരുക്കർമത്തിലെ പ്രധാനകാര്യമെന്നും ഫോട്ടോഗ്രാഫറാണു കാർമികനെ ന്നുമുള്ള പ്രതീതിയാണുണ്ടാകുന്നത്. ഇതുസംബന്ധിച്ചു പലപ്രാവശ്യം നിർദേ ശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും പലരും ശ്രദ്ധിക്കുന്നതായിക്കാണുന്നില്ല. കർമങ്ങൾക്കുമുമ്പുതന്നെ വികാരിയച്ചന്റെ ഉത്തരവാദിത്വത്തിൽ ഫോട്ടോ ഗ്രാഫേഴ്സിനു വ്യക്തമായ മാർഗനിർദേശങ്ങൾ നൽകേണ്ടതാണ്.

**2. വധൂവരന്മാർ**

വിവാഹാശീർവാദകർമത്തിൽ വധൂവരന്മാർ ബലിവസ്തുക്കളെപ്പോലെ യാണ്. ദൈവം അവരെ കൂട്ടിയോജിപ്പിക്കയും അവർ പരിശുദ്ധമായ സ്നേഹ ത്തിൽ പരസ്പരം സമർപ്പിക്കയും സ്വീകരിക്കയും ചെയ്യുന്നു. അതുവഴി അവർ ദൈവത്തിനു സ്വയംസമർപ്പിക്കുന്ന ബലിവസ്തുക്കളാകുകയാണ്. തിരുക്കർമങ്ങളിൽ സജീവമായി പങ്കുചേർന്നു ഭക്ത്യാദരവുകളോടെ നില കൊള്ളണം. പരിശുദ്ധ കുർബാനയിൽ സംബന്ധിക്കുമ്പോൾ കുർബാന പ്പുസ്തകം അവരുടെ കൈയിൽ ഉണ്ടായിരിക്കട്ടെ. വധുവിന്റെ കൈയിൽ പൂച്ചെണ്ടല്ല തിരുക്കർമാനുഷ്ഠാനസമയത്ത് ഉണ്ടായിരിക്കേണ്ടത്.

**3. വസ്ത്രധാരണം**

പള്ളികളിലും മറ്റുവിശുദ്ധസ്ഥലങ്ങളിലും ആയിരിക്കുമ്പോൾ അതിനു ചേരുന്ന വെടിപ്പുള്ളതും മാന്യവുമായ വസ്ത്രം ധരിക്കാൻ ശ്രദ്ധിക്കണം. പരസ്യങ്ങളുള്ള വസ്ത്രങ്ങൾ പള്ളിയ്ക്കു ചേർന്നതല്ല. വിശുദ്ധസ്ഥലത്തോ ടുള്ള ആദരവിന്റെ അടയാളംകൂടിയാണു ധരിക്കുന്ന വസ്ത്രം. ചെറുപ്പത്തിൽ തന്നെ ഇക്കാര്യത്തിൽ അറിവും ശിക്ഷണവും കുട്ടികൾക്കു നൽകണം. വൈദികർ ശരിയായ മാർഗനിർദേശങ്ങൾ നൽകണം.

**4. പരിശുദ്ധ കുർബാനയിലെ പ്രാർഥനകൾ**

പരിശുദ്ധ കുർബാനയും മറ്റുതിരുക്കർമങ്ങളും അനുഷ്ഠിക്കുമ്പോൾ നാടകീയതയല്ല, ഭക്തിയും ആദരവുമാണു വേണ്ടത്. ഓരോ പ്രാർഥനയും ചൊല്ലുന്നത് അതിനുചിതമായ സ്വരത്തിലായിരിക്കണം. അതിനുള്ള നിർദേശങ്ങൾ കുർബാനപ്പുസ്തകത്തിലുണ്ട്. 'സ്ഥാപനവിവരണം' ഉരുവിടുമ്പോൾ ചിലർ വളരെ നാടകീയമായി, മുമ്പും പിമ്പുമുള്ള പ്രാർഥനകൾ ചൊല്ലുന്നതിൽനിന്നു വളരെ വ്യത്യസ്തമായ ഈണത്തിൽ ചൊല്ലുന്നരീതി ഉപേക്ഷിക്കണം. അതു സ്ഥാപനവിവരണത്തിന്റെ സ്വഭാവത്തിനും അർഥത്തിനും ചേരുന്നതല്ല.

**5. ചാന്റ്**

പ്രാർഥനകൾ ചാന്റു ചെയ്യാൻ പരിശീലിക്കുകയും വിശ്വാസികളെ പരിശീലിപ്പിക്കയും ചെയ്യണമെന്നു വർഷങ്ങളായി നിർദേശിക്കുന്നതാണ്. ബഹു. വൈദികരും സിസ്റ്റേഴ്സും ഗായകസംഘവും ഇക്കാര്യത്തിൽ താത്പര്യമെടുക്കണം. പ്രാർഥനകൾ ചിട്ടയിലും ഭക്തിനിർഭരമായും ഏകാഗ്രതയോടും കൂടി ചൊല്ലാൻ ചാന്റ്രീതി സഹായകരമാണ്.

*(തുടരും...)*

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

No. 4031/K-5/KCBC/OL/DS 25.06.2024

# യുവജനദിനം

**(2024 ജൂലൈ 7 ഞായർ)**

**കെ.സി.ബി.സി. യുവജനകമ്മിഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

മ്ശിഹായിൽ പ്രിയ സഹോദരങ്ങളേ,

നമ്മുടെ കർത്താവായ ഈശോമ്ശിഹായിൽനിന്നു നിങ്ങൾക്കു കൃപയും സമാധാനവും!

കേരളസഭ 2024 യുവജനവർഷമായി ആചരിക്കുമ്പോൾ എല്ലാവർക്കും ഈ വർഷത്തെ യുവജനദിനത്തിന്റെ പ്രാർഥനാശംസകൾ ഏറ്റവും സ്നേഹത്തോടെ നേരുന്നു. **കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവയുവത്വം** എന്ന ആപ്തവാക്യത്തെ അടിസ്ഥാനപ്പെടുത്തി ജനുവരി ഏഴിനു തുടക്കംകുറിച്ച യുവജനവർഷത്തിൽ കേരളത്തിലെ 32 രൂപതകളും സജീവമായി പങ്കുചേരുന്നതിൽ ഏവരെയും ആത്മാർഥമായി അഭിനന്ദിക്കുന്നു.

കേരളസഭയിലെ യുവജനപ്രസ്ഥാനങ്ങളായ *കെ.സി.വൈ.എം., ജീസസ് യൂത്ത്, സി.എൽ.സി., ഐക്കഫ്, ബോസ്കോ യൂത്ത്, യൂക്കരിസ്തിയ, ഇദെന്തെ* തുടങ്ങിയവയുടെ നേതാക്കൾക്കും പ്രവർത്തകർക്കും അവരെ സഹഗമിക്കുന്ന ഡയറക്ടർമാർക്കും ആനിമേറ്റർമാർക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. പിതാവായ ദൈവത്തിന്റെ കരുണയും പുത്രനായ ഈശോമ്ശിഹായുടെ തീക്ഷ്ണതയും പരിശുദ്ധാത്മാവിന്റെ അഭിഷേകവും നിറഞ്ഞുനിൽക്കുന്ന പ്രവർത്തനങ്ങൾ സഭയിൽ നിരന്തരം ചെയ്തുകൊണ്ടിരിക്കുന്ന യുവജനസഭയ്ക്കു പുത്തനുണർവു പ്രദാനംചെയ്യാൻ യുവജനവർഷപ്രഖ്യാപനത്തിനു സാധിച്ചു എന്നതിൽ കേരളമെത്രാൻസമിതിക്കു ചാരിതാർഥ്യമുണ്ട്.

## മ്ശിഹായുമായുള്ള സൗഹൃദം

'നമ്മുടെ രക്ഷകനായ മ്ശിഹാ' എന്ന യുവാവായ ദൈവവുമായുള്ള സൗഹൃദമാണു യുവജനാത്മീയതയെന്നു കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് മാർപാപ്പ *ക്രിസ്തു ജീവിക്കുന്നു* എന്ന അപ്പസ്തോലികാഹ്വാനത്തിൽ പറയുന്നു. സഭയ്ക്കുള്ളിലെ നമ്മുടെ യുവാക്കളുടെ ഇടപഴകലും ആത്മീയപോഷണവും ദൈവ-മനുഷ്യസൗഹൃദം നിറഞ്ഞതാകണം. നമ്മുടെ യുവജനങ്ങൾ കേവലം സഭയുടെ ഭാവി മാത്രമല്ല;

അവർ അതിന്റെ വർത്തമാനകാലത്തിന്റെ ഒരു സുപ്രധാനഭാഗമാണ്. അതിനാൽ, അവരുടെ ആവശ്യങ്ങൾ, അഭിലാഷങ്ങൾ, അതുല്യമായ ആത്മീയ യാത്രകൾ എന്നിവയുമായി പ്രതിധ്വനിക്കുന്നതും പരിപാലിക്കുന്നതും ഇത്തരുണത്തിൽ അനിവാര്യമാണ്. ധനികനായ യുവാവ് ഈശോയെ സമീപിച്ചു നിത്യരക്ഷയ്ക്കുള്ള മാർഗമന്വേഷിച്ചപ്പോൾ അവനുമായുള്ള സൗഹൃദം സ്ഥാപിക്കാൻ ഈശോ ശ്രമിക്കുന്നുണ്ട് *(മത്താ. 19.16)*. എന്നാൽ, അവനാകട്ടെ മ്ശിഹായെന്ന സ്വത്തിനേക്കാൾ മറ്റുപലതിനുംവേണ്ടി ഏറ്റവും അമൂല്യമായ സൗഹൃദംതന്നെ വേണ്ടെന്നുവെച്ചു, അവസാനം വിഷാദവാനായി തിരികെപ്പോയി *(മത്താ. 19.22)*. ഇതു യുവജനതയ്ക്ക് ഒരുപാഠമാണ്. ഈശോമ്ശിഹായെന്ന ഏറ്റവും മൂല്യമേറിയ സുഹൃത്തിനെ കണ്ടെത്താൻ യൗവനത്തിലേ സാധിച്ചാൽ ജീവിതം ആനന്ദപ്രദമാകും. അതിനു സഭയിൽ നടക്കുന്ന രക്ഷാകരമായ ആത്മീയകൂദാശകളിലുള്ള സജീവപങ്കാളിത്തവും കാരുണ്യപ്രവർത്തികളും സാമൂഹിക-സാംസ്കാരിക ഇടപെടലുകളും വിപ്ലവകരമായ മാറ്റങ്ങൾക്കായുള്ള തീക്ഷ്ണതനിറഞ്ഞ നിലപാടുകളും യുവജനങ്ങൾക്ക് ഉൾപ്രേരകങ്ങളാകണമെന്നു സഭ ആഗ്രഹിക്കുന്നു. അത് ഈ യുവജനവർഷത്തിൽ കൂടുതൽ തെളിവായിവരട്ടെയെന്ന് ആത്മാർഥമായി പ്രാർഥിക്കുന്നു.

### യുവജനസൗഹൃദസഭ

ഈ യുവജനവർഷത്തിൽ നാം ആത്മവിമർശനത്തോടെ ചോദിക്കേണ്ടതു നമ്മുടെ സഭ, പള്ളികൾ, സഭാസ്ഥാപനങ്ങൾ ഇവയൊക്കെ യുവജനസൗഹൃദപരമാണോ എന്നാണ്. സഭയെയും സഭാസംവിധാനങ്ങളെയും യുവജനസൗഹൃദപരമാക്കാൻ സാധിച്ചാൽ ഈ യുവജനവർഷാചരണം സഭാനവീകരണത്തിനു പുതിയമാനം നൽകുമെന്നതിൽ ഒരുസംശയവുമില്ല. നമ്മുടെ പള്ളികൾ യുവാക്കളെ സ്വാഗതം ചെയ്യുകയും പിന്തുണക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഒരു യുവജനസൗഹൃദസഭാ പ്രോട്ടോകോൾ (Youth Friendly Church Protocol -YFCP) ഉണ്ടാകുന്നത് അഭികാമ്യമാണെന്നുതോന്നുന്നു. അതിനായുള്ള ചില പ്രായോഗികമാർഗനിർദേശങ്ങൾ താഴെച്ചേർക്കുന്നു:

### സഭയുടെ ആരാധനാജീവിതത്തിൽ യുവജനപങ്കാളിത്തം

യുവാക്കളുടെ വിശാലമായ ശ്രേണിയെ ആകർഷിക്കാൻ പരമ്പരാഗത ആരാധനക്രമങ്ങൾക്കൊപ്പം സമകാലീന ആരാധനാരീതികൾ ഉൾപ്പെടുത്തുക. വായനകൾ, സംഗീതം, മറ്റ് ആരാധനാപരമായ റോളുകൾ എന്നിവയിലൂടെ സേവനങ്ങളിൽ യുവജനപങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.

### യുവജനനേതൃത്വവും പങ്കാളിത്തവും

സഭാതീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയകളിൽ യുവജനങ്ങൾക്കു ശബ്ദം നൽകുന്നതിനു യുവജനകൗൺസിലുകളോ ഉപദേശകസമിതികളോ

സ്ഥാപിക്കുക. സഭയിലും സമൂഹത്തിലും വിവിധ റോളുകൾക്കായി യുവാക്കളെ സജ്ജരാക്കുന്നതിനു നേതൃത്വപരിശീലനപരിപാടികൾ വാഗ്ദാനം ചെയ്യുക. പള്ളികളിലെ പാസ്റ്ററൽ കൗൺസിൽ, പ്ലാനിങ് കമ്മിറ്റി, ഫിനാൻസ് കമ്മിറ്റി തുടങ്ങിയവയിൽ യുവജനപ്രാതിനിധ്യം ഉറപ്പാക്കുക.

**യുവജനവിശ്വാസപരിശീലനം**

യുവജനങ്ങളുടെ വിശ്വാസപരിശീലനം ആകർഷകവും നിർബന്ധവുമാക്കുക. മൾട്ടിമീഡിയയും ഇന്ററാക്റ്റീവ് സമീപനങ്ങളും ഉപയോഗിച്ചു പ്രസക്തവും ആകർഷകവുമായ കാറ്റക്കെറ്റിക്കൽ പ്രോഗ്രാമുകൾ വികസിപ്പിക്കുക. വിശ്വാസത്തിന്റെ ആഴത്തിലുള്ള പര്യവേക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനു ചെറിയ ഗ്രൂപ്പുചർച്ചകളും സമപ്രായക്കാരുടെ നേതൃത്വത്തിൽ ബൈബിൾ, YOUCAT, DOCAT പഠനശിബിരങ്ങൾ സംഘടിപ്പിക്കുക.

**സുരക്ഷിതവും സ്വാഗതാർഹവുമായ അന്തരീക്ഷം**

യുവാക്കളുടെ ക്ഷേമം സംരക്ഷിക്കുന്നതിനു സമഗ്രമായ സുരക്ഷാനയങ്ങൾ നടപ്പിലാക്കുക. സാമൂഹികവത്കരണത്തിനും അനൗപചാരികമായ ഒത്തുചേരലുകൾക്കുമുള്ള മേഖലകൾ ഉൾപ്പെടെ, യുവജനസൗഹൃദമായ, സ്വാഗതാർഹമായ ഭൗതികയിടങ്ങൾ (സംഘടനാകാര്യാലയങ്ങൾ) സൃഷ്ടിക്കുക. രൂപതകളിലും പള്ളികളിലും യുവജനങ്ങൾക്കു കൂടിവരാനായി യൂത്ത് സെന്ററുകളുണ്ടാവുക.

**സമുദായസേവനവും സാമൂഹികനീതിയും**

ഗവൺമെന്റുകളുടെയും സഭയുടെയും സാമൂഹികസേവനപദ്ധതികളിലും സാമൂഹികനീതിസംരംഭങ്ങളിലും പങ്കെടുക്കാൻ യുവാക്കളെ പ്രോത്സാഹിപ്പിക്കുക. ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെയും ഉപവിപ്രവൃത്തികളിലൂടെയും സുവിശേഷം ജീവിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തുകാണിക്കുക.

**മുതിർന്നവരുടെ മെന്റർഷിപ്പും വൈദികരുടെ അജപാലനസഹഗമനവും ഉറപ്പാക്കൽ**

മാർഗനിർദേശത്തിനും പിന്തുണക്കുമായി യുവാക്കളെ സഭയിലെ മുതിർന്ന അംഗങ്ങളുമായി സംവദിക്കുന്ന മെന്റർഷിപ്പ് പ്രോഗ്രാമുകൾ നടത്തുക. യുവാക്കളുടെ കാലികമായ വെല്ലുവിളികൾക്കും ആശങ്കകൾക്കും അനുസൃതമായി അവർക്കു തുറന്നമനസ്സോടെയുള്ള അജപാലനപരിചരണം നൽകുക. യുവജന അജപാലനശുശ്രൂഷ നിർബന്ധമാക്കുകയും അതിനായി സെമിനാരികളിൽ കാര്യക്ഷമമായ പരിശീലനപരിപാടികൾ നടത്തുകയും ചെയ്യുക.

**സാങ്കേതികവിദ്യയുടെയും സോഷ്യൽ മീഡിയയുടെയും ഉപയോഗം**

മീഡിയ അസ്സിസ്റ്റഡ് മിനിസ്ട്രി (എം.എ.എം.) യുവാക്കൾ ഏറ്റവും സജീവമായ ഇടങ്ങളിൽ അവരുമായി ഇടപഴകുന്നതിനു സോഷ്യൽ മീഡിയയും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും കൃത്യമായി ഉപയോഗിക്കുക. വ്യക്തി

ഗതപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഓൺലൈൻ ഉറവിടങ്ങളും വെർച്വൽ കമ്മ്യൂണിറ്റികളും വാഗ്ദാനംചെയ്യുക.

**യുവജനസൗഹൃദകുടുംബങ്ങൾ**

വീടിനുള്ളിൽ, യുവജനങ്ങളുടെ വിശ്വാസവികാസത്തെ പിന്തുണക്കുന്നതിനു മാതാപിതാക്കൾ, രക്ഷിതാക്കൾ എന്നിവരുമായി പങ്കാളിത്തം വളർത്തുക. സഭയും കുടുംബജീവിതവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്ന കുടുംബാധിഷ്ഠിതപരിപാടികൾ സംഘടിപ്പിക്കുക.

**യുവജനസൗഹൃദസഭാസ്ഥാപനങ്ങൾ**

ഇടവകാതിർത്തിയിലെ സഭാസ്ഥാപനങ്ങൾ യുവജനശുശ്രൂഷാമേഖലകളായി മാറാനും അവരുടെ കലാകായികപരിശീലനവേദികളാക്കി മാറ്റാനുമുള്ള പദ്ധതികൾ അതതു സ്ഥലത്തെ സന്യസ്തഭവനങ്ങളുടെ വിഭവശേഷികൾ യുവജനശുശ്രൂഷയിൽ പങ്കുചേർക്കുക.

**രൂപതയിൽ യുവജനഡേറ്റബാങ്ക്**

രൂപതയിലെ യുവജനങ്ങളുടെ സമഗ്രമായ വിവരശേഖരണം, ആ വിവരങ്ങളുടെ ശാസ്ത്രീയമായ വിശകലനം, അതിന്റെയടിസ്ഥാനത്തിൽ ക്രിയാത്മകപദ്ധതികൾ എന്നിവ യുവജനസൗഹൃദസഭയെന്ന ദർശനത്തിലേക്കു കേരളസഭയെ നയിക്കും

**യുവജനശുശ്രൂഷയ്ക്കായി നീതിപൂർവകമായ സാമ്പത്തികഓഹരി ബജറ്റിൽ ഉൾപ്പെടുത്തൽ നിർവഹണവും വിലയിരുത്തലും**

ഈ പ്രോട്ടോക്കോളുകളുടെ നടത്തിപ്പിനു മേൽനോട്ടം വഹിക്കാൻ ഓരോ രൂപതയുടെയും യുവജനമന്ത്രാലയകോഡിനേറ്ററെ നിയമിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. യുവാക്കളെ ഫലപ്രദമായി പിന്തുണക്കാൻ, അവർ സജ്ജരാണെന്ന് ഉറപ്പാക്കാൻ വൈദികർക്കും നേതാക്കൾക്കും നിരന്തരമായ പരിശീലനവും ശില്പശാലകളും നൽകണം. കൂടാതെ, നമ്മുടെ സമീപനങ്ങൾ തുടർച്ചയായി പരിഷ്കരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും യുവാക്കളിൽനിന്നും അവരുടെ കുടുംബങ്ങളിൽനിന്നുമുള്ള ആനുകാലികമായ വിലയിരുത്തലുകളും ഫീഡ്ബാക്കും അത്യന്താപേക്ഷിതമാണ്.

ഉപസംഹാരമായി, യുവജനസൗഹൃദസഭകൾ സൃഷ്ടിക്കുന്നതു കേവലം ഘടനാപരമായ ഒരു സംരംഭമല്ല; അതു യുവജനങ്ങളുടെ അജപാലനത്തിന്റെ അനിവാര്യതയാണ്. ഈ പ്രോട്ടോക്കോളുകളും മാർഗനിർദേശങ്ങളും സ്വീകരിക്കുന്നതിലൂടെ, യുവജനങ്ങളുടെ വിശ്വാസം പരിപോഷിപ്പിക്കുന്നതിനുള്ള സഭയുടെ പ്രതിബദ്ധത ഉറപ്പിക്കുന്നു. ഈശോ നായിനിലെ വിധവയുടെ മകനോടു പറഞ്ഞതുപോലെ *(ലൂക്കാ 7:11-17)*, ജായ്റോസിന്റെ മകളോടു പറഞ്ഞതുപോലെ *(ലൂക്കാ 8:40-56)* കേരളസഭ തന്റെ യുവജനങ്ങളോടു 'യുവാവേ, യുവതീ എഴുന്നേൽക്കുക' എന്നുപറയുന്നു. ഏശയ്യാ പ്രവാചകനിലൂടെ ഇസ്രായേൽജനത്തോടു പറഞ്ഞതുപോലെ പറയുന്നു:

'ഉണർന്നു പ്രശോഭിക്കുക' *(ഏശയ്യാ 60:1)*. അങ്ങനെ അവർ നമ്മുടെ സഭാസമൂഹത്തിന്റെ അവിഭാജ്യവും തേജസ്സുറ്റതുമായ ഘടകമാണെന്ന് ഉറപ്പാക്കുന്നു. ഈ സുപ്രധാനദൗത്യം ഏറ്റെടുക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ മാർഗനിർദേശത്തിനായി നമുക്കു പ്രാർഥിക്കാം. നമ്മുടെ യുവജനങ്ങളെ, ഈശോമ്ശിഹായോടും അവിടുത്തെ സഭയോടും അടുപ്പിക്കുന്ന സഭയുടെ പ്രയത്നങ്ങൾ അവരുടെ ജീവിതത്തിൽ ഫലം കായ്ക്കട്ടെ. കേരളസഭ ഒരു യുവജനസൗഹൃദസഭയായി മാറട്ടെ. അതിനായി നമ്മെയേവരെയും ദൈവം അനുഗ്രഹിക്കട്ടെ.

**ബിഷപ് റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**
*(ചെയർമാൻ)*
**ബിഷപ് ജോസഫ് പണ്ടാരശ്ശേരിൽ**
*(വൈസ് ചെയർമാൻ)*
**ബിഷപ് മാത്യൂസ് മാർ പോളികാർപ്പോസ്**
*(വൈസ് ചെയർമാൻ)*

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി 682025

---

**NB:** ***2024 ജൂലൈ 14 ഞായറാഴ്ച*** *പരിശുദ്ധ കുർബാനമധ്യേ ഈ സർക്കുലർ വായിക്കുകയോ ഇതിലെ ആശയങ്ങൾ വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*




# I

## TRANSFERS & APPOINTMENTS MAY 2024

| Rev. Fr. | Transferred from | Transferred to |
|---|---|---|
| Aiyankary Joseph | Panayampala | Puthusserry, Boys' Home |
| Ampalathumparampil Francis | | Chaplain- Mother Teresa Home Alappuzha |
| Aruparayil Joseph | Kumaranalloor | M.Th. @ Vadavathoor Seminary |
| Chackupurackal Kurian | Kadayanikadu | Kannady St. Rita's |
| Chalackal Joseph | Vettickalpurayidom | Bursar- SH Kilimala, Anicadu |
| Chalasserry Joseph | Mundathanam | Kunnoth Seminary |
| Chekkonthayil Thomas | | Kiliroor |
| Chooravady Antony | Mariyapuram f. | Medical Leave, Ithithanam (Residence) |
| Chooravady Mathew (Moban) | Pongummoodu | Kannammoola |
| Chooravady Mathew (Sr.) | Manimala New St. Basil's | Parampuzha |
| Edachethra Varghese | Karumady | Panayampala |
| Elanjimattathil Baby MSFS | | Vattiyoorkavu |
| Kadaprakunnil Joseph | | Director- Snehatheeram Kidangara (Addl.) |
| Kainikara Tom | Kunnamkary-Pulimugham f. | Relieved |
| Kaithakalam Cyril MCBS | Athirampuzha F | Kuttamangalam |
| Kakkaparampil Antony | | B.Ed. @ Thiruvananthapuram (Addl.) |
| Kalathil Mathew | Kalavoor | Medical Leave |
| Kalayamkandam Mattam James | Cheppumpara | Bursar- SB College, Kunnamkary-Pulimugham f. |
| Kamicherry Scaria | Pathanapuram, Nedumon | Etawah-Jaipur Mission |
| Kannadipara Sebastian | Pullangady | Cheppumpara |
| Kanniyaconil Thomas | Karumady | Paduvapuram, SL Puram |
| Karattu Mathew | Anicadu | Relieved |
| Karukayil Jacob | MOC | Kunnoth Seminary |

| | | |
|---|---|---|
| Kayamkulathusserry Thomas | MOC, Eravinalloor | Language Study, Co-Vicar Mudiyoorkara |
| Kezhaplackal Philipose | Kannammoola | Eara, Asst. Director- SADAS |
| Kochuparampil George | Koothrappally | Perumkavu |
| Kollamkalam Alex | Satna Seminary | Principal- MOC, Eravinalloor |
| Kollaparampil Augustine | Chunkappara | Pathanapuram, Nedumon |
| Kunnil James | Parampuzha | Karimpanakulam |
| Madathiparampil John | Makkannoor, Chenkulam | Narbonapuram |
| Maleckal Benedict CMI | | Kooropada |
| Mammoottil Joseph | Nirmalapuram | Relieved |
| Manavath Varkey | Vaisyambhagom | Arattuvazhy |
| Mancherikalam Sebastian | | Rajagiri (Addl.) |
| Mangalath Thomas | Arattuvazhy | Koothrappally |
| Manianchira Thomas | Punnakunnathusserry | Chunkappara |
| Mannamthuruthil Sebastian | Poonthope | Kadayanikadu |
| Mattathil Varghese | Dean of Studies MOC | Academic Director- MOC |
| Moolayil Antony | | Secretary- Pope John XXIII Trust Kidangara (Addl.) |
| Mudanthangelil Martin | Bursar SB College | Kumarapuram f. (Addl.) |
| Mulavana Joseph | Kiliroor | Kumaranalloor |
| Mullasserry Mathew | Kumarapuram | Punnapra (Residence) |
| Mundunadackal Isaac | | Asst. Director- Asha Bhavan (Addl.) |
| Nambisserykalam Varghese | Rajagiri | Relieved |
| Narithuruthel Joseph | Secretary Auxiliary Bishop | Thiruvallam, Attingal |
| Paikattumattathil Thomas | Chengalam f. Church, Lourdes Public School, Kottayam | SHHSS Kilimala, Perunna East |
| Parasseril Jose | Kooropada | Poonthope |
| Parathanam Thomas | SHHSS Kilimala, Vazhappally West f. | Lourdes Public School Kottayam, Chengalam f. |
| Pazhayamadam Cyriac | Kannady St. Rita's | Purakkad |
| Peediakal Kuriakose | Mudiyoorkara | Mariyapuram f., St. Aloysius College Edathua |
| Peediackal Paul | | Priest in Charge Killi |
| Plaparampil Thomas | | Charismatic Movement Co-ordinator |
| Poovatholil Thomas | | St. John the Baptist Public School, Nedumkunnam |
| Pulichamackal Mathew | Narbonapuram | Manimala New St. Basil's |
| Pulickaparampil Joseph | Thiruvallam | Etawah-Jaipur Mission |
| Purackal Joseph | Eara | Vazhappally West |
| Puthanangady Mathew | Perumkavu | Priest Home, Ithithanam |

| | | |
|---|---|---|
| Puthenparambil Joseph (Libin) | Puthusserry, Boys' Home | Punnamada |
| Puthenpura Kurian | Purakkad | Pullangady |
| Puthenpurackal Binod MSFS | Vattiyoorkavu | Relieved |
| Puthenpurackal Thomas (Aji) | | Kalavoor |
| Puthiyidam Mani | | Retired, Kudamaloor (Continues) |
| Puthusserril Sebastian | Mampuzhakary | Chanjody (Residence) |
| Srambickal Thomas (Bibin) | Kurichy Minor Seminary | Chempakasserry, Nedumudy Chapels, Study @ Denahalaya |
| Thanamavunkal Varghese | | Rector- Karuvallikadu (Addl.) |
| Thanniath Thomas | Punnamada | Mampuzhakary |
| Thekkedathu Mathew | Liturgical Apostolate | Punnakunnathusserry |
| Thevary Antony | | Vaishyambhagom |
| Thoompunkal Joseph (Roy) | Karimpanakulam | Chanjody |
| Thundiyil Devasia | Paduvapuram, SL Puram | Doctorate @ Christ College, Bengaluru |
| Vallayil George | | Liturgical Apostolate (Addl.) |
| Vazhaparampil Thomas | Chanjody | Pongummoodu, Joint Director- Lourdes Matha Care Thiruvananthapuram |
| Velamparampil Sebastian HGN | Mother Teresa Home Alappuzha | Mundathanam |
| Velangattusserry Joseph | KCSL, Perunna East, Jesus Fraternity | Karumady |
| Vellanickal Louis | Charismatic Movement | Relieved |
| Vengasserry Thomas | Palode, Vithura | Makkannoor, Chenkulam |
| Vettithanam Xavier | Edathua-Koilmuck F. | Palode, Vithura, Vithura Farm |
| Vettukuzhiyil Varghese | Koothrappally | Vettickalpurayidom |
| Madathiparampil Mathew | Attingal | Relieved |
| Kayithara Varghese | Kuttamangalam | Relieved |
| Nambimadam Varghese | | Assi. Director- CHASS-Khadi (Addl.) |
| Mampara Sebastian | | Judge- Metropolitan Tribunal, Co-Vicar Fathimapuram |
| Koottummel Sebastian | Vettimukal | Puthanangady (Residence) |

## PAROCHIAL VICARS

| Rev. Fr. | Transferred from | Transferred to |
|---|---|---|
| Arackathara Antony | Kottayam F. | Changanacherry Metropolitan |
| Eruppakattu Joseph | Thuruthy F. | Vice Rector- Kurichy Minor Seminary |
| Kaithaparampil Joseph (Mijo) | Nedumkunnam | Madappally |
| Kocheethra Joseph | Madappally | Thuckalay & MSW |

| | | |
|---|---|---|
| Kunnath Andrews | Thiruvananthapuram F. | Champakulam Basilica |
| Mulavarickal Shibin CSsR | Champakulam Basilica | Relieved |
| Muthumakuzhiyil Mathew | Thrickodithanam F. | Ithithanam |
| Naduthundathil Sebastian | Ithithanam | Koothrappally |
| Ottathengunkal Bibin CMI | | Villoonni |
| Pallichira Mathew | Kottackupuram | Director- KCSL, Jesus Fraternity, Mundupalam |
| Parathanam Joseph | Fathimapuram | Thuruthy F. |
| Ponnattil Joseph | Mammoodu | Thiruvananthapuram F., Asst. Director Sandesanilayam, CML-(Southern Region) |
| Pulickapadavil Varghese | Changanacherry | Kottayam, M.Th. Study @ Vadavathoor Seminary |
| Puthenpurachirathykalam Xavier | LMCST Kuttichal, Killi | Kottackupuram |
| Puthenpurayil Mathew | | M.Th. Study @ Vadavathoor Seminary (Addl.) |
| Puthuveettilkalam Joseph (Tony) | | Asst. Director, Yuvadeepti-SMYM (Addl.) |
| Srampickal Varkey | Parel | Secretary Auxiliary Bishop |
| Tharakunnel Antony | Bursar, Mother Teresa Home Nedumkunnam | Asst. Director- Sanjivany, Nirmalapuram (Addl.) |
| Thondikakuzhiyil Abraham | Athirampuzha F. | Parel |
| Vadakkeenthottathil Mathew (Idukki) | Mundupalam | Relieved |
| Vettuvelikalam Luka | Villoonni | Thrickodithanam F. |

## II

## വാർഷികധ്യാനം

അതിരൂപതയിലെ ബഹു. വൈദികരുടെ മൂന്നാം ബാച്ച് വാർഷികധ്യാനം *2024 ജൂലൈ 7 മുതൽ 12* വരെ നടത്തപ്പെടുന്നതാണ്. ആദ്യദിവസം (ഞായർ) വൈകുന്നേരം ആറിനു റംശായോടെയാരംഭിച്ചു സമാപന ദിവസം (വെള്ളി) ഉച്ചഭക്ഷണത്തോടെ ധ്യാനം അവസാനിക്കുന്നു.

**ധ്യാനഗുരു- മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
*(കൂരിയ മെത്രാൻ, സീറോമലബാർസഭ)*

## III

## ഗ്രാൻഡ് പേരന്റ്സ് ഡേ

വിശുദ്ധരായ യോവാക്കിം-അന്നാ ദമ്പതികളുടെ തിരുനാളിനോടനുബന്ധിച്ച് *2024 ജൂലൈ 28 ഞായറാഴ്ച* ഗ്രാൻഡ് പേരന്റ്സ് ഡേ ആയി ആചരിക്കാൻ ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തിരിക്കുന്നു. 'വാർധക്യത്തിൽ എന്നെ തള്ളിക്കളയരുതേ! ബലം ക്ഷയിക്കുമ്പോൾ എന്നെ

ഉപേക്ഷിക്കരുതേ!' (സങ്കീർത്തനങ്ങൾ 71:9) എന്നവാക്യത്തിൽനിന്ന് എടുത്തിട്ടുള്ള 'വാർധക്യത്തിലുണ്ടാകുന്ന ഏകാന്തത'യാണു പ്രസ്തുത ദിനാചരണത്തിന്റെ ഈ വർഷത്തെ ചിന്താവിഷയം.

## IV
## പരിശുദ്ധ കുർബാനനിയോഗം

**2024 ജൂൺ 26ന്** അതിരൂപതാകുടുംബത്തിൽനിന്നും നിത്യസമ്മാനത്തിനു യാത്രയായ *പുത്തൻപുര ബഹു. വർഗീസ്* അച്ചനെ നമ്മുടെ പ്രാർഥനയിലോർക്കാം. എല്ലാ വൈദികരും ബഹു. അച്ചനുവേണ്ടി ഒരു പരിശുദ്ധ കുർബാനയർപ്പിക്കേണ്ടതാണ്.

## V
## പ്രത്യേകപിരിവുകൾ

**സീറോമലബാർസഭാദിനഫണ്ട്**

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ (ജൂലൈ 3) സഭാദിനമായി ആചരിക്കുകയാണ്. ജൂലൈ മൂന്നിലെ സ്തോത്രക്കാഴ്ച *(ഒരാൾക്കു രണ്ടുരൂപവീതം)* സീറോമലബാർ സഭാകാര്യാലയത്തിന്റെ പ്രവർത്തനച്ചെലവുകൾക്കായി നൽകാനുള്ളതാണ്.

**യുവജനദിനം**

*2024 ജൂലൈ 14 ഞായറാഴ്ച* യുവജനദിനമായി ആചരിക്കുകയാണ്. ഈ ദിവസത്തെ സ്തോത്രക്കാഴ്ച യുവജനങ്ങളുടെ വിശ്വാസപരിശീലനത്തിനുള്ളതാണ്. 50% അതിരൂപതാ യുവജനഫണ്ടിലേക്കും 25% ഫൊറോനാ യുവജനഫണ്ടിലേക്കും 25% യൂണിറ്റ് ഫണ്ടിലേക്കും നൽകേണ്ടതാണ്. അതിരൂപത, ഫൊറോന ഫണ്ടുകളിലേക്കുള്ളത് ഇടവകകളിൽ വന്നു കൈപ്പറ്റുന്നതാണ്.

## VI
## Suspended from Priestly Ministries

It is informed by the Superior General of the Order of the Imitation of Christ that *Rev. Fr. Joseph Angelo OIC* (Tinu Joseph Mampoothra), a priest belonging to the Bethany Navajyothy Province of the Order of the Imitation of Christ from St. Joseph's Church, Punnakunnathussery of the Archeparchy of Changanacherry, is suspended from exercising priestly ministries in any of the Catholic parishes, chapels, ashrams, convents and other catholic centres.

❍

# 'ശാന്തനായ ചാക്കോച്ചൻ:'
# ഇടയാലിൽ ബഹു. ജേക്കബ് അച്ചൻ



'ചാക്കോച്ചൻ' എന്നു സ്നേഹിതരും കൂട്ടുകാരും വിളിക്കുന്ന ഇടയാലിൽ ബഹു. ജേക്കബ് അച്ചൻ അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ ഇടയാലിൽ മാത്യു-അന്നമ്മ ദമ്പതികളുടെ മകനായി 1934 ഫെബ്രുവരി 25നു ജനിച്ചു. പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം പാറേൽ പെറ്റിസെമിനാരിയിലും തുടർന്ന് ആലുവ മേജർ സെമിനാരിയിൽ തത്വശാസ്ത്രവും ദൈവശാസ്ത്രപഠനവും പൂർത്തിയാക്കി 1964 മാർച്ച് 12നു പാലാ രൂപതാ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ വയലിൽപിതാവിൽനിന്നും വൈദികപട്ടം സ്വീകരിച്ചു. 90 വർഷത്തെ ഈ ലോകജീവിതത്തിനു ശേഷം 2024 മെയ് 26ന് അച്ചൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

90 വർഷത്തെ ജീവിതത്തിൽ 60 വർഷക്കാലം പുരോഹിതനായി ശുശ്രൂഷ ചെയ്തു ജീവിച്ചു. അച്ചന്റെ പൗരോഹിത്യജീവിതം ആരംഭിക്കുന്നതു പായിപ്പാട്-നാലുകോടി സെന്റ് തോമസ് പള്ളിയിൽ അസ്സിസ്റ്റന്റ് വികാരിയായിട്ടാണ്. അച്ചന്റെ സജീവമായ പൗരോഹിത്യശുശ്രൂഷ അവസാനിക്കുന്നത് 20 പള്ളികളിലെ ശുശ്രൂഷയ്ക്കുശേഷം അരമനയുടെകീഴിൽ കൊല്ലം മൺറോതുരുത്തിൽ പ്രവർത്തിക്കുന്ന ചാരിറ്റബിൾ ട്രസ്റ്റിന്റെ അസ്സിസ്റ്റന്റ് ഡയറക്ടർ സ്ഥാനംവഹിച്ചുകൊണ്ടാണ്. 46 വർഷക്കാലം വിവിധ ഇടവകകളിൽ സേവനം ചെയ്തശേഷം 2010ൽ അച്ചൻ വിശ്രമജീവിതത്തിലേക്കു പ്രവേശിച്ചു.

ബഹു. അച്ചൻ അവിഭക്ത ചങ്ങനാശ്ശേരി അതിരൂപതയുടെ ഭാഗമായിരുന്ന ഇന്നത്തെ കാഞ്ഞിരപ്പള്ളി രൂപതയിൽ ഉൾപ്പെടുന്ന ചെങ്ങളം പള്ളിയിൽ അസ്തേന്തിയായും കണമല, ഇടമൺ, ചാവറ ബഥനി ഹിൽസ് ഇടവകകളിൽ വികാരിയായും ഏകദേശം പത്തുവർഷത്തോളം ശുശ്രൂഷചെയ്തു. അതിരൂപതയിലെ ചേപ്പുംപാറ, ആയൂർ, ചെറിയവെളിനല്ലൂർ, മാക്കന്നൂർ, നരിക്കൽ, പാലോട്, വെഞ്ചേമ്പ്, തടിയൂർ, എഴുമറ്റൂർ, താഴത്തുവടകര, വള്ളഞ്ചിറ, പനയമ്പാല, കുളത്തൂർ, അരുവിക്കുഴി, പുന്നമട എന്നീ പള്ളികളിൽ സ്തുത്യർഹമായ അജപാലനശുശ്രൂഷ നിർവഹിച്ചു.

അച്ചൻ ശുശ്രൂഷ ചെയ്തിരുന്നത് അധികം കുടുംബങ്ങളില്ലാത്ത ചെറിയ ഇടവകകളിലാണെന്ന പ്രത്യേകതകൂടിയുണ്ട്. പക്ഷേ, അതിലൊന്നും അദേഹത്തിനു പരിഭവം ഒന്നുമില്ലായിരുന്നു. അദേഹം സേവനംചെയ്ത പള്ളികളിൽ എടുത്തുപറയേണ്ട രണ്ടുപള്ളികളാണു തടിയൂരും എഴുമറ്റൂരും. ഏകദേശം 38 വർഷങ്ങൾക്കുമുമ്പ് ആ രണ്ടുപള്ളികളിൽ 7 വർഷക്കാലം സേവനംചെയ്തു എന്നതു വളരെ ശ്ലാഘനീയമാണ്. അച്ചന്റെ സംസ്കാരശുശ്രൂഷയ്ക്ക് ഇത്രയും വർഷങ്ങൾക്കുശേഷവും അവിടെനിന്നും ആളുകൾ വന്നുയെന്നുള്ളത് എടുത്തു പറയേണ്ട ഒരു കാര്യമാണ്.

ചാക്കോച്ചനെ സംബന്ധിച്ചിടത്തോളം വളരെ കുറച്ച് അച്ചന്മാരോടെ സൗഹൃദമുണ്ടായിരുന്നുള്ളൂ. എന്നാൽ ആരോടും വെറുപ്പോ വിദ്വേഷമോ ഉണ്ടായിരുന്നില്ല. ആരെയും അച്ചൻ അകറ്റിനിർത്തിയിരുന്നില്ല. എപ്പോഴും ഒരു ചിരിക്കുന്ന മുഖമായിരുന്നു അദേഹത്തിന്. വളരെ ലളിതമായ ഒരു ജീവിതത്തിന്റെ ഉടമയായിരുന്നു. അനാവശ്യമായി പണം ചെലവഴിച്ചിരുന്നില്ല. അച്ചന് ഉത്തമബോധ്യമുള്ള പാവപ്പെട്ടവർക്കു ചെറിയസഹായങ്ങൾ ചെയ്യുമായിരുന്നു.

90 വയസ് ഉണ്ടായിരുന്നുയെങ്കിലും കാര്യമായ അസുഖങ്ങളൊന്നുംതന്നെ അച്ചനുണ്ടായിരുന്നില്ല. അവസാനത്തെ രണ്ടുമൂന്നാഴ്ചക്കാലമാണ് അച്ചൻ ആശുപത്രിയിൽ ചെലവഴിച്ചത്. വൈദികർക്കു സാധാരണയായി ഉണ്ടാകാറുള്ള അസുഖങ്ങൾ ഒന്നുംതന്നെ അച്ചനുണ്ടായിരുന്നില്ല. 2010ൽ സജീവ അജപാലന ശുശ്രൂഷയിൽനിന്നും വിരമിച്ചതിനുശേഷം അച്ചൻ അയർക്കുന്നത്തുള്ള സഹോദരന്റെ മകൻ ബിനോയിയുടെ കുടുംബത്തോടൊത്താണു ജീവിച്ചത്. അവിടെയും വളരെ ലളിതമായ ഒരു ജീവിതമാണു നയിച്ചുപോന്നിരുന്നത്. അച്ചൻ വീട്ടിൽ താമസിച്ചിരുന്ന അവസരത്തിൽ പ്രീസ്റ്റ്സ് പ്രോവിഡന്റ് ഫണ്ട് സെക്രട്ടറി ആര്യങ്കാല ബഹു. തോമസ് അച്ചനുമായി അദേഹത്തെ കാണാനുള്ള അവസരം എനിക്കുണ്ടായി. അപ്പോഴും കണ്ട പ്രത്യേകത വളരെ ലളിതമായ ജീവിതമായിരുന്നു അച്ചന്റേത്.

ഇടയാലിൽ ബഹു. ജേക്കബ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾ 2024 മെയ് 31ന് അഭി. മാർ ജോസഫ് പെരുന്തോട്ടം, അഭി. മാർ തോമസ് തറയിൽ എന്നീ പിതാക്കന്മാരുടെ കാർമികത്വത്തിൽ അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ നടത്തപ്പെട്ടു.

ആരോടും പകയോ വിദ്വേഷമോ ഇല്ലാതെ കടന്നുപോയ ഇടയാലിൽ ബഹു. ചാക്കോച്ചന്റെ ആത്മാവിനു നിത്യശാന്തി നേരുന്നു. നിത്യപുരോഹിതനായ ഈശോ അദേഹത്തെ നിത്യതയുടെ കിരീടം അണിയിക്കട്ടെയെന്നു പ്രാർഥിക്കുന്നു.

**ഫാ. ആന്റണി പോരൂക്കര**

# ജീവകാരുണ്യപ്രവർത്തനറിപ്പോർട്ട് 2023-2024

അതിരൂപതയിലെ ഇടവകകളും സമർപ്പിതസമൂഹങ്ങളും പ്രസ്ഥാനങ്ങളും പ്രധാനപ്പെട്ട സ്ഥാപനങ്ങളും 2023–2024 സാമ്പത്തികവർഷത്തിൽ ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.

| PARISHES | Amount Spent |
|---|---|
| Alappuzha Mar Sleeva Forane | 952050.00 |
| Anicadu St. Antony's | 13500.00 |
| Arpookkara Little Flower | 1628000.00 |
| Arumanoor Mangalavartha | 88500.00 |
| Aruvikuzhy Lourde's Matha | 592000.00 |
| Aryankavu St. Mary's | 434100.00 |
| Athirampuzha St. Mary's Forane | 3838453.00 |
| Ayarkunnam St. Sebastian's | 3283530.00 |
| Champakara St. Joseph's | 541042.00 |
| Changanacherry St. Mary's Metropolitan | 4446027.00 |
| Cheeranchira St. George | 101840.00 |
| Chengannur Marth Mariam Forane | 105516.00 |
| Cheppumpara Marth Mariam | 94473.00 |
| Chethipuzha Sacred Heart | 2286193.00 |
| Eravuchira St. Mary's | 1057971.00 |
| Ettumanoor Christ the King | 2995000.00 |
| Kaduvakulam Little Flower | 508651.00 |
| Kainakary St. Mary's | 87000.00 |
| Kaithavana Immaculate Heart | 842486.00 |
| Karimpanakulam Sacred Heart | 604000.00 |
| Kariyil Holy Family | 28900.00 |
| Karyavattom St. Joseph's | 612000.00 |
| Kavalam Lisieux | 260000.00 |
| Kavalam St. Theresa's | 1391049.00 |
| Kidangara St. Gregorios | 244,000.00 |
| Koduppunna St. Joseph's | 65000.00 |
| Kollam Mar Thoma Sleeha | 265450.00 |
| Koothrappally St. Mary's | 1897615.00 |
| Kottayam Lourdes Forane | 4709049.00 |
| Kudamaloor St. Mary's Major Archiepiscopal | 1008925.00 |
| Kunnamthanam St. Joseph's | 90000.00 |
| Kurumpanadom Assumption | 719480.00 |
| Kurumpanadom St. Antony's Forane | 1631091.00 |
| Mampuzhakary Lourdes Matha | 256950.00 |
| Mannanam 12 Apostles | 280000.00 |

| | |
|---|---|
| Mannancherry. St. Mary’s | 150000.00 |
| Mannarkunnu St. Gregorios | 884336.00 |
| Mannila Holy Family | 43000.00 |
| Mayam St. Mary’s | 573000.00 |
| Muhamma St. George Forane | 674100.00 |
| Mundathanam St. Antony’s | 499050.00 |
| No Name | 100000.00 |
| No name | 590678.00 |
| No name | 1094937.00 |
| No Name | 1819000.00 |
| No Name | 627000.00 |
| No Name | 1197139.00 |
| Paduvapuram St. Antony’s | 23000.00 |
| Paippad-Nalukody St. Thomas | 2802560.00 |
| Pallathuruthy St. Thomas | 62500.00 |
| Palode St. Mary’s | 50000.00 |
| Parampuzha Bethlehem | 120686.00 |
| Parel St. Mary’s | 4054634.00 |
| Payattupakka Holy Family | 240000.00 |
| Ponga Mar Sleeva | 50000.00 |
| Pulincunnoo St. Mary’s Forane | 466434.00 |
| Punnapra Mar Gregorios | 2550000.00 |
| Purakkad Mar Sleeva | 446000.00 |
| Puthuppally-Poomattom St. Antony’s | 446374.00 |
| Puzhavathu St. Thomas | 155000.00 |
| Rajamattom Sacred Heart | 1151612.00 |
| Ramankary St. Joseph’s | 260000.00 |
| Thathampally St. Michael’s | 3570869.00 |
| Thekkekara St. Sebastian’s | 23000.00 |
| Thirumala Holy Family | 1019065.00 |
| Thottackad St. George | 1512000.00 |
| Thrickodithanam St. Xavier’s Forane | 2283765.00 |
| Vadakke Amichakary St. George | 262934.00 |
| Vaipur New St. Joseph's | 59664.00 |
| Vaisyambhagom St. Antony’s | 497000.00 |
| Vattiyoorkavu St. Francis De Sales | 271000.00 |
| Veliyanadu North St. Gregorios | 65000.00 |
| Veliyanadu South St. Xavier’s | 304370.00 |
| Veroor St. Joseph’s | 1203380.00 |
| Villoonni St. Xavier’s | 459500.00 |
| Vithura All Saints | 25000.00 |
| **TOTAL** | **72158268.00** |

# സന്ദേശനിലയം

പ്രിയമുള്ളവരേ,

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാന ആചരിക്കുന്ന ദിവസമാണു ജൂലൈ 3. തന്റെ വചനപ്രഘോഷണത്തിലൂടെ ശ്ലീഹാ കാട്ടിത്തന്ന മ്ശിഹാമാർഗത്തിൽ ജീവിക്കാനും മാർതോമാനസ്രാണികൾ എന്നനിലയിൽ കത്തോലിക്കാസഭയിലുള്ള നമ്മുടെ തനതായ വ്യക്തിത്വം കാത്തുസൂക്ഷിച്ചുകൊണ്ടു മുന്നേറാനും പരിശ്രമിക്കാം. നമ്മുടെ അമ്മയായ സീറോമലബാർസഭയ്ക്കുവേണ്ടി പ്രത്യേകം പ്രാർഥിക്കാം. ദുക്റാനതിരുനാൾ ദിനം വിശ്വാസപരിശീലകരുടെ ദിനമായി നാം ആചരിക്കുകയാണ്. വിശ്വാസ ത്തിൽ നമ്മെ കൈപിടിച്ചുനടത്തുന്നവരെ നന്ദിയോടെ അനുസ്മരിക്കാം. ഏവർക്കും ദുക്റാനതിരുനാളിന്റെ മംഗളങ്ങൾ നേരുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. മാത്യു പുളിയ്ക്കൽ**
**ഫാ. ജോസഫ് പൊന്നാറ്റിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ജൂലൈ**

03 ബുധൻ : **ദുക്റാനതിരുനാൾ**, അതിരൂപതാ മതാധ്യാപകദിനം
സഭാദിനം *(കടമുള്ള ദിവസം, ഓഫീസ് അവധി)*

06 ശനി : സി.എൽ.റ്റി., എം.സി.സി. കോഴ്സുകളുടെ ആപ്ലിക്കേഷൻ സമർപ്പിക്കേണ്ട അവസാനതീയതി, ബി.സി.റ്റി. ക്ലാസ്സ്

**കൈത്താക്കാലം**

07 ഞായർ : കൈത്താ ഒന്നാം ഞായർ ക്ലാസ്സ്- 6
12 വെള്ളി : നിസിബിസിലെ മാർ യാക്കോബ്
13 ശനി : സി.എൽ.റ്റി., എം.സി.സി. കോഴ്സുകളുടെ പുതിയ ബാച്ചിന്റെ ഉദ്ഘാടനം
14 ഞായർ : കൈത്താ രണ്ടാം ഞായർ ക്ലാസ്സ്- 7
15 തിങ്കൾ : വി. കുര്യാക്കോസ്-വി. ജൂലിറ്റാ
16 ചൊവ്വ : കർമലമാതാവ്
19 വെള്ളി : മാർ മാറി
20 ശനി : സി.എൽ.റ്റി., ബി.സി.റ്റി. ക്ലാസ്സുകൾ
21 ഞായർ : കൈത്താ മൂന്നാം ഞായർ ക്ലാസ്സ്- 8
25 വ്യാഴം : മാർ യാക്കോബ് ശ്ലീഹാ
26 വെള്ളി : മാർ യോവാക്കിം-മാർത്ത് അന്നാ
27 ശനി : മാർത്ത് അൽഫോൻസാ, സി.എൽ.റ്റി., ബി.സി.റ്റി. ക്ലാസ്സുകൾ
28 ഞായർ : കൈത്താ നാലാം ഞായർ ക്ലാസ്സ്- 9
29 തിങ്കൾ : വി. മർത്താ

ഓഗസ്റ്റ്
01 വ്യാഴം : **പതിനഞ്ചുനോമ്പാരംഭം**
03 ശനി : അൽഫോൻസാ തീർത്ഥാടനം *(ഓഫീസ് അവധി)*
04 ഞായർ : വി. ജോൺ മരിയ വിയാനി, കൈത്താ അഞ്ചാം ഞായർ ക്ലാസ്സ്- 10
06 ചൊവ്വ : കർത്താവിന്റെ രൂപാന്തരീകരണം

**ബി.സി.റ്റി. കോഴ്സ്**

ബി.സി.റ്റി. കോഴ്സിന്റെ അടുത്ത ബാച്ച് **ജൂലൈ 6, 20, 27** തീയതികളിൽ നടത്തപ്പെടുന്നു. രജിസ്ട്രേഷൻ Ecos@Sandesൽ ജൂൺ 25ന് ആരംഭിച്ച് ജൂലൈ ഒന്നിന് അവസാനിക്കുന്നതാണ്. കോഴ്സ് ഫീസ് 500 രൂപ രജിസ്ട്രേഷൻ സമയത്തു ഗൂഗിൾ പേ വഴി അടച്ചു സ്ക്രീൻ ഷോട്ട് എടുത്ത് **9446468958** എന്ന നമ്പറിലേക്ക് (പള്ളിയുടെ പേരും രജിസ്ട്രേഷൻ നടത്തിയ അധ്യാപകരുടെ പേരും ചേർക്കണം) അയച്ചുതരുമ്പോൾ മാത്രമാണു രജിസ്ട്രേഷൻ പൂർണമാകുന്നത്. ഒരുദിവസത്തിനുള്ളിൽ ഗൂഗിൾ പേ ചെയ്യാത്തപക്ഷം രജിസ്ട്രേഷൻ ക്യാൻസലാകുന്നതാണ്.

**എം.സി.സി. – സി.എൽ.റ്റി. കോഴ്സുകൾ**

എം.സി.സി. – സി.എൽ.റ്റി. കോഴ്സുകളുടെ ഉദ്ഘാടനം **ജൂലൈ 13 ശനി** രാവിലെ 9.30നു സന്ദേശനിലയം ഹാളിൽ നടത്തുന്നതാണ്. ജൂൺ 20 മുതൽ Ecos@Sandesൽ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. കോഴ്സുകളെക്കുറിച്ചുള്ള വിശദവിവരങ്ങൾ അവിടെ ലഭ്യമാണ്. 200 രൂപ ഗൂഗിൾ പേ വഴി അടച്ചു രജിസ്റ്റർ ചെയ്യാം. *രജിസ്ട്രേഷനുള്ള അവസാനതീയതി: ജൂലൈ 6.* പണമടച്ചതിന്റെ സ്ക്രീൻ ഷോട്ട്, കോഴ്സിൽ പങ്കെടുക്കുന്ന വ്യക്തിയുടെ പേര്, പള്ളിയുടെ പേര് എന്നിവ **9446468958** എന്നനമ്പറിൽ അയച്ചു കൺഫർമേഷൻ വാങ്ങേണ്ടതാണ്.

**അധ്യാപകരുടെ സ്ഥിതിവിവരക്കണക്ക് (2023-2024 വർഷത്തേത്)**

Ecos@Sandes മെനുവിൽ statistics of catechists പേജിൽ എല്ലാ വിവരങ്ങളും പൂർണമാണെന്ന് ഉറപ്പുവരുത്തി പ്രിന്റ് എടുത്ത് അധ്യാപകരുടെ ഒപ്പ് രേഖപ്പെടുത്തി ഡയറക്ടർ അച്ചന്റെ അംഗീകാരത്തോടുകൂടി ജൂൺ മുപ്പതിനകം സന്ദേശനിലയത്തിൽ നൽകാത്തവർ ഉടനെ അത് ഏല്പിക്കേണ്ടതാണ്. സൺഡേ സ്കൂളുകളിൽനിന്നും സ്ഥിതിവിവരക്കണക്കുകൾ സന്ദേശനിലയത്തിൽ ലഭിച്ചെങ്കിൽമാത്രമേ അവരുടെ സർവീസ് സംബന്ധമായ രേഖകൾ സന്ദേശനിലയത്തിനു നൽകാനാവൂ എന്നകാര്യം പ്രത്യേകം ഓർക്കുക. സൺഡേ സ്കൂൾ കുട്ടികളുടെ സ്ഥിതിവിവരക്കണക്ക് (statistics of sundayschool) *ജൂലൈ മുപ്പത്തിയൊന്നിനകം* സമർപ്പിക്കേണ്ടതാണ്. ഇംഗ്ലീഷ് ചോദ്യപേപ്പറുകളുടെ എണ്ണം രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കുമല്ലോ.

**അൽഫോൻസാ തീർഥാടനം**

സന്ദേശനിലയത്തിന്റെ പങ്കാളിത്തത്തോടെ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ **ഓഗസ്റ്റ് മൂന്നിനു** നടത്തപ്പെടുന്ന അൽഫോൻസാ തീർഥാടനം വിജയ

പ്രദമാക്കാൻ എല്ലാവരുടെയും സഹകരണവും നിറഞ്ഞ പങ്കാളിത്തവും ഉണ്ടാകണമെന്ന് ഓർമിപ്പിക്കുന്നു.

**ഓൺലൈൻ വെബിനാർ**

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മിഷൻ സീറോമലബാർസഭയിലെ മതാധ്യാപകർക്കായി **ജൂലൈ 16–25** ദിവസങ്ങളിൽ രാത്രി 8.30 മുതൽ 9.30 വരെ വിശ്വാസപ്രമാണത്തെ ആസ്പദമാക്കി ഓൺലൈൻ വെബിനാർ നടത്തുന്നു. വെബിനാറിൽ നൽകുന്ന നിർദേശങ്ങൾ പൂർത്തീകരിക്കുന്നവർക്ക് എസ്.എം.സി.സി. നൽകുന്ന സർട്ടിഫിക്കറ്റിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**ഹെഡ്മാസ്റ്റേഴ്സ് ഓൺലൈൻ മീറ്റ്**

സീറോമലബാർസഭയുടെ കാറ്റക്കെറ്റിക്കൽ കമ്മിഷന്റെ നേതൃത്വത്തിൽ സൺഡേസ്കൂളുകളുടെ പ്രധാനാധ്യാപകർക്കായി **ജൂലൈ 28 ഞായറാഴ്ച** ഓൺലൈൻ മീറ്റിങ് നടത്തപ്പെടുന്നു. പ്രധാനാധ്യാപകർ അതിൽ പങ്കെടുക്കേണ്ടതാണ്. വിശദവിവരങ്ങൾ വാട്സ് ആപ്പ് ഗ്രൂപ്പുകളിലൂടെ അറിയിക്കുന്നതാണ്.

**പി.റ്റി.എഫ്. & സൺഡേസ്കൂൾ ലീഡേഴ്സ്**

ഒന്നുമുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ സൺഡേസ്കൂൾ കുട്ടികളുടെ മാതാപിതാക്കളിൽനിന്നും ഒരു മാതാവ്, ഒരു പിതാവ് എന്നപ്രകാരം പ്രതിനിധികളെ എക്സിക്യൂട്ടിവംഗങ്ങളായി തെരഞ്ഞെടുക്കുകയും അവരിൽനിന്നും അധ്യാപകരിൽനിന്നും പി.റ്റി.എഫ്. ഭാരവാഹികളെ *ജൂലൈ ആറിനകം* തെരഞ്ഞെടുക്കേണ്ടതുമാണ്. സൺഡേസ്കൂൾ ലീഡേഴ്സിന്റെ തെരഞ്ഞെടുപ്പു നടത്തിയിട്ടില്ലെങ്കിൽ അത് ഉടനെ നടത്തേണ്ടതാണ്.

പി.റ്റി.എഫ്., സൺഡേസ്കൂൾ ലീഡേഴ്സ് മീറ്റ് **ഓഗസ്റ്റ് 11 ഞായറാഴ്ച** നടത്തപ്പെടുന്നു.

**നന്ദി**

സന്ദേശനിലയം (തെക്കൻ മേഖല) അസ്സിസ്റ്റന്റ് ഡയറക്ടറായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചശേഷം പുതിയ കർമമണ്ഡലത്തിലേക്കു പ്രവേശിക്കുന്ന ഫാ. ജോസഫ് പുളിയ്ക്കപ്പറമ്പിലിനു സന്ദേശനിലയം കുടുംബം അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു.

സൺഡേസ്കൂൾ ഫൊറോനാ ഓർഗനൈസർമാരായി സ്ത്യുത്യർഹമായ സേവനമനുഷ്ഠിച്ച ഫാ. ആന്റണി ചൂരവടി (എടത്വാ), ഫാ. ജോസഫ് പുളിയ്ക്കപ്പറമ്പിൽ (തിരുവനന്തപുരം), ഫാ. മാത്യു മുത്തുമാക്കുഴിയിൽ (തൃക്കൊടിത്താനം), ഫാ. ജോസഫ് ഇരുപ്പക്കാട്ട് (തുരുത്തി) എന്നിവർക്കു സന്ദേശനിലയം കുടുംബം ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

**സ്വാഗതം**

സന്ദേശനിലയം അസ്സിസ്റ്റന്റ് ഡയറക്ടറായി (തെക്കൻ മേഖല) നിയമിതനായിരിക്കുന്ന ഫാ. ജോസഫ് പൊന്നാറ്റിലിനു സന്ദേശനിലയം കുടുംബം ഹൃദ്യമായ സ്വാഗതമരുളുന്നു.

ഫൊറോനാ ഓർഗനൈസർമാരായി നിയുക്തരായിരിക്കുന്ന ഫാ. ഏലിയാസ് കരിക്കണ്ടത്തിൽ (എടത്വാ), ഫാ. ജോസഫ് പൊന്നാറ്റിൽ (തിരുവനന്തപുരം),

*ശേഷം പേജ് 44ൽ* ➢➢➢

# ചെറുപുഷ്പ മിഷൻലീഗ്
## (CML)

സ്നേഹംനിറഞ്ഞ കുഞ്ഞുമിഷനറിമാരേ,

മേഖലകളിലും യൂണിറ്റുകളിലും പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനം ഭംഗിയായി നടത്തിയെന്നു വിശ്വസിക്കുന്നു. ജൂലൈമാസം നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. മിഷൻലീഗിന്റെ സഹമധ്യസ്ഥരായ മാർ തോമാശ്ലീഹായുടെയും വി. അൽഫോൻസാമ്മയുടെയും തിരുനാൾ ഈ മാസമാണു കൊണ്ടാടുന്നത്. നമ്മുടെ പിതാവായ മാർ തോമാശ്ലീഹായെയും വി. അൽഫോൻസാമ്മയെയും കൂടുതലറിയാനും ഈ വിശുദ്ധർ പകർന്നുതന്ന വിശ്വാസതീക്ഷ്ണത ഉജ്ജ്വലിപ്പിക്കാനും പരിശ്രമിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. മാത്യു പുളിയ്ക്കൽ**
**ഫാ. ജോസഫ് പൊന്നാറ്റിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ജൂലൈ**

01 തിങ്കൾ : അൽഫോൻസാ തീർഥാടനത്തിനുള്ള ഒരുക്കമാരംഭിക്കുന്നു

02 ചൊവ്വ : അംഗത്വസ്വീകരണം: അതിരൂപതാതല ഉദ്ഘാടനം

03 ബുധൻ : **ദുക്റാനതിരുനാൾ** *(കടമുള്ള ദിവസം)*, അംഗത്വസ്വീകരണം ശാഖകളിൽ, മാർ തോമസ് തറയിൽപിതാവിന്റെ നാമഹേതുക തിരുനാൾ, തോമസ് നാമധാരികൾക്ക് ആശംസകൾ നേരാം

**കൈത്താക്കാലം**

07 ഞായർ : 12 ശ്ലീഹന്മാരുടെ തിരുനാൾ *(നുസാർദേൽ)*

12 വെള്ളി : വി. കൊച്ചുത്രേസ്യയുടെ മാതാപിതാക്കളുടെ തിരുനാൾ

13 ശനി : ബേത്‌ലെഹെം മീറ്റ്, മാർ ജയിംസ് കാളാശേരിപ്പിതാവിന്റെ കബറിടസന്ദർശനം (കുറുമ്പനാടം, കൊല്ലം-ആയൂർ മേഖലകൾ)

26 വെള്ളി : വി. യോവാക്കിം-വി. അന്നാ, (5 മക്കളിൽ കൂടുതലുള്ള കുടുംബങ്ങളുടെ സംഗമം ശാഖകളിൽ)

27 ശനി : വി. അൽഫോൻസായുടെ തിരുനാൾ (ജൂലൈ 28)

28 ഞായർ : വി. അൽഫോൻസാ ക്വിസ് മത്സരം (ഓൺലൈൻ), വൈസ് ഡയറക്ടേഴ്സ് ദിനം, അൽഫോൻസാ തീർഥാടനത്തിന് ഒരുക്കമായുള്ള അതിരൂപതാ ഭാരവാഹികളുടെ പ്രാർഥന കുടമാളൂർ ജന്മഗൃഹത്തിൽ

**ഓഗസ്റ്റ്**

01 വ്യാഴം : പതിനഞ്ചുനോമ്പാരംഭം

03 ശനി : **36-ാമത് അൽഫോൻസാ തീർഥാടനം**

**ജൂലൈ 3- ദുക്റാനതിരുനാൾ**

വിശ്വാസത്തിൽ ഭാരതസഭയുടെ പിതാവും മിഷൻലീഗിന്റെ സഹമധ്യസ്ഥനുമായ മാർ തോമാശ്ലീഹായുടെ ദുക്റാനതിരുനാൾ ജൂലൈ മൂന്നിനു നാം കൊണ്ടാടുകയാണ്. അന്നേദിവസം പ്രത്യേക മീറ്റിങ് സംഘടിപ്പിക്കുക. അംഗങ്ങൾ ബാഡ്ജ് ധരിച്ചു പരിശുദ്ധ കുർബാനയിൽ പങ്കെടുക്കുക. ഈ ദിവസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി എല്ലാവരിലും വിശ്വാസതീക്ഷ്ണത ജ്വലിപ്പിക്കുന്നതരത്തിലുള്ള പ്രോഗ്രാമുകളും ശാഖാതലത്തിൽ സെമിനാറുകളും സംഘടിപ്പിക്കുന്നത് ഉചിതമാണ്.

**അംഗത്വസ്വീകരണം**

പുതിയതായി മിഷൻലീഗിലേക്കു പ്രവേശിക്കുന്ന കുട്ടികളുടെ അംഗത്വസ്വീകരണം ജൂലൈ മൂന്നിനു നടത്തേണ്ടതാണ്. തോമസ് നാമധാരികളെയും വിശ്വാസകൈമാറ്റത്തിൽ നമ്മെ സഹായിക്കുന്ന വിശ്വാസപരിശീലകരെയും പ്രത്യേകമാദരിക്കുക. ഇടവകയിൽ പ്രായമായ മതാധ്യാപകരുണ്ടെങ്കിൽ അവരെ സന്ദർശിക്കുക.

**ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് 2024**

അതിരൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ 2024-2025 പ്രവർത്തനങ്ങൾക്ക് ഊർജം നൽകാൻ മേഖലാ ഭാരവാഹികൾ, ശാഖ-മേഖല ജോയിന്റ് ഡയറക്ടേഴ്സ് എന്നിവർക്കായി **ജൂലൈ 16ന്** 'ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് 2024' സന്ദേശനിലയത്തിൽ നടത്തപ്പെടുന്നു. പ്രസ്തുത സമ്മേളനം രാവിലെ 9.30ന് ആരംഭിച്ച് ഉച്ചയ്ക്ക് 1.30ന് അവസാനിക്കുന്നതാണ്. ശാഖയിൽനിന്നും ശാഖാ ജോയിന്റ് ഡയറക്ടർ (മിഷൻലീഗിനു നേതൃത്വംനൽകുന്ന സിസ്റ്റർ/അധ്യാപിക) നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ശാഖാ ജോയിന്റ് ഡയറക്ടർ ഇല്ലെങ്കിൽ അധ്യാപകപ്രതിനിധി പങ്കെടുക്കണം. മേഖലാ ഭാരവാഹികൾ, മേഖലാ ജോയിന്റ് ഡയറക്ടർ എന്നിവരും പങ്കെടുക്കാൻ ശ്രദ്ധിക്കണം. *രജിസ്ട്രേഷൻ ഫീസ്: 50 രൂപ.* നൽകപ്പെടുന്ന ഗൂഗിൾ ഫോം പൂരിപ്പിച്ചയയ്ക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

**വി. അൽഫോൻസാമ്മയുടെ തിരുനാളിനൊരുക്കം**

**ഭൂമിയിലെ മാലാഖ**

വി. അൽഫോൻസാമ്മയുടെ തിരുനാളിനും അൽഫോൻസാ തീർഥാടനത്തിനും ഒരുക്കമായി ജൂലൈ ഒന്നുമുതൽ അതിരൂപതയിൽനിന്നും അൽഫോൻസാമ്മയുടെ ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളും ചെറിയ സുകൃതങ്ങളും സ്റ്റാറ്റസ് വീഡിയോ രൂപത്തിൽ വാട്സ് ആപ്പ് ഗ്രൂപ്പുകളിലൂടെ നൽകുന്നതാണ്. വിശുദ്ധയെക്കുറിച്ചു കൂടുതൽ പഠിക്കാനും സുകൃതങ്ങൾ അഭ്യസിക്കാനും കുട്ടികളെ പ്രേരിപ്പിക്കുമല്ലോ. തിരുനാളിന് ആത്മീയമായി ഒരുങ്ങാൻ സഹായിക്കുന്ന ഈ സ്റ്റാറ്റസ് വീഡിയോകൾ ക്ലാസ്സധ്യാപകർ കുട്ടികളുടെ ഗ്രൂപ്പുകളിൽ നൽകണമെന്ന് ഓർമിപ്പിക്കുന്നു. വി. അൽഫോൻസാമ്മയുടെ ജീവിതത്തെ കേന്ദ്രീകരിച്ചു മേഖലാതലത്തിൽ ഷോർട്ട് വീഡിയോസ്, സ്റ്റാറ്റസ് വീഡിയോസ് എന്നിവ നിർമിക്കാവുന്നതാണ്. മിഷൻലീഗിന്റെ ആഭിമുഖ്യ

ത്തിൽ ശാഖാതലത്തിൽ അൽഫോൻസാമ്മയുടെ തിരുനാൾ സമുചിതമായി ആഘോഷിക്കാവുന്നതാണ്. അൽഫോൻസാ നാമധാരികളുടെ സംഗമവും നടത്താം.

**അൽഫോൻസാ സെമിനാർ**

അതിരൂപതാതലത്തിൽ **ജൂലൈ 26** വൈകുന്നേരം ആറിന് അൽഫോൻസാ സെമിനാർ ഓൺലൈനായി ക്രമീകരിച്ചിട്ടുണ്ട്.

**അൽഫോൻസാ ക്വിസ്**

അതിരൂപതാതലത്തിൽ **ജൂലൈ 28** വൈകുന്നേരം ഏഴിന് അൽഫോൻസാ ഓൺലൈൻ ക്വിസ് നടത്തപ്പെടുന്നതാണ്. വിഷയം വാട്സ് ആപ്പിലൂടെ നൽകുന്നതാണ്.

**മേഖലാ സമ്മേളനങ്ങൾ**

അൽഫോൻസാ തീർഥാടനത്തിന്റെ ആലോചനായോഗങ്ങൾ മേഖലാസമിതികൾ മേഖലാതലത്തിൽ ശാഖകളുടെ പങ്കാളിത്തത്തോടെ വിളിച്ചുകൂട്ടുകയും പ്രസ്തുത മീറ്റിങ്ങിൽ അതിരൂപതാ ഭാരവാഹികൾ പങ്കെടുക്കുന്നവിധം തീയതി, സമയക്രമീകരണങ്ങൾ എന്നിവ അതിരൂപതാ ഓഫീസിൽ അറിയിക്കുകയും ചെയ്യുമല്ലോ.

**36-ാമത് അൽഫോൻസാ തീർഥാടനം**

**ജൂലൈ ഒന്നുമുതൽ 23 വരെ** അൽഫോൻസാതീർഥാടനത്തിന് ഒരുക്കമായുള്ള കുടുംബനവീകരണപ്രാർഥനയും ഭവനസന്ദർശനവും കാര്യക്ഷമമായി നടത്തുക. പ്രേഷിതപ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഈ ഭവനസന്ദർശനവും പ്രാർഥനയും ഏറ്റം മനോഹരമായി ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. **ജൂലൈ 21 മുതൽ 31 വരെ** തീർഥാടനത്തിന് ഒരുക്കമായുള്ള നോമ്പാചരണം നടത്തുക. **ഓഗസ്റ്റ് മൂന്നിന്** അൽഫോൻസാ തീർഥാടനത്തിൽ പങ്കുചേരുക. *വചനത്തിന്റെ സാക്ഷികളായ് കുഞ്ഞുമിഷനറിമാർ* എന്നതാണ് ഈ വർഷത്തെ തീർഥാടനത്തിന്റെ ആപ്തവാക്യം.

**ജോംസിയച്ചനു നന്ദി**

അതിരൂപതാ മിഷൻലീഗിന്റെ അസ്സിസ്റ്റന്റ് ഡയറക്ടറായി (തെക്കൻ മേഖല) പ്രവർത്തിക്കുകയും മിഷൻലീഗിന്റെ വളർച്ചയ്ക്കായി കുഞ്ഞുമിഷനറിമാർക്കു പ്രചോദനം നൽകി വഴിനടത്തുകയും ചെയ്ത ജോസഫ് പുളിയ്ക്കപ്പറമ്പിലച്ചനു നന്ദിയും പുതിയ പ്രവർത്തനമേഖലയിൽ ആവശ്യമായ പ്രാർഥനാശംസകളും നേരുന്നു.

**നന്ദി**

മിഷൻലീഗ് മേഖലാ ഡയറക്ടർമാരായി നേതൃത്വംനൽകിയ ഫാ. വർക്കി സ്രാമ്പിക്കൽ (ചങ്ങനാശ്ശേരി), ഫാ. ജോസഫ് പുളിയ്ക്കപ്പറമ്പിൽ (തിരുവനന്തപുരം), ഫാ. മാത്യു മുത്തുമാക്കുഴിയിൽ (തൃക്കൊടിത്താനം), ഫാ. ജോസഫ് ഇരുപ്പക്കാട്ട് എന്നിവർക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

മിഷൻലീഗ് മേഖലാ ജോയിന്റ് ഡയറക്ടർമാരായി സേവനം കാഴ്ചവെച്ച സി. മരീന എസ്.എ.ബി.എസ്. (ചമ്പക്കുളം), സി. ലിൻസ എസ്.എ.ബി.എസ്. (ചങ്ങനാശ്ശേരി), സി. ജെയ്സ് സി.എം.സി. (ചെങ്ങന്നൂർ), സി. ആൻസ് വടക്കേതലയ്ക്കൽ എസ്.എ.ബി.എസ്. (കൊല്ലം-ആയൂർ), സി. ജോസ്ന ജോസ് എസ്.ഡി. (തിരുവനന്തപുരം) എന്നിവർക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയംനിറഞ്ഞ നന്ദി.

**സ്വാഗതം**

അതിരൂപതാ മിഷൻലീഗ് തെക്കൻ മേഖലയുടെ അസ്സിസ്റ്റന്റ് ഡയറക്ടറായി നിയമിതനായിരിക്കുന്ന ഫാ. ജോസഫ് പൊന്നാറ്റിൽ, മേഖലാ ഡയറക്ടർമാരായി ചുമതലയേറ്റിരിക്കുന്ന ഫാ. അബ്രാഹം തൊണ്ടിക്കാകുഴിയിൽ (ചങ്ങനാശ്ശേരി), ഫാ. ഏലിയാസ് കരിക്കണ്ടത്തിൽ (എടത്വാ), ഫാ. ലൂക്കാ വെട്ടുവേലിക്കളം (തൃക്കൊടിത്താനം), ഫാ. മാത്യു മുത്തുമാക്കുഴിയിൽ (തുരുത്തി) എന്നിവർക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദ്യമായ സ്വാഗതം.

❍

---

***>>> സന്ദേശനിലയം തുടർച്ച...***

ഫാ. ലൂക്കാ വെട്ടുവേലിക്കളം (തൃക്കൊടിത്താനം), ഫാ. മാത്യു മുത്തുമാക്കുഴിയിൽ (തുരുത്തി) എന്നിവരെ സന്ദേശനിലയം കുടുംബം ഹൃദയപൂർവം സ്വാഗതമറിയിക്കുന്നു

**ആദരാഞ്ജലികൾ**

എഴുമറ്റൂർ സെന്റ് ജോസഫ്സ് സൺഡേസ്കൂൾ അധ്യാപകൻ ഗ്ലാഡ്സൺ പീടികപറമ്പിലിന്റെയും പായിപ്പാട്-നാലുകോടി സെന്റ് തോമസ് സൺഡേസ്കൂൾ അധ്യാപിക ശാന്തി വീയപുരത്തിന്റെ പിതാവിന്റെയും പുഴവാത് സെന്റ് തോമസ് സൺഡേസ്കൂൾ അധ്യാപകൻ ജോബി ഏലംകുന്നിന്റെ പിതാവിന്റെയും ഏറ്റുമാനൂർ ക്രൈസ്റ്റ് ദ കിങ് സൺഡേസ്കൂൾ മുൻ അധ്യാപകൻ പി.സി. തോമസ് പനയോലിലിന്റെയും ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ സൺഡേസ്കൂൾ അധ്യാപകൻ നവീൻ മൈക്കിൾ വെട്ടുവഴിയുടെ പിതാവിന്റെയും പാറേൽ സെന്റ് മേരീസ് സൺഡേസ്കൂൾ അധ്യാപകൻ പ്രിൻസ് ആന്റണിയുടെ പിതാവിന്റെയും തത്തംപള്ളി സെന്റ് മൈക്കിൾസ് സൺഡേസ്കൂൾ മുൻ ഹെഡ്മാസ്റ്റർ ഗ്രിഗറിസാറിന്റെയും നിര്യാണത്തിൽ സൺഡേസ്കൂൾ-മിഷൻലീഗ് കുടുംബം അനുശോചനവും പ്രാർഥനയും അറിയിക്കുന്നു.

❍

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

ഒത്തിരിയേറെ സന്തോഷത്തോടും അതിലേറെ കൃതജ്ഞതയോടുംകൂടിയാണു ഞാൻ നിങ്ങൾക്ക് എഴുതുന്നത്. നൂറുമേനി സീസൺ 2 വചനമനഃപാഠമത്സരത്തോടു കാണിച്ച സഹകരണത്തിനു നന്ദി. വചനാധിഷ്ഠിതജീവിതം നയിക്കുന്നതിനു നൂറുമേനിപഠനം കൂടുതൽ പ്രചോദനമായെന്നു പലരും പറയുകയുണ്ടായി. നൂറുമേനി സീസൺ 2 ഗ്രാൻഡ് ഫിനാലെ മെഗാസമ്മേളനവും സമ്മാനദാനവും ജൂലൈ 27 ശനിയാഴ്ച രാവിലെ ഒമ്പതിനു ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ നടക്കുന്നതാണ്. മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ, ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം, ബിഷപ് മാർ തോമസ് തറയിൽ എന്നിവരുടെ മഹനീയസാന്നിധ്യം അന്നേദിവസം ഉണ്ടായിരിക്കുന്നതാണ്. സമ്മാനാർഹരായവർക്ക് അഭി. പിതാക്കന്മാരോടൊപ്പം ഫോട്ടോയെടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. സമ്മാനാർഹർ പരിപാടികളിൽ പങ്കെടുക്കുകയും സമ്മാനങ്ങൾ വാങ്ങുകയും ചെയ്യുമല്ലോ.

ഈ വർഷത്തെ ലോഗോസ് രജിസ്ട്രേഷൻ ജൂൺ ഒന്നിന് ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞവർഷത്തെ യൂസർ നെയിമും പാസ്സ്‌വേഡും ഉപയോഗിച്ചു ജൂലൈ 31നു മുമ്പായി രജിസ്ട്രേഷൻ പൂർത്തീകരിക്കേണ്ടതാണ്. നൂറുമേനിപഠനത്തിന്റെ പിൻബലത്തോടെ കൂടുതൽ പങ്കാളിത്തം ലോഗോസ് ക്വിസിലുണ്ടാകാൻ പരിശ്രമിക്കുമല്ലോ. 4 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ സൺഡേസ്കൂൾ കുട്ടികൾ, മതാധ്യാപകർ, കുടുംബക്കൂട്ടായ്മാ ലീഡേഴ്സ്, കുടുംബക്കൂട്ടായ്മകളിലെ കുടുംബങ്ങൾ, യുവജന-മാതൃ-പിതൃവേദി സംഘടനാംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചു ലോഗോസ് മത്സരം ഇടവകയിൽ ആത്മീയ ഉണർവാക്കിത്തീർക്കണമെന്നു സ്നേഹത്തോടെ അഭ്യർഥിക്കുന്നു.

കുടുംബക്കൂട്ടായ്മാസംഗമങ്ങൾ വൈകാതെ ആരംഭിക്കുന്നതാണ്. കുടുംബക്കൂട്ടായ്മാ ലീഡേഴ്സ് ഇതിൽ പങ്കെടുക്കണമെന്ന കാര്യം പ്രത്യേകം ഓർമിപ്പിക്കുന്നു.

സ്നേഹപൂർവം,

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*

**ലോഗോസ് ക്വിസ് 2024**

2024ലെ ലോഗോസ് ക്വിസിന്റെ രജിസ്ട്രേഷൻ ജൂൺ ഒന്നിന് ആരംഭിച്ചിട്ടുണ്ട്. സൺഡേസ്കൂളിലെ കുട്ടികളെ നാലുഗ്രൂപ്പുകളായി തിരിച്ച് ഇടവകതലത്തിൽ പരിശീലനം നൽകി മത്സരത്തിനായി ഒരുക്കുന്നത് അഭികാമ്യമാണ്. ഈ വർഷം കൂടുതൽപേരെ പങ്കെടുപ്പിക്കുന്നതിനു സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാരും കുടുംബക്കൂട്ടായ്മാ ലീഡേഴ്സും പ്രത്യേക താത്പര്യമെടുക്കണമെന്ന് അറിയിക്കുന്നു. ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്ന സൺഡേസ്കൂളിനും ഇടവകകൾക്കും ഫൊറോനാടിസ്ഥാനത്തിൽ പുരസ്കാരങ്ങൾ നൽകുന്നതാണ്.

ഈ വർഷം ലോഗോസ് ക്വിസ് രജിസ്ട്രേഷനുള്ള ഫീസ് ഒരാൾക്ക് 20 രൂപയായി കെ.സി.ബി.സി. നിശ്ചയിച്ചിരിക്കുകയാണ്. ഇതിൽ രണ്ടുരൂപ ഇടവക കൾക്കു ലഭിക്കുന്നതാണ്. ബാക്കി അതിരൂപതാ പി.ഒ.സി. വിഹിതമാണ്. ബധിര-ഭിന്നശേഷിയുള്ളവർക്കും കുടുംബങ്ങൾക്കും സംസ്ഥാനതലത്തിൽ മത്സരിക്കുന്നതിന് അവസരമുണ്ട്. ഈ വർഷം കോൺഗ്രിഗേഷനുകൾക്കു ലോഗോസിൽ പ്രത്യേകമായി രജിസ്റ്റർ ചെയ്തു മത്സരത്തിൽ പങ്കെടുക്കുന്ന തിനുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്. മിനിമം 25 മത്സരാർഥികളുണ്ടെങ്കിൽ പ്രത്യേക സെന്റർ ലഭിക്കുന്നതാണ്.

**നൂറുമേനി സീസൺ 2: ഗ്രാൻഡ് ഫിനാലെ മെഗാസമ്മേളനം**

**ജൂലൈ 27 ശനിയാഴ്ച** ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ നൂറുമേനി സീസൺ 2: ഗ്രാൻഡ് ഫിനാലെ മെഗാസമ്മേളനം നടത്തപ്പെടുന്നതാണ്. മുഖ്യാതിഥി മേജർ ആർച്ചുബിഷപ് അഭി. മാർ റാഫേൽ തട്ടിൽപിതാവാണ്. അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവ് അധ്യക്ഷത വഹിക്കും. രാവിലെ 8.30നു രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്. ഓരോ ഇട വകയിൽനിന്നും ഇടവക, ഫൊറോനാതലങ്ങളിൽ കാറ്റഗറി ഫസ്റ്റ്, സെക്കന്റ്, തേർഡ്; വ്യക്തിഗതമായി 100 മാർക്കോ അതിൽ കൂടുതലോ ലഭിച്ചവർ; കുടുംബ മത്സരത്തിൽ ഫസ്റ്റ്, സെക്കന്റ്, തേർഡ് ലഭിച്ചവർ; ടീമായി 200 മാർക്കോ അതിൽ കൂടുതലോ ലഭിച്ചവർ; വീഡിയോമത്സരത്തിൽ വ്യക്തിഗതമായി സമ്മാനാർഹ രായവർ എന്നിവർ അന്നേദിവസം വന്നു സമ്മാനങ്ങൾ ഏറ്റുവാങ്ങേണ്ടതാണ്. ഓരോരുത്തർക്കും നിശ്ചയിച്ചുതന്നിരിക്കുന്ന കൗണ്ടറുകളിൽനിന്നും നിങ്ങൾക്കു നൽകിയിരിക്കുന്ന കൂപ്പണുകൾ ഏല്പിച്ചു സമ്മാനങ്ങൾ വാങ്ങി ഹാളിനുള്ളിൽ ഫൊറോനയ്ക്കായി ക്രമീകരിച്ചിരിക്കുന്ന സ്ഥലങ്ങളിൽ ഇരിക്കേണ്ടതാണ്. അഭി. പിതാക്കന്മാരോടൊപ്പം ഫോട്ടോയെടുക്കാൻ എല്ലാവർക്കും സാധിക്കുന്ന താണ്. സമ്മാനാർഹരായവരെ ജൂലൈ 27ലെ സമ്മേളനത്തിലേക്കു പറഞ്ഞ യയ്ക്കുന്ന കാര്യം അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. എല്ലാവർക്കും ഉച്ച ഭക്ഷണം നൽകുന്നതാണ്.

അതിരൂപതാ ബൈബിൾ അപ്പോസ്തലേറ്റിന്റെയും MAC ടി.വി.യുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെട്ട നൂറുമേനി സീസൺ 2 മത്സരത്തിൽ അഞ്ചുറീജനുകളിൽനിന്നായി ഗ്രാൻഡ് ഫിനാലെയിലേക്കു തെരഞ്ഞെടു ക്കപ്പെട്ട ടീമുകൾ താഴെപ്പറയുന്നവയാണ്:

**കുട്ടനാട് റീജൻ** (ആലപ്പുഴ, ചമ്പക്കുളം, മുഹമ്മ, പുളിങ്കുന്ന്, എടത്വാ)
മോൻസി ആന്റണി കണ്ടത്തിൽ & ഫാമിലി
മാർ സ്ലീവാ ഫൊറോന, ആലപ്പുഴ - പഴവങ്ങാടി

**ചങ്ങനാശ്ശേരി റീജൻ** (ചങ്ങനാശ്ശേരി, തുരുത്തി, തൃക്കൊടിത്താനം, ചെങ്ങന്നൂർ)
ടി.ടി. ജോൺ കൂമ്പംവേലിൽ & ഫാമിലി
സെന്റ് മേരീസ്, പാറേൽ

**തെക്കൻ മേഖല** (തിരുവനന്തപുരം റീജൻ- തിരുവനന്തപുരം, അമ്പൂരി, കൊല്ലം - ആയൂർ)
കെ.കെ. തോമസ് കുരിശുംമൂട്ടിൽ & ഫാമിലി
സെന്റ് അൽഫോൻസാ, പോങ്ങുമ്മൂട്

*ശേഷം പേജ് 49ൽ* ➤➤➤

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോമ്ശിഹായിൽ പ്രിയ സഹോദരങ്ങളേ,

ശ്ലീഹാക്കാലം പിന്നിട്ടു കൈത്താക്കാലത്തിലേക്കു നാം പ്രവേശിക്കുകയാണ്. ശ്ലീഹന്മാരുടെ സാക്ഷ്യത്തിൽനിന്നും പ്രചോദനം സ്വീകരിച്ചവരുടെ ഫലദായകമായ മെസയാനികജീവിതത്തെ സഭ സവിശേഷമായി ധ്യാനിക്കുന്ന കാലമാണു കൈത്താക്കാലം. സകലസൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞു മുടിചൂടിനിൽക്കുന്ന സഭയിൽ ദൈവത്തെ മഹത്വപ്പെടുത്താനുള്ള നമ്മുടെ ദൈവവിളി ഫലപ്രദമാക്കാൻ ആത്മാർഥമായി ശ്രമിക്കാം.

ദുക്റാനതിരുനാൾ, ഗ്രാന്റ് പേരന്റ്സ് ഡേ, മാർത്ത് അൽഫോൻസായുടെ തിരുനാൾ എന്നിങ്ങനെ സവിശേഷമായ ഓർമദിനങ്ങൾ ഈ കാലയളവിൽ കടന്നുവരുന്നുണ്ട്. ഇവയൊന്നും കേവലമായ സ്മരണകളിൽ ഒതുങ്ങേണ്ടവയല്ല. അവയുൾക്കൊള്ളുന്ന സാക്ഷ്യവും സന്ദേശവും ജീവിതത്തിൽ പകർത്താൻ പരിശ്രമിക്കാം.

കെ.സി.ബി.സി. പ്രോലൈഫ് സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന **'കേരള മാർച്ച് ഫോർ ലൈഫ്'** എന്നപേരിലുള്ള ജീവസംരക്ഷണസന്ദേശയാത്ര ജൂലൈ 13നു നമ്മുടെ അതിരൂപതയിൽ എത്തിച്ചേരുകയാണ്. വിശദാംശങ്ങൾ പിന്നീട് അറിയിക്കുമ്പോൾ അതിന് ഏവരുടെയും സഹകരണമുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് ഇരുപ്പക്കാട്ട്**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### പിതൃവേദി റൂബിജൂബിലി സുവനീർപ്രകാശനം

പിതൃവേദിയുടെ റൂബിജൂബിലിയോടനുബന്ധിച്ചു ഫാമിലി അപ്പോസ്തലേറ്റ്-പിതൃവേദി-മാതൃവേദി പ്രസ്ഥാനങ്ങളുടെ ചരിത്രം ഉൾക്കൊള്ളിച്ചുകൊണ്ടു തയ്യാറാക്കിയ സുവനീറിന്റെ പ്രകാശനം ജൂൺ മൂന്നിന് അതിരൂപതാകേന്ദ്രത്തിൽ അഭി. മാർ തോമസ് തറയിൽപിതാവു നിർവഹിച്ചു. സുവനീറിന്റെ പൂർത്തീകരണത്തിനായി സഹകരിച്ചവരെ നന്ദിയോടെ ഓർക്കുന്നു.

### മാതൃവേദി-പിതൃവേദി അതിരൂപതാ ആനിമേഷൻ ടീം അംഗങ്ങളുടെ ജീവകാരുണ്യഭവന സന്ദർശനം

മാതൃദിന-പിതൃദിനാചരണങ്ങളുടെ ഭാഗമായി ജൂൺ മൂന്നിന് അതിരൂപതാ ആനിമേഷൻ ടീമംഗങ്ങൾ ചങ്ങനാശ്ശേരി സെന്റ് വിൻസെന്റ് ഡി പോൾ പുവർ ഹോം സന്ദർശിച്ചു സ്വരൂപിച്ച സംഭാവന കൈമാറി.

### പിതൃദിനാചരണം

പിതൃദിനത്തോടനുബന്ധിച്ചു ജൂൺ 16നും തുടർന്നുള്ള ദിവസങ്ങളിലുമായി യൂണിറ്റുകളിൽ പിതാക്കന്മാരുടെ സംഗമങ്ങളും മറ്റുപരിപാടികളും ക്രമീകരിച്ചു.

**ലോകവിധവാദിനം**

ജൂൺ 23നു ലോകവിധവാദിനത്തോടനുബന്ധിച്ചു യൂണിറ്റുകളിൽ വിധവകളുടെ സംഗമങ്ങളും പ്രാർഥനാക്കൂട്ടായ്മയും സംഘടിപ്പിച്ചു.

**ലോകലഹരിവിരുദ്ധദിനം**

ജൂൺ 26നു ലോകലഹരിവിരുദ്ധദിനാചരണത്തോടനുബന്ധിച്ചു ലഹരിവിരുദ്ധസന്ദേശങ്ങൾ കൈമാറുന്ന പരിപാടികൾ യൂണിറ്റ്-ഫൊറോനാതലങ്ങളിൽ ക്രമീകരിച്ചു.

**പ്രോലൈഫ് ശുശ്രൂഷകൾ**

അതിരൂപതാതലത്തിൽ പ്രോലൈഫ് ശുശ്രൂഷകൾ ജൂൺ 28നു പാറേൽ സെന്റ് മേരീസ് പള്ളിയിൽ നടത്തപ്പെട്ടു. ജിയാന്ന പുണ്യവതിയോടുള്ള മാധ്യസ്ഥ്യപ്രാർഥനയും ജീവന്റെ സംരക്ഷണത്തെക്കുറിച്ചുള്ള സന്ദേശവും പങ്കുവെക്കലും ഇതിന്റെ ഭാഗമായിരുന്നു.

## ഓർമിക്കാൻ

**ജൂലൈ 1 - ദേശീയ ഡോക്ടേഴ്സ് ഡേ**

ഇടവകയിലെ ഡോക്ടർമാരെ ഒരുമിച്ചുകൂട്ടി അവരുടെ പ്രവർത്തനങ്ങളെ അഭിനന്ദിക്കാം. അവരുടെ അനുഭവസാക്ഷ്യങ്ങൾ കേൾക്കാം. ജീവന്റെ ശുശ്രൂഷയെ സഹായിക്കത്തക്കരീതിയിൽ സെമിനാറുകളിൽ ക്ലാസ്സ് എടുക്കാൻ ആഗ്രഹമുള്ള ഡോക്ടർമാരുടെ വിവരങ്ങൾ ശേഖരിച്ച് അതിരൂപതാകേന്ദ്രത്തിൽ ഏല്പിക്കാം.

**ജൂലൈ 26 - മുത്തശ്ശീമുത്തച്ഛന്മാരുടെ വാരാഘോഷം**

65 വയസിനുമുകളിലുള്ളവരെ ഒരുമിച്ചുകൂട്ടി പരിശുദ്ധ കുർബാനയർപ്പണവും സെമിനാറുകളും ചർച്ചയും കലാപരിപാടികളും സംഘടിപ്പിക്കാം.

**പ്രോലൈഫ് ശുശ്രൂഷ**

ജൂലൈമാസം യൂണിറ്റുകളിൽ പ്രോലൈഫ് ശുശ്രൂഷകൾ ക്രമീകരിക്കേണ്ടതാണ്. യൂണിറ്റുതലത്തിൽ പ്രോലൈഫ് പ്രാർഥനകളും പ്രോലൈഫ് ബോധവത്കരണസംഗമങ്ങളും ക്രമീകരിക്കാൻ ശ്രദ്ധിക്കുമല്ലോ.

**അതിരൂപതാ കലോത്സവം**

**അതിരൂപതാ രചനാമത്സരം-** ഓഗസ്റ്റ് 25 ഞായർ ഉച്ചകഴിഞ്ഞ് 2.30

ഫൊറോനാതല അവതരണമത്സരങ്ങൾ *ഒക്ടോബർ ഇരുപത്തിയേഴിനുള്ളിൽ* പൂർത്തിയാക്കണം

**അതിരൂപതാ കലോത്സവം-** നവംബർ 9 ശനി

**രചനാമത്സരങ്ങൾ-** കവിതാരചന, കഥാരചന, ഉപന്യാസം, പെൻസിൽ ഡ്രോയിങ്, ക്വിസ്

**അവതരണമത്സരങ്ങൾ-** സംഗീതം, പ്രസംഗം, മാർഗംകളി, കോലടി, സംഘഗാനം, സാമൂഹികനാടകം

## വിവാഹ ഒരുക്കധ്യാനം

| മാസം | തീയതി | സ്ഥലം |
|---|---|---|
| ജൂലൈ | 08, 09, 10 | ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ |
| | 29, 30, 31 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| ഓഗസ്റ്റ് | 05, 06, 07 | ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ |
| | 19, 20, 21 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 26, 27, 28 | |

**കൂടുതൽ വിവരങ്ങൾക്ക്: 0481 2424476, 9447016240**
**വിളിക്കേണ്ട സമയം: 10am - 5pm**

❍

➤➤➤ ***ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ തുടർച്ച...***

**കോട്ടയം റീജൻ** (കോട്ടയം, കുടമാളൂർ, അതിരമ്പുഴ)

ഡോ. സിജു തോമസ് ജോൺ,
ഷാരോൺ കുറ്റിക്കാട്
സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ, കുടമാളൂർ

**നെടുങ്കുന്നം റീജൻ** (നെടുങ്കുന്നം, മണിമല, കുറുമ്പനാടം)

എ.റ്റി. ജോബ് ആറുപറ & ഫാമിലി
സെന്റ് ആന്റണീസ് ഫൊറോന, കുറുമ്പനാടം

**നൂറുമേനി മെഗാഫൈനൽമത്സരം**

നൂറുമേനി മെഗാഫൈനൽമത്സരം **ജൂലൈ 26 വെള്ളി** രാവിലെ 11ന് ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ നടത്തപ്പെടുന്നതാണ്. അതിരൂപതയിലെ 5 റീജനുകളിൽനിന്നും ഒന്നാം സ്ഥാനം ലഭിച്ച 5 കുടുംബങ്ങളാണ് ഇതിൽ പങ്കെടുക്കുന്നത്. മത്സരാർഥികൾ അന്നേദിവസം രാവിലെ ഒമ്പതിന് എത്തിച്ചേരണമെന്ന് അറിയിക്കുന്നു.

**MAC TV സബ്സ്ക്രിപ്ഷൻ ക്യാംപെയ്ൻ**

വളരെ ചുരുങ്ങിയ കാലംകൊണ്ട് MAC TV ഒരുലക്ഷം സബ്സ്ക്രിപ്ഷൻ എന്ന വലിയനേട്ടം കൈവരിച്ചിരിക്കുന്നു. MAC TV ടീമിന് അതിരൂപതാകുടുംബക്കൂട്ടായ്മ-ബൈബിൾ അപ്പോസ്തലേറ്റ്-ഡി.എഫ്.സി. കുടുംബാംഗങ്ങളുടെ അഭിനന്ദനങ്ങൾ. ജൂലൈമാസം MAC TV സബ്സ്ക്രിപ്ഷൻ ക്യാംപെയ്നു കുടുംബക്കൂട്ടായ്മാ ലീഡേഴ്സ് നേതൃത്വം നൽകണം. കുടുംബക്കൂട്ടായ്മകളിൽ എല്ലാ കുടുംബാംഗങ്ങളും വിദേശത്തും സ്വദേശത്തുമുള്ള അംഗങ്ങളെ MAC TV സബ്സ്ക്രൈബ് ചെയ്യാൻ പ്രേരിപ്പിക്കുമല്ലോ.

❍

# യുവദീപ്തി-എസ്.എം.വൈ.എം.

**ഫെയ്ത്ത് കോൺഫറെൺസ്**

യുവജനങ്ങളുടെ ആത്മീയവളർച്ച ലക്ഷ്യംവെച്ചുകൊണ്ടും അവരിൽ മിഷൻ ചൈതന്യം വളർത്തുന്നതിനുമായി 'ഫെയ്ത്ത് കോൺഫറെൺസ്' എന്ന പേരിൽ ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ മെയ് 24, 25, 26 തീയതികളിൽ ത്രിദിനക്യാമ്പ് സംഘടിപ്പിച്ചു. എം.എസ്.റ്റി. സന്യാസവൈദികരാണ് ഇതു നയിച്ചത്. നൂറോളം യുവജനങ്ങൾ പങ്കെടുത്തു. അതിരൂപതാ പ്രസിഡന്റ് ജോയൽ ജോൺ റോയിയുടെ അധ്യക്ഷതയിൽചേർന്ന സമ്മേളനത്തിൽ അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ 'ഫെയ്ത്ത് കോൺഫറെൺസ്' ഉദ്ഘാടനംചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ, അസ്സി. ഡയറക്ടർ ഫാ. വർഗീസ് പുളിയ്ക്കപ്പടവിൽ, ഡെപ്യൂട്ടി പ്രസിഡന്റ് ലിന്റ ജോഷി, ജനറൽ സെക്രട്ടറി സഞ്ജയ് സതീഷ് എന്നിവർ പ്രസംഗിച്ചു. ആനി കെ. തോമസ്, അതിരൂപതാ ഓഫീസ് സെക്രട്ടറി ലാലിച്ചൻ മറ്റത്തിൽ, ജോസഫ് ജോർജ്, രേഷ്മ ദേവസ്യ, മെറീറ്റ ജോസഫ്, സി. തെരസീന എൽ.ഡബ്ല്യു.എസ്.എച്ച്. എന്നിവർ ക്യാമ്പിനു നേതൃത്വംനൽകി.

**എലോറ: പുളിങ്കുന്ന് ഫൊറോനാക്യാമ്പ്**

പുളിങ്കുന്ന് ഫൊറോനയുടെ പ്രാർഥന-പഠന-പരിശീലനക്യാമ്പ് *എലോറ* എന്നപേരിൽ മെയ് 17, 18, 19 തീയതികളിൽ പുന്നപ്ര മാർ ഗ്രിഗോറിയോസ് കോളേജിൽ നടത്തപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് ആന്റണി ജോസിന്റെ അധ്യക്ഷതയിൽചേർന്ന സമ്മേളനത്തിൽ ഫൊറോനാ ഡയറക്ടർ ഫാ. ജേക്കബ് കളത്തിവീട്ടിൽ ക്യാമ്പ് ഉദ്ഘാടനംചെയ്തു. അതിരൂപതാ പ്രസിഡന്റ് ജോയൽ ജോൺ റോയി, അതിരൂപതാ ഓഫീസ് സെക്രട്ടറി ലാലിച്ചൻ മറ്റത്തിൽ, മരിയറാണി ജോസഫ്, അലീന സിബി, പോൾ എം.പി., ഷെറിൻ ജോർജ് എന്നിവർ പ്രസംഗിച്ചു. ഫാ. ആന്റണി ആനക്കല്ലുങ്കൽ, ഫാ. വർഗീസ് പുളിയ്ക്കപ്പടവിൽ, ഫാ. ജേക്കബ് കളത്തിവീട്ടിൽ, ഷിജോ കണമല, സി. ദീപ്തി മരിയ എഫ്.സി.സി., ജോയൽ ജോൺ റോയി എന്നിവർ ക്ലാസ്സുകൾ നയിച്ചു. ക്രിസ്റ്റി കെ. കുഞ്ഞുമോൻ, ലീബ ബാബു, ലൂസി പീലിപ്പോസ് എന്നിവർ ക്യാമ്പിനു നേതൃത്വംനൽകി.

**എലോറ: ചമ്പക്കുളം ഫൊറോനാക്യാമ്പ്**

ചമ്പക്കുളം ഫൊറോനയുടെ പ്രാർഥന-പഠന-പരിശീലനക്യാമ്പ് *എലോറ* എന്നപേരിൽ മെയ് 17, 18, 19 തീയതികളിൽ ചമ്പക്കുളം ബിഷപ് കുര്യാളശ്ശേരി പബ്ലിക് സ്കൂളിൽ നടത്തപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് റ്റിബിൻ തോമസിന്റെ അധ്യക്ഷതയിൽചേർന്ന സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ ക്യാമ്പ് ഉദ്ഘാടനംചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. വർഗീസ് പനച്ചിങ്കൽ, സി. അനിത ജോസ് എസ്.എ.ബി.എസ്., നിമിഷ മേരി ചാക്കോ, ജോർജ് മൈക്കിൾ, ക്രിസ്റ്റി മരിയ ജോസഫ്, ജോബിന ജോർജ് എന്നിവർ പ്രസംഗിച്ചു. ഫാ. ആന്റണി ആനക്കല്ലുങ്കൽ, ഫാ. വർഗീസ് പുളിയ്ക്കപ്പടവിൽ, ഷിജോ കണമല, സി. ദീപ്തി മരിയ എഫ്.സി.സി., ജോയൽ ജോൺ

റോയി എന്നിവർ ക്ലാസ്സുകൾ നയിച്ചു. റീജന്റ് ബ്രദർ ടോം കൊമ്പാറനിരപ്പേൽ, എലിസബത്ത് വർഗീസ്, ജോർജ് മൈക്കിൾ എന്നിവർ ക്യാമ്പിനു നേതൃത്വം നൽകി.

**എലോറ: അമ്പൂരി ഫൊറോനാക്യാമ്പ്**

അമ്പൂരി ഫൊറോനയുടെ പ്രാർഥന-പഠന-പരിശീലനക്യാമ്പ് *എലോറ* എന്നപേരിൽ മെയ് 24, 25, 26 തീയതികളിൽ തിരുവനന്തപുരം കുറ്റിച്ചൽ ലൂർദ്സ് മാതാ എൻജിനീയറിങ് കോളേജിൽ നടത്തപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് സിജിൻ ജേക്കബിന്റെ അധ്യക്ഷതയിൽചേർന്ന സമ്മേളനത്തിൽ അമ്പൂരി സെന്റ് ജോർജ് ഫൊറോനാപ്പള്ളിവികാരി ഫാ. ഫ്രാൻസിസ് കരുവേലിൽ ക്യാമ്പ് ഉദ്ഘാടനംചെയ്തു. സി. റിൻസ് മരിയ എ.എസ്.എം.ഐ., ഭാരവാഹികളായ ബിൻസി ജോസഫ്, അജോ ജോർജ്, ബീന തോമസ് എന്നിവർ ആശംസക ളർപ്പിച്ചു. ഫാ. ആന്റണി ആനക്കല്ലുങ്കൽ, സി. ദീപ്തി മരിയ എഫ്.സി.സി., ഷിജോ കണമല, ഫാ. സെബാസ്റ്റ്യൻ മഞ്ചേരിക്കളം, ജോയൽ ജോൺ റോയി എന്നിവർ ക്ലാസ്സുകൾ നയിച്ചു. ക്രിസ്റ്റി കെ. കുഞ്ഞുമോൻ, എലിസബത്ത് വർഗീസ്, അമല ജോസഫ് എന്നിവർ ക്യാമ്പിനു നേതൃത്വംനൽകി.

**എലോറ: ചെങ്ങന്നൂർ ഫൊറോനാക്യാമ്പ്**

ചെങ്ങന്നൂർ ഫൊറോനയുടെ പ്രാർഥന-പഠന-പരിശീലനക്യാമ്പ് *എലോറ* എന്നപേരിൽ മെയ് 10, 11, 12 തീയതികളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്ര ത്തിൽ നടത്തപ്പെട്ടു. ചെങ്ങന്നൂർ ഫൊറോനാ പ്രസിഡന്റ് അലൻ ഷിയറ്റിന്റെ അധ്യക്ഷതയിൽചേർന്ന സമ്മേളനത്തിൽ അതിരൂപതാ അസ്സി. ഡയറക്ടർ ഫാ. വർഗീസ് പുളിയ്ക്കപ്പടവിൽ ക്യാമ്പ് ഉദ്ഘാടനംചെയ്തു. അതിരൂപതാ പ്രസിഡന്റ് ജോയൽ ജോൺ റോയി, ഐശ്വര്യ റോയി, അലീന മരിയ ഫിലിപ്പ്, എബിൻ ആന്റണി, സന എലിസബത്ത് സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. ഫാ. ആന്റണി ആനക്കല്ലുങ്കൽ, ഫാ. വർഗീസ് പുളിയ്ക്കപ്പടവിൽ, ഷിജോ കണമല, സി. ദീപ്തി മരിയ എഫ്.സി.സി. എന്നിവർ ക്ലാസ്സുകൾ നയിച്ചു. ക്രിസ്റ്റി കെ. കുഞ്ഞുമോൻ, എലിസബത്ത് വർഗീസ്, അമല ജോസഫ് എന്നിവർ ക്യാമ്പിനു നേതൃത്വംനൽകി.

**ആന്റപ്പൻ അമ്പിയായം പരിസ്ഥിതിപ്രസംഗമത്സരം**

യുവദീപ്തി-എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ആന്റ പ്പൻ അമ്പിയായം പരിസ്ഥിതിപ്രസംഗമത്സരം ജൂൺ എട്ടിനു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് ജോയൽ ജോൺ റോയിയുടെ അധ്യക്ഷതയിൽചേർന്ന സമ്മേളനത്തിൽ അതിരൂപതാ അസ്സി. ഡയറക്ടർ ഫാ. ജോസഫ് പുതുവീട്ടിൽക്കളം പ്രസംഗമത്സരം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഓഫീസ് സെക്രട്ടറി ലാലിച്ചൻ മറ്റത്തിൽ പരിസ്ഥിതി പ്രവർത്തകനായിരുന്ന ആന്റപ്പൻ അമ്പിയായത്തെ അനുസ്മരിച്ചുസംസാരിച്ചു. ജനറൽ സെക്രട്ടറി സഞ്ജയ് സതീഷ്, ജോസഫ് ജോർജ്, അമല ജോസഫ്, ആനി കെ. തോമസ് എന്നിവർ പ്രസംഗിച്ചു. യുവാക്കൾക്കും യുവതികൾക്കും പ്രത്യേകമത്സരമുണ്ടായിരുന്നു.

### വിജയികൾ

| | | |
|---|---|---|
| **യുവാക്കൾ** | | **ഫൊറോന** |
| ഒന്നാം സ്ഥാനം: | ജോൺസൺ ജിജി, നാൽപാത്തിമല | അതിരമ്പുഴ |
| രണ്ടാം സ്ഥാനം: | ചെറിയാൻ ജോൺ, മാന്നില | കുറുമ്പനാടം |
| മൂന്നാം സ്ഥാനം: | ക്രിസ്റ്റോ ആന്റണി, തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| **യുവതികൾ** | | **ഫൊറോന** |
| ഒന്നാം സ്ഥാനം: | ജിയ മരിയ ഫിലിപ്പ്, മിത്രക്കരി | പുളിങ്കുന്ന് |
| രണ്ടാം സ്ഥാനം: | മെരീന സജി, മാവേലിക്കര | ചെങ്ങന്നൂർ |
| മൂന്നാം സ്ഥാനം: | ആഞ്ചലിൻ മാർഗരറ്റ് മാത്യു, പുളിങ്കുന്ന് | പുളിങ്കുന്ന് |

**'എമ്മാവൂസ് യാത്ര' നടത്തിയ യൂണിറ്റുകൾ**

*തുരുത്തി ഫൊറോന:* പൊടിപ്പാറ, ഇത്തിത്താനം, യൂദാപുരം, തുരുത്തി, കുറിച്ചി, കാവാലം സെന്റ് ജോസഫ്സ്, ഈര

*ചങ്ങനാശ്ശേരി ഫൊറോന:* വെരൂർ, പാറേൽ, ചീരഞ്ചിറ, ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ, ചെത്തിപ്പുഴ, പെരുന്ന ഈസ്റ്റ്, പുഴവാത്, ഗത്സേമനി, ളായിക്കാട്, കുമരങ്കരി, പറാൽ, കിടങ്ങറ, മഹേന്ദ്രപുരം, മനയ്ക്കച്ചിറ, വെട്ടിത്തുരുത്ത്.

## ജൂലൈമാസത്തെ പരിപാടികൾ

**ജൂലൈ 7: നിരണം തീർഥാടനം**

യുവദീപ്തി-എസ്.എം.വൈ.എം. നേതൃത്വംനൽകുന്ന 18-ാമതു നിരണം തീർഥാടനം **ജൂലൈ 7 ഞായറാഴ്ച** നടത്തപ്പെടുന്നു. തീർഥാടനത്തിനു യുവജനങ്ങളോടൊപ്പം മുതിർന്നവരെക്കൂടി പറഞ്ഞയയ്ക്കുമല്ലോ. യൂണിറ്റ് ആനിമേറ്റേഴ്സിനെ യുവജനങ്ങളോടൊപ്പം തീർഥാടനത്തിനു പറഞ്ഞുവിടുന്നത് ഉചിതമാണ്. വാഹനങ്ങളിൽ വരുന്നവർ നേരിട്ടു നിരണത്ത് എത്തുന്നതിനു പകരം താഴെകൊടുത്തിരിക്കുന്ന ഏതെങ്കിലും സ്ഥലങ്ങളിൽനിന്നും തീർഥാടകരോടൊപ്പം ചേരാൻ ശ്രദ്ധിക്കണം.

*ളായിക്കാട്, ഇടിഞ്ഞില്ലം, വേങ്ങൽ, കാവുംഭാഗം*

സൺഡേസ്കൂളിൽ പഠിക്കുന്ന പ്ലസ് വൺ, പ്ലസ് ടു വിദ്യാർഥികളെക്കൂടി തീർഥാടനത്തിനു അധ്യാപകരോടൊപ്പം പറഞ്ഞുവിടാൻ ശ്രദ്ധിക്കുമല്ലോ.

**ജൂലൈ 14: യുവജനദിനാചരണം കൂരോപ്പടയിൽ**

അതിരൂപതാതല യുവജനദിനാചരണപരിപാടികൾ **ജൂലൈ 14 ഞായറാഴ്ച** ഉച്ചകഴിഞ്ഞു രണ്ടുമുതൽ കോട്ടയം ഫൊറോനയിലെ കൂരോപ്പട യൂണിറ്റിൽ നടത്തപ്പെടുന്നു. യൂണിറ്റുകളിൽനിന്നും 10 യുവജനങ്ങളെവീതം പറഞ്ഞുവിടുമല്ലോ.

**ജൂലൈ 16:** മീഡിയ കോഡിനേറ്റേഴ്സ് മീറ്റ്

**ജൂലൈ 28:** ഫൊറോനാ അർധവാർഷികറിപ്പോർട്ടവതരണം

**ഫാ. ജോസഫ് പുതുവീട്ടിൽക്കളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ആന്റണി ആനക്കല്ലുങ്കൽ**
*(ഡയറക്ടർ)*

**ജോയൽ ജോൺ റോയി**
*(പ്രസിഡന്റ്)*

# സീയോൻ ധ്യാനകേന്ദ്രം

| | |
|---|---|
| **ജൂലൈ 07-12** | വൈദികരുടെ ധ്യാനം |
| **ജൂലൈ 29-31** | വിവാഹ ഒരുക്കധ്യാനം |
| **സെപ്റ്റംബർ 20-22** | ദമ്പതീധ്യാനം |

പ്രിയപ്പെട്ട അച്ചന്മാരേ, വൈദികരുടെ ധ്യാനാവസരത്തിൽ സിംഗിൾ റൂം, താഴത്തെ നിലയിലെ മുറി എന്നിവ വേണ്ടവർ മുൻകൂട്ടി അറിയിക്കുമല്ലോ: **9495107045**

**വാർധക്യത്തിൽ അനുഗ്രഹമായി സീയോനിൽ ഗ്രേസ്ഫുൾധ്യാനം**

നമ്മുടെ ധ്യാനകേന്ദ്രം പ്രായമായവർക്ക് ആശ്വാസകേന്ദ്രമായിരിക്കുകയാണ്. അറുപതുവയസിനു മുകളിൽ പ്രായമായവർക്കുവേണ്ടി ഇവിടെ താമസിച്ചു നടത്തുന്ന നാലുദിവസത്തെ ഗ്രേസ്ഫുൾധ്യാനം അനുഗ്രഹമായി മാറിക്കൊണ്ടിരിക്കുന്നു. 60 മുതൽ 99 വയസുവരെയുള്ളവർ വിവിധ രൂപതകളിൽ നിന്നും പങ്കെടുക്കുന്നുണ്ട്. വാർധകൃത്തിലെ പ്രശ്നങ്ങളും പ്രതിവിധികളും സംബന്ധിച്ച പ്രഭാഷണങ്ങൾ, കൗൺസെലിങ്ങ്, സൗഖ്യദായകശുശ്രൂഷകൾ, വ്യായാമപരിശീലനം പ്രാർഥനകൾ, ഉല്ലാസപരിപാടികൾ എന്നിവ പ്രായമായവരുടെ ജീവിതസായാഹ്നത്തിലെ പ്രശ്നങ്ങൾക്കു പരിഹാരമേകുന്നു. വൈദികരും ഡോക്ടേഴ്സും അല്മായരും ധ്യാനത്തിനു നേതൃത്വംനൽകുന്നു. ഒന്നിടവിട്ട മാസങ്ങളിലാണു ധ്യാനം നടത്തുന്നത്.

അടുത്തധ്യാനം **ജൂലൈ 21-24, സെപ്റ്റംബർ 22-25**
ബുക്കിങ്ങിനു വിളിക്കുക: **9495107045**

**ധ്യാനകേന്ദ്രവും വിശ്വാസപരിശീലനവും**

സഭാകൂട്ടായ്മയിലെ എല്ലാ വിഭാഗത്തിലും പ്രായത്തിലുമുള്ളവർക്കു വിശ്വാസജീവിതത്തിൽ വളർച്ചയും ഉണർവും നൽകുന്നതിനു ധ്യാനകേന്ദ്രം പ്രയോജനപ്പെടട്ടെ. താമസിച്ചുള്ള ധ്യാനങ്ങളും ക്യാമ്പുകളും നടത്താൻ ഇടവകകൾ മുന്നോട്ടുവരട്ടെ.

ശുശ്രൂഷകൾക്കായി വിളിക്കുക: **9495107045**

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ഡയറക്ടർ)*

# ചാസ്സ്
## (CHANGANACHERRY SOCIAL SERVICE SOCIETY)

**ചാസ്സിൽനിന്നും ആശംസകൾ !**

ആഗോളതലത്തിൽ ജൂലൈ 3 പ്ലാസ്റ്റിക് ബാഗ് നിരോധനദിനമായി ആചരിക്കുകയാണ്. എന്നാൽ ഇങ്ങനെ ഒരു ദിനാചരണത്തെക്കുറിച്ചു ബഹുഭൂരിപക്ഷം പേർക്കും അറിവില്ല എന്നതാണു സത്യം. ഈ കാലഘട്ടത്തിലെ പരിസ്ഥിതി അപചയത്തിന്റെ ഏറ്റവും പ്രധാനകാരണം പ്ലാസ്റ്റിക്കിന്റെ അമിതമായ ഉപയോഗമാണ്. പ്ലാസ്റ്റിക്കിന്റെ അനിയന്ത്രിതമായ ഉപയോഗവും വലിച്ചെറിയലും ആഗോളതാപനത്തിനും കാലാവസ്ഥാവ്യതിയാനത്തിനും ഇടയാക്കുന്നു. കൂടാതെ ജലം, വായു, മണ്ണ് എന്നിവയുടെ തനിമ നഷ്ടപ്പെടുത്തി അവയെ മലീമസമാക്കുകയും ചെയ്യുന്നു. ക്യാൻസർപോലുള്ള മാരകരോഗങ്ങൾക്ക് ഇവ കാരണമായിത്തീരുന്നതിനോടൊപ്പം ആവാസവ്യവസ്ഥയെ തകിടംമറിച്ചു ജീവിതം ദുസ്സഹമാക്കിത്തീർക്കുന്ന ഒന്നായി പ്ലാസ്റ്റിക് മാറിയിരിക്കുന്നു. പ്ലാസ്റ്റിക്കും പ്ലാസ്റ്റിക് ഉല്പന്നങ്ങളും ഉല്പാദിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും നിയന്ത്രണം വരുത്താതെ അവ യഥേഷ്ടം വിപണിയിലും സമൂഹത്തിലും കുടുംബത്തിലും ലഭ്യമാകാൻ അവസരമൊരുക്കുന്ന ഭരണാധികാരികൾ, പ്ലാസ്റ്റിക് ക്യാരിബാഗ്പോലുള്ള സാധനങ്ങൾ ഹരിതകർമസേനക്കു യൂസർ ഫീ നൽകി എല്ലാമാസവും കൊടുത്തില്ലെങ്കിൽ പിഴ ഈടാക്കുന്ന വിരോധാഭാസനിയമങ്ങളാണു നാട്ടിൽ നടപ്പിലാക്കുന്നത്. പ്ലാസ്റ്റിക്കിന്റെ ലഭ്യത കുറയ്ക്കാതെ എങ്ങനെ അതിന്റെ ഉപയോഗം കുറയ്ക്കാൻ സാധിക്കും? ഇവിടെയാണു ചാസ്സിന്റെപോലുള്ള സന്നദ്ധസംഘടനകളുടെ സേവനം ജനത്തിനും രാജ്യത്തിനും മാതൃകയായി മാറുന്നത്. പതിറ്റാണ്ടുകളായി ചാസ്സ് 'നോ ടു പ്ലാസ്റ്റിക്' എന്ന ക്യാംപെയ്നിലൂടെ പ്ലാസ്റ്റിക് ഉപയോഗത്തിനെതിരെ ജനങ്ങൾക്കു ബോധവത്കരണം നൽകി ബദൽമാർഗങ്ങൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി പ്ലാസ്റ്റിക് ക്യാരിബാഗിനുപകരം വിവിധ അളവിലും ഗുണമേന്മയിലുമുള്ള തുണിസഞ്ചികളും പ്ലാസ്റ്റിക് സാനിട്ടറി പാഡുകൾക്കുപകരം കോട്ടൺ പാഡുകളും ചാസ്സ് നിർമിച്ചു വിപണനം ചെയ്തുവരുന്നു. എന്നാൽ ഇത്തരം മുന്നേറ്റങ്ങൾക്കു വേണ്ട അംഗീകാരവും പ്രോത്സാഹനവും അധികാരികളും വേണ്ടപ്പെട്ടവരും നൽകുന്നില്ല. പ്ലാസ്റ്റിക്കിനെ പടിക്കു പുറത്തുനിർത്തി പ്രകൃതിയുമായി ഇണങ്ങിച്ചേരുന്ന ബദൽസംവിധാനങ്ങൾ പരമാവധി പ്രചരിപ്പിക്കാനും ഉപയോഗിക്കാനും അങ്ങനെ പരിസ്ഥിതിസൗഹാർദപ്രവർത്തനങ്ങളിൽ സഹകാരികളാകാനും ഏവരേയും ആഹ്വാനംചെയ്യുന്നു. വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാനതിരുനാളിന്റെ പ്രാർഥനാശംസകൾ സ്നേഹപൂർവം നേരുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. തോമസ് കുളത്തുങ്കൽ**
*(ഡയറക്ടർ)*

**ഫാ. ജോർജ് പനക്കേഴം**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

## കേന്ദ്രവാർത്തകൾ

### പ്രവേശനോത്സവം

ചാസ്സ് പൂന്തോപ്പ് അസ്സീസ്സി വിദ്യാലയത്തിന്റെ പ്രവേശനോത്സവം ജൂൺ മൂന്നിനു സംഘടിപ്പിച്ചു. പി.റ്റി.എ. പ്രസിഡന്റ് മുഹമ്മദ് സാലിയുടെ അദ്ധ്യക്ഷതയിൽചേർന്ന സമ്മേളനം ചാസ്സ് അസ്സി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട് ചാമക്കാല ഉദ്ഘാടനംചെയ്തു. അസ്സി. ഡയറക്ടർ ഫാ. ജോർജ് തൈച്ചേരിൽ മുഖ്യപ്രഭാഷണം നടത്തി. സ്കൂൾ പ്രിൻസിപ്പൽ സി. ജെയ്സ് സി.എം.സി. സ്വാഗതവും സ്റ്റാഫ് സെക്രട്ടറി ഐഡാമ്മ കൃതജ്ഞതയുമർപ്പിച്ചു. കുട്ടികളുടെ കലാപരിപാടികളും നടത്തപ്പെട്ടു.

### പരിസ്ഥിതിദിനാചരണവും എസ്.എസ്.എൽ.സി., പ്ലസ് ടു ക്ലാസ്സുകളിൽ ഉന്നതവിജയം നേടിയ വിദ്യാർഥികൾക്ക് അനുമോദനവും

ചാസ്സിന്റെ ആഭിമുഖ്യത്തിൽ ജൂൺ നാലിനു ലോകപരിസ്ഥിതിദിനാചരണം ചാസ്സ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം ചങ്ങനാശ്ശേരി എം.എൽ.എ. അഡ്വ. ജോബ് മൈക്കിൾ നിർവഹിച്ചു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. ഗവൺമെന്റ് ആയുർവേദ ഹോസ്പിറ്റൽ മെഡിക്കൽ ഓഫീസർ ഡോ. രാജലക്ഷ്മി എസ്.ആർ. പരിസ്ഥിതിദിനസന്ദേശം നൽകി. ഫലവൃക്ഷത്തൈകളുടെ വിതരണോദ്ഘാടനം ചാസ്സ്-ഖാദി അസ്സി. ഡയറക്ടർ ഫാ. വർഗീസ് നമ്പിമഠം നിർവഹിച്ചു. 2023–2024 അധ്യയനവർഷത്തിൽ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയ ചാസ്സ് സ്വയംസഹായസംഘാംഗങ്ങളുടെ മക്കളെ ക്യാഷ് അവാർഡും ഫലവൃക്ഷത്തൈകളും നൽകിയാദരിച്ചു. ചാസ്സ് അസ്സി. ഡയറക്ടർമാരായ ഫാ. ജോർജ് തൈച്ചേരിൽ, ഫാ. ജോസഫ് ചോരേട്ട്ചാമക്കാല, പ്രൊജക്റ്റ് ഓഫീസർ ഡെൽന ബിൻസൻ, പ്രോഗ്രാം കോഡിനേറ്റർ ഷീബ സന്തോഷ് എന്നിവർ പ്രസംഗിച്ചു. 54 വിദ്യാർഥിനികൾക്കു കോട്ടൺ പാഡ് വിതരണംചെയ്തു.

### ഫലവൃക്ഷത്തൈ നടൽ

ലോകപരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി ജൂൺ അഞ്ചിനു ചാസ്സ് അങ്കണത്തിൽ അസ്സി. ഡയറക്ടർമാരായ ഫാ. ജോർജ് പനക്കേഴം, ഫാ. ജോർജ് തൈച്ചേരിൽ എന്നിവർ ചേർന്നു ഫലവൃക്ഷത്തൈ നട്ടു. ഖാദി മാനേജർ ജോൺ സക്കറിയാസ്, അഡ്മിനിസ്ട്രേറ്റർ സി. ആൽഫി ഡി.എസ്.ജെ., പ്രൊജക്റ്റ് ഓഫീസർ സി. സെൽമ എസ്.ആർ.എ., സ്റ്റാഫംഗങ്ങൾ എന്നിവർ പങ്കെടുത്തു.

### ലോകബാലവേലവിരുദ്ധദിനാചരണം

ലോകബാലവേലവിരുദ്ധദിനാചരണത്തിന്റെ ഭാഗമായി ചാസ്സ് ഫാത്തിമാപുരം അൽഫോൻസാ സ്നേഹനിവാസിന്റെ സഹകരണത്തോടെ ജൂൺ 12നു ബാലവേലവിരുദ്ധദിനാചരണം നടത്തി. മദർ സുപ്പീരിയർ സി. റോസിലി എസ്.ഡി.യുടെ അദ്ധ്യക്ഷതയിൽചേർന്ന യോഗം ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനംചെയ്തു. ബാലവേലയ്ക്കെതിരെ വിദ്യാർഥികൾ വരച്ച ചിത്രങ്ങളുടെ പ്രദർശനവും എക്സിബിഷനും കലാപരിപാടികളും നടത്തപ്പെട്ടു.

### മുട്ടക്കോഴിയും കൂടും വിതരണം ചെയ്യൽ

| ഇനം | എണ്ണം |
|---|---|
| ബി.വി. 380 | 84 |
| നാടൻകോഴി | 195 |
| കോഴിക്കൂട് | 2 |

### ബാങ്ക് ലോൺ ലഭ്യമാക്കൽ

ഫാത്തിമാപുരം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന 5 ജെ.എൽ.ജി. കളിലെ അംഗങ്ങൾക്കു സ്വയംതൊഴിൽസംരംഭം ഏറ്റെടുത്തുനടത്തുന്നതിനും കാർഷികാവശ്യങ്ങൾക്കുമായി ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നും 15 ലക്ഷം രൂപ ലോൺ ലഭ്യമാക്കി.

| *തീയതി* | *SHG* | *JLG* | *യൂണിറ്റ്* | *തുക* |
|---|---|---|---|---|
| 28.05.2024 | തളിർ | ചന്ദ്ര | ഫാത്തിമാപുരം | 300000 |
| 31.05.2024 | തളിർ | ലാവണ്യ | ഫാത്തിമാപുരം | 300000 |
| 04.06.2024 | തളിർ | പൃഥ്വി | ഫാത്തിമാപുരം | 300000 |
| 06.06.2024 | ഹരിത | അക്ഷര | ഫാത്തിമാപുരം | 300000 |
| 12.06.2024 | ഹരിത | പൗർണമി | ഫാത്തിമാപുരം | 300000 |

### സ്വാശ്രയസംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 22.05.2024 | പച്ച-ചെക്കിടിക്കാട് | ജ്വാല | 16 |
| 22.05.2024 | പഴവങ്ങാടി | ധനലക്ഷ്മി | 12 |
| 12.06.2024 | പാദുവാപുരം | ജ്വാല | 11 |
| 12.06.2024 | പാദുവാപുരം | ചങ്ങാതിക്കൂട്ടം | 14 |
| 14.06.2024 | നാലുകോടി | കീർത്തി | 11 |

## സാമൂഹ്യസുരക്ഷാ സഹായപദ്ധതി

**(1) SHG മരണാനന്തരസഹായം** (ഒരു കുടുംബത്തിന് 10,000/- രൂപ അനുവദിച്ചു)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 675. സരസ്വതി കൃഷ്ണൻ | ഉഷസ് | ഡാലുമുഖം | അമ്പൂരി |

**(2) മ്യൂച്വൽ ബനഫിറ്റ് സ്കീം (MBS)** ഒരു കുടുംബത്തിന് 10,000/- രൂപ വീതം 12 കുടുംബങ്ങൾക്ക് 1,20,000/ രൂപ മരണാനന്തരസഹായം അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 1070. കെ.ജെ. ആന്റണി കോനുമടയ്ക്കൽ | പാറേൽ | ചങ്ങനാശ്ശേരി |
| 1071. ഏലിയാമ്മ ജോസഫ് തുറവശ്ശേരി | കല്ലൂർകാട് | ചമ്പക്കുളം |
| 1072. മറിയമ്മ ഷിബു കോയിനിലം | കല്ലൂർകാട് | ചമ്പക്കുളം |
| 1073. ജോസ് വി. സെബാസ്റ്റ്യൻ | പച്ച | എടത്വാ |
| 1074. എ.എ. ജോസഫ് അമ്മൻചേരി | ചങ്ങങ്കരി | എടത്വാ |
| 1075. ഇ.വി. ജോർജ്, പൗവംകളത്തിൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 1076. അന്നമ്മ ദേവസ്യ കൈനിക്കര | തൃക്കൊടിത്താനം | തൃക്കൊടിത്താനം |

| | | |
|---|---|---|
| 1077. ബാബു കെ.ജെ. കൊല്ലംപറമ്പിൽ | ആര്യങ്കാവ് | കൊല്ലം |
| 1078. മാത്യു വർഗീസ് കൊല്ലാരം | കൊണ്ടാക്കൽ | ചമ്പക്കുളം |
| 1079. മിനി മധു മേലിത്തറ | കൈനടി | തുരുത്തി |
| 1080. ചാക്കോ ഐസക് പെരുംപറമ്പിൽ | ആറാട്ടുവഴി | ആലപ്പുഴ |
| 1081. ഏലിക്കുട്ടി ദേവസ്യ പുതുശ്ശേരി | കൈനകരി | ആലപ്പുഴ |

**പരിസ്ഥിതിദിനാചരണം: മേഖലകളിൽ**

* **മുഹമ്മ യൂണിറ്റ്–** മാതൃ–പിതൃവേദി, ഇൻഫാം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ജൂൺ അഞ്ചിനു പരിസ്ഥിതിദിനാചരണം സംഘടിപ്പിച്ചു. മുഹമ്മ സെന്റ് ജോർജ് ഫൊറോനാപ്പള്ളിവികാരി ഫാ. ആന്റണി കാട്ടൂപ്പാറ ഫലവൃക്ഷത്തൈകൾ വിതരണംചെയ്തു.
* **ഏറ്റുമാനൂർ, മണ്ണാർകുന്ന്, കട്ടച്ചിറ യൂണിറ്റുകളിൽ** 152 ഫലവൃക്ഷത്തൈകളുടെ വിതരണം നടത്തി.
* ചമ്പക്കുളം മേഖലയിലെ **പൊങ്ങ, വടക്കേ അമിച്ചകരി, കൊണ്ടാക്കൽ** യൂണിറ്റുകളുടെ നേതൃത്വത്തിൽ ശുചീകരണപ്രവർത്തനങ്ങളും ഫലവൃക്ഷത്തൈ നടീലും നടത്തി.
* **കുളത്തൂർ, വള്ളംചിറ, കരിക്കാട്ടൂർ, മണിമല ന്യൂ യൂണിറ്റുകളിൽ** ചാസ്സ് പ്രവർത്തകർ പരിസ്ഥിതിദിനമാചരിച്ചു. ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു.
* **കുമരകം വടക്കുംകര യൂണിറ്റിൽ** സൗജന്യ പച്ചക്കറിത്തൈ വിതരണം നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് പുത്തൻപുരയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ പരിസ്ഥിതിദിനസന്ദേശം നൽകി. ഫാ. ജോബി കട്ടക്കയം പച്ചക്കറിത്തൈകളുടെ വിതരണോദ്ഘാടനം നിർവഹിച്ചു.
* **ചേപ്പുംപാറ** യൂണിറ്റിന്റെ നേതൃത്വത്തിൽ ജൂൺ ഒമ്പതിനു പച്ചക്കറിത്തൈകളുടെ വിതരണം നടത്തി.
* **കിളിരൂർ യൂണിറ്റിൽ** യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് ചേക്കോന്തയിൽ ഫലവൃക്ഷത്തൈ നട്ടുകൊണ്ടു പരിസ്ഥിതിദിനമാചരിച്ചു. എക്സിക്യൂട്ടിവ് അംഗങ്ങൾ നേതൃത്വംനൽകി.
* പുളിങ്കുന്ന് മേഖലയിൽ **രാമങ്കരി, കാവാലം, കായൽപ്പുറം, വെളിയനാട് സെന്റ് സേവ്യേഴ്സ് യൂണിറ്റുകളിൽ** സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും പരിസരശുചീകരണം നടത്തുകയും ചെയ്തു.
* **ഇരവുചിറ, മാന്നില, കുറുമ്പനാടം അസംപ്ഷൻ യൂണിറ്റുകളിൽ** ജൂൺ അഞ്ചിനു ഫലവൃക്ഷത്തൈകളും പച്ചക്കറിത്തൈകളും വിതരണംചെയ്തു.
* **പായിപ്പാട്, ഫാത്തിമാപുരം, ചാഞ്ഞോടി യൂണിറ്റുകളിൽ** 265 ഫലവൃക്ഷത്തൈകൾ വിതരണംചെയ്തു.
* **ഇത്തിത്താനം, കൈനടി, പൊടിപ്പാറ യൂണിറ്റുകളിൽ** ജൂൺ അഞ്ചിനു സൗജന്യ ഫലവൃക്ഷത്തൈ വിതരണവും പരിസ്ഥിതിദിനസന്ദേശം നൽകലും നടത്തി.
* **നെടുങ്ങാടപ്പള്ളി, വായ്പൂർ ഓൾഡ്, നെടുങ്കുന്നം യൂണിറ്റുകളിൽ** സ്വാശ്രയ

സംഘാംഗങ്ങളുടെ നേതൃത്വത്തിൽ ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും പരിസരശുചീകരണം നടത്തുകയും ചെയ്തു.

## മേഖലാവാർത്തകൾ

### ചമ്പക്കുളം

**മാലിന്യസംസ്കരണോപാധിസ്ഥാപിക്കൽ:** ഉറവിടമാലിന്യസംസ്കരണത്തിലൂടെ ജൈവവളം നിർമിച്ചു വിഷരഹിതമായ പച്ചക്കറികൾ ഉല്പാദിപ്പിക്കുക എന്നലക്ഷ്യം മുൻനിർത്തി കായൽപ്പുറം യൂണിറ്റിലെ 'കൃപയാൽ' സ്വാശ്രയ സംഘത്തിലെ അംഗങ്ങൾ ജൂൺ അഞ്ചിനു ഭവനങ്ങളിൽ പൈപ്പ് കമ്പോസ്റ്റ് ഉപയോഗിച്ചുതുടങ്ങി.

**തയ്യൽപരിശീലനസമാപനം:** വടക്കേ അമിച്ചകരി യൂണിറ്റിൽ നടത്തിവന്നിരുന്ന തയ്യൽപരിശീലനം ജൂൺ 14നു സമാപിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. അലക്സ് പാറപ്പുറം അദ്ധ്യക്ഷതവഹിച്ച സമ്മേളനം ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനംചെയ്തു സർട്ടിഫിക്കറ്റ് വിതരണം നടത്തി. യൂണിറ്റ് സെക്രട്ടറി ജെസി ജോജി സ്വാഗതവും തയ്യൽപരിശീലക നിസി ജോസഫ് കൃതജ്ഞതയും രേഖപ്പെടുത്തി.

**യൂണിറ്റുവാർഷികം:** ചേന്നങ്കരി യൂണിറ്റിന്റെ വാർഷികം യൂണിറ്റ് ഡയറക്ടർ ഫാ. അലക്സാണ്ടർ നെൽപുരയ്ക്കലിന്റെ അദ്ധ്യക്ഷതയിൽചേർന്ന സമ്മേളനത്തിൽ നടത്തപ്പെട്ടു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ മുഖ്യപ്രഭാഷണം നടത്തി. സെക്രട്ടറി ലൗലി തോമസ്, ജോയിന്റ് സെക്രട്ടറി ലിജോമോൻ ഫിലിപ്പ് എന്നിവർ വാർഷികറിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

### ചങ്ങനാശ്ശേരി

**കാർഷികമേളയും ജൈവോല്പന്നപ്രദർശനവും:** ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ യൂണിറ്റിൽ പരിസ്ഥിതിദിനാചരണത്തോടനുബന്ധിച്ചു ജൂൺ 1, 2 തീയതികളിൽ കാർഷികമേളയും ജൈവ ഉല്പന്നപ്രദർശനവും സംഘടിപ്പിച്ചു. ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം മേള ഉദ്ഘാടനംചെയ്തു. ചങ്ങനാശ്ശേരി എം.എൽ.എ. അഡ്വ. ജോബ് മൈക്കിൾ അദ്ധ്യക്ഷതവഹിച്ചു. ചങ്ങനാശ്ശേരി നഗരസഭാ ചെയർപേഴ്സൺ ബീന ജോബി ആദ്യവിൽപന നിർവഹിച്ചു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആശംസയർപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ആന്റണി തുണ്ടുകുളം, യൂണിറ്റ് പ്രസിഡന്റ് ജോയിച്ചൻ പീലിയാനിക്കൽ, സെക്രട്ടറി എം.ജെ. ജോസഫ് ആലഞ്ചേരി, ടോമിച്ചൻ അയ്യരുകുളങ്ങര, സൈബി അക്കര തുടങ്ങിയവർ പങ്കെടുത്തു.

### എടത്വാ

**എസ്.എച്ച്.ജി. രൂപീകരണ ക്യാംപെയ്ൻ:** മുട്ടാർ ന്യൂ യൂണിറ്റിൽ സ്വാശ്രയസംഘരൂപീകരണത്തിന്റെ ഭാഗമായി ജൂൺ 14നു യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് കട്ടപ്പുറം, യൂണിറ്റ് ഭാരവാഹികൾ, മേഖലാ കോഡിനേറ്റർ ആൻസി ലോനിച്ചൻ എന്നിവരുടെ നേതൃത്വത്തിൽ 11 സ്ഥലങ്ങളിൽ എസ്.എച്ച്.ജി. രൂപീകരണ ക്യാംപെയ്ൻ സംഘടിപ്പിച്ചു.

### മണിമല

**സ്വാശ്രയസംഘവാർഷികം:** വള്ളംചിറ യൂണിറ്റിൽ പ്രവർത്തിക്കുന്ന 'സ്നേഹ, നാദം' എന്നീ സ്വാശ്രയസംഘങ്ങളുടെ 25-ാമതു വാർഷികം മെയ് 25, 30 തീയതി

കളിൽ സംഘടിപ്പിച്ചു. ചാസ്സ് യൂണിറ്റ് പ്രസിഡന്റ് ജോസുകുട്ടി പുളിയ്ക്കൽ, ബാബു ജോസഫ് മേലന്നൂർ, മേഖലാ കോഡിനേറ്റർമാരായ അൽഫോൻസ് വർഗീസ്, ഫിയോണ റോയി എന്നിവർ പങ്കെടുത്തു.

**കോട്ടയം**

**ആദരിക്കൽ:** കിളിരൂർ യൂണിറ്റിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഫുൾ A+ നേടിയ വിദ്യാർഥിയെ ക്യാഷ് അവാർഡ് നൽകി അനുമോദിച്ചാദരിച്ചു.

**പുളിങ്കുന്ന്**

**കാർപെറ്റ് നിർമാണം:** പുളിങ്കുന്ന് മേഖലയിലെ കായൽപുറം, കാവാലം സെന്റ് തെരേസാസ് യൂണിറ്റുകളിലെ സ്വാശ്രയസംഘാംഗങ്ങൾക്കുവേണ്ടി ജൂൺ 13നു കാർപെറ്റ് നിർമാണത്തിൽ പരിശീലനംനൽകി. എടത്വാ മേഖലാ കോഡിനേറ്റർ ആൻസി ലോനിച്ചൻ നേതൃത്വംനൽകി.

**ആശാകിരണം- ക്യാൻസർ ബോധവത്കരണം:** കൊണ്ടാക്കൽ യൂണിറ്റിൽ എസ്.എച്ച്.ജി. ലീഡേഴ്സ് മീറ്റിങ്ങിനോടനുബന്ധിച്ചു ക്യാൻസർ ബോധവത്കരണക്ലാസ്സ് സംഘടിപ്പിച്ചു. സ്ത്രീകളിൽ കണ്ടുവരുന്ന ക്യാൻസർ രോഗത്തെക്കുറിച്ചും പ്രതിവിധികളെക്കുറിച്ചും എടത്വാ മേഖലാ കോഡിനേറ്റർ ആൻസി ലോനിച്ചൻ ക്ലാസ്സ് നയിച്ചു.

**കുറുമ്പനാടം**

**കാർഷികസെമിനാറും തയ്യൽപരിശീലനസമാപനവും:** കുറുമ്പനാടം യൂണിറ്റിൽ സ്വാശ്രയസംഘസംഗമത്തോടനുബന്ധിച്ചു ജൂൺ രണ്ടിനു കാർഷിക സെമിനാറും തയ്യൽപരിശീലനത്തിന്റെ സമാപനവും സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ചെറിയാൻ കറുകപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽചേർന്ന സമ്മേളനത്തിൽ ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. ആധുനികകൃഷിരീതികൾ, സബ്സിഡിയോടുകൂടിയുള്ള ഗവൺമെന്റ് സ്കീമുകൾ എന്നിവയെക്കുറിച്ചു കൃഷി ഓഫീസർ അനിൽ സെബാസ്റ്റ്യൻ സെമിനാർ നയിച്ചു.

## നിത്യതയിലേക്ക്



**സി. മേരി അലക്സ്**
**പടവുപുരയ്ക്കൽ** SH

"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു."
*(2 തിമോ. 4:7)*

# ചാസ്സ്-ഖാദി ഗ്രാമവ്യവസായമേഖല

**ഖാദി നെയ്ത്തുപരിശീലനസമാപനം**

മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയയിൽ 2023 ഡിസംബർ 18ന് ആരംഭിച്ച ആറുമാസത്തെ സെമി ഓട്ടോമാറ്റിക് ലൂം നെയ്ത്തുപരിശീലനം ജൂൺ 17നു സമാപിച്ചു. വിവിധ ജില്ലകളിൽനിന്നു തെരഞ്ഞെടുത്ത 12 പേരാണു പ്രസ്തുത പരിശീലനത്തിൽ പങ്കെടുത്തത്. പരിശീലനത്തിനുശേഷം ചാസ്സിന്റെ ഖാദി യൂണിറ്റുകളിൽ ജൂലൈ ഒന്നുമുതൽ അവർ ജോലിയിൽ പ്രവേശിക്കും.

**ബ്യൂട്ടി കെയർ മാനേജുമെന്റ് കോഴ്സ് പരിശീലനസമാപനം**

ഏപ്രിൽ എട്ടിനു റാന്നി സെന്റ് തോമസ് കോളേജിലാരംഭിച്ച രണ്ടുമാസത്തെ ബ്യൂട്ടി കെയർ മാനേജുമെന്റ് കോഴ്സ് ജൂൺ ഏഴിനു സമാപിച്ചു.

**ബീ കീപ്പിങ് ഹോബി കോഴ്സ്**

ജൂൺ 17നു മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയയിലാരംഭിച്ച ബീ കീപ്പിങ് ഹോബി കോഴ്സ് ജൂൺ 24നു സമാപിച്ചു. വിവിധ ജില്ലകളിൽനിന്നായി 35 പേർ പങ്കെടുത്തു.

**ഡോർമാറ്റ് നിർമാണം**

ജൂൺ 17നു മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയയിൽ 25 പേരുമായി ആരംഭിച്ച ഡോർമാറ്റ് നിർമാണപരിശീലനം ജൂൺ 22നു സമാപിച്ചു.

**ഏകദിന വ്യവസായസംരംഭകത്വ ശില്പശാല (EAP)**

മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയയിൽ ജൂൺ 1, 7 തീയതികളിൽ 2 ഏകദിന വ്യവസായസംരംഭകത്വ ശില്പശാലകൾ നടത്തപ്പെട്ടു. 70 പേർ പങ്കെടുത്തു. വിദ്യാലയ പ്രിൻസിപ്പൽ ഫാ. ജോർജ് പനക്കേഴം ഉദ്ഘാടനം ചെയ്തു.

**ജൂലൈയിൽ ആരംഭിക്കുന്ന സ്റ്റൈപ്പെന്ററി/ ഫീ ബേസിസ് കോഴ്സുകളിലേക്ക് അപേക്ഷക്ഷണിച്ചു**

| പ്രോഗ്രാം | തുടങ്ങുന്ന തീയതി | കാലാവധി | സ്റ്റൈപ്പെന്റ് | സ്ഥലം | പങ്കെടുക്കുന്നവർ |
|---|---|---|---|---|---|
| ആർട്സ് & ക്രാഫ്റ്റ്സ് കോഴ്സ് | 10.07.2024 | 1 വർഷം | ഫീ ബേസിസ് | എബ്നേസർ ഇന്റർ നാഷണൽ സ്കൂൾ ഏറ്റുമാനൂർ | 50 |
| സെമി ഓട്ടോമാറ്റിക് വിവീങ് കോഴ്സ് | 15.07.2024 | 6 മാസം | പ്രതിമാസം 3000 | ഖാദി വിദ്യാലയ, മല്ലപ്പള്ളി | 20 |
| ഹോം സയൻസ് & കാറ്ററിങ് കോഴ്സ് | 17.07.2024 | 2 മാസം | ഫീ ബേസിസ് | പ്രതീക്ഷ സോഷ്വൽ സെന്റർ, കൂത്രപ്പള്ളി | 10 |
| ബേക്കറി പരിശീലനം | 24.07.2024 | 2 മാസം | ഫീ ബേസിസ് | ഖാദി വിദ്യാലയ, മല്ലപ്പള്ളി | 20 |

**ഫാ. ജോർജ് പനക്കേഴം**
*(ചാസ്സ്-ഖാദി ഡയറക്ടർ, പ്രിൻസിപ്പൽ കെ.ജി.വി. മല്ലപ്പള്ളി) 9496807124*

**ഫാ. തോമസ് കുളത്തുങ്കൽ**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*
*9455211827*

**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ ചാസ്സ്-ഖാദി)*
*9633521483*

**ഫാ. ജോർജ് തൈച്ചേരിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*
*9497391959*

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഹോം ഭവനനിർമാണപദ്ധതി

കളർ എ ഹോം ഭവനനിർമാണപദ്ധതിയിൽ **2023 ഡിസംബറിൽ** ഇടവകകൾ സമാഹരിച്ച തുകയും **ജൂൺ 19 വരെ** അതിരൂപതാകേന്ദ്രത്തിൽ ലഭിച്ച തുകയും (40%)

| | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 175. | മീൻകുളം | 50000 | 20000 |
| 176. | കായൽപ്പുറം സെന്റ് ജോസഫ്സ് | 44850 | 17940 |
| 177. | തകഴി | 56590 | 22636 |
| 178. | താഴത്തുവടകര | 37836 | 15974 |
| 179. | കുമരകം ഹോളി ഫാമിലി | 104800 | 41920 |
| 180. | ഐക്കരച്ചിറ | 124100 | 49640 |
| 181. | കിളിരൂർ | 54900 | 21960 |
| 182. | വെട്ടിക്കൽപുരയിടം | 7640 | 3050 |
| 183. | മല്ലപ്പള്ളി-നെടുങ്ങാടപ്പള്ളി | 50650 | 20260 |
| 184. | ആര്യാട് | 53250 | 21300 |
| 185. | കരിക്കാട്ടൂർ | 59510 | 23810 |
| 186. | വിരുപ്പാല | 23835 | 9533 |
| 187. | കണ്ണാടി സെന്റ് ജോസഫ്സ് | 32380 | 32380 |
| 188 | കേളമംഗലം | 21160 | 8470 |
| 189 | കേശവദാസപുരം | 50000 | 19920 |
| 190 | മണ്ണന്തല | 210570 | 84228 |
| 191 | വാവോട് | 31720 | 12688 |
| 192 | നെടുമണ്ണി | 136415 | 54570 |
| 193 | വാഴപ്പള്ളി വെസ്റ്റ് | 6300 | 2500 |
| 194 | ചെറുകടവ് | 12950 | 5200 |
| 195 | എസ്.എൽ. പുരം | 18370 | 7350 |
| 196 | പുതുക്കരി | 101680 | 40670 |
| 197 | ചെറുവാണ്ടൂർ | 337380 | 75000 |
| 198 | വള്ളംചിറ | 20900 | 8360 |
| 199 | മങ്കൊമ്പ് | 39765 | 16000 |
| 200 | വെള്ളായണി | 35100 | 14040 |
| 201 | തുരുത്തി | 371335 | 148000 |
| 202 | പുതുപ്പള്ളി-പൂമറ്റം | 89900 | 35960 |
| 203 | ഇടപ്പാളയം | 38350 | 12500 |
| 204 | കുളത്തൂപ്പുഴ | 9500 | 4000 |
| 205 | മാടപ്പള്ളി | 232060 | 92820 |

(തുടരും...)

*ശേഷം പേജ് 65ൽ ➤➤➤*

STH SAH

# ആതുരശുശ്രൂഷാമേഖല

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

**അമ്പലക്കുളത്തിൽ മുങ്ങിത്താഴ്ന്ന യുവാവിന് ആശുപത്രിയിൽ പുനർജന്മം**

അമ്പലക്കുളത്തിൽ കുളിക്കാനിറങ്ങവേ അബോധാവസ്ഥയിൽ കുളത്തിന്റെ അടിഭാഗത്തേക്കു മരണാസന്നനായി മുങ്ങിത്താഴ്ന്ന ഇത്തിത്താനം സ്വദേശിയായ 22 വയസുള്ള യുവാവിനു സെന്റ് തോമസ് ആശുപത്രിയിൽ പുനർജന്മം. സുഹൃത്തുക്കൾ ചേർന്നു യുവാവിനെ ആശുപത്രിയിലെത്തിക്കുമ്പോൾ ശരീരത്തിൽ ഓക്സിജൻ ലെവലും പൾസ് റേറ്റും നന്നേകുറവായിരുന്നു. യുവാവിന്റെ വയറിനുള്ളിലും ശ്വാസകോശത്തിലും ആന്തരികാവയവങ്ങളിലും വെള്ളം നിറഞ്ഞിരുന്നു. ശ്വാസകോശം, കരൾ, മറ്റ് ആന്തരികാവയവങ്ങൾ എന്നിവയ്ക്കു തകരാറുകളുമുണ്ടായിരുന്നു. ആശുപത്രിയിലെത്തിയ സമയം മുതൽ വെന്റിലേറ്ററിന്റെ സഹായം വേണ്ടിവന്നു. ഇത്തരം സാഹചര്യത്തെ അതിജീവിക്കുക അപൂർവമാണ്.

ക്രിട്ടിക്കൽ കെയർ മെഡിസിൻവിഭാഗത്തിലെ ഡോക്ടറുമാരുടെ നേതൃത്വത്തിൽ സൂഷ്മവും ശ്രദ്ധയാർന്നതുമായ ചികിത്സയാണു യുവാവിനു നൽകിയത്. ഒന്നരയാഴ്ചയോളം യുവാവു വെന്റിലേറ്ററിലായിരുന്നു. ക്രിട്ടിക്കൽ കെയർ മെഡിസിൻവിഭാഗം കൺസൾട്ടന്റുമാരായ ഡോ. ജൂബി മാത്യു, ഡോ. ജ്യോതിസ് വി., ശ്വാസകോശരോഗവിദഗ്ധൻ ഡോ. ദിലീപ് കുമാർ ജി., ന്യൂറോളജിസ്റ്റ് ഡോ. സ്വരൂപ് കെ. രാജ്, മെഡിക്കൽ ഗ്യാസ്ട്രോളജിസ്റ്റ് ഡോ. സോബിൻ സി.ബി. എന്നിവരുടെ നേതൃത്വത്തിലുള്ള ചികിത്സ വേഗത്തിലുള്ള ഫലപ്രാപ്തിക്കു കാരണമായി. രണ്ടായാഴ്ചയോളം ആശുപത്രിയിൽ കഴിഞ്ഞ യുവാവ് ആരോഗ്യത്തോടെ ഡിസ്ചാർജായി.

**"പ്രകൃതിസംരക്ഷണത്തിനും മാലിന്യനിർമാർജനത്തിനും ചെത്തിപ്പുഴ ആശുപത്രി സമൂഹത്തിന് ഏറ്റവും മികച്ച മാതൃക": അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ.**

ഏഴുപതിറ്റാണ്ടുകളായി പ്രകൃതിസംരക്ഷണത്തിനും മാലിന്യനിർമാർജനത്തിനും സമൂഹത്തിന് ഏറ്റവും മികച്ച മാതൃകയാണു ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രി നൽകുന്നതെന്നു ചങ്ങനാശ്ശേരി എം.എൽ.എ. അഡ്വ. ജോബ് മൈക്കിൾ അഭിപ്രായപ്പെട്ടു. പ്രകൃതിസംരക്ഷണത്തിൽ സുസ്ഥിരമായ മാറ്റങ്ങൾ കൊണ്ടുവരുക എന്നലക്ഷ്യത്തോടെ ജൂൺ അഞ്ചിന് ആശുപത്രി സംഘടിപ്പിച്ച വിപുലമായ പരിസ്ഥിതിദിനാഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദേഹം.

പരിസ്ഥിതിസംരക്ഷണം മനുഷ്യകേന്ദ്രീകൃതമാക്കിക്കൊണ്ടു തൊഴിൽ മേഖലയിലെ പ്രവർത്തനങ്ങൾ പ്രകൃതിസൗഹൃദമാക്കുവാനുള്ള പരിസ്ഥിതി സംരക്ഷണപ്രതിജ്ഞ, ഏവരെയും ഗ്രീൻ വാരിയർ ആക്കുക എന്നലക്ഷ്യത്തോടെയുള്ള 1000 ഫലവൃക്ഷത്തൈകളുടെ വിതരണം, *എൺവയൺമെന്റൽ ഹെൽത്ത് & സേഫ്റ്റി* എന്നവിഷയത്തെ ആസ്പദമാക്കി സയന്റിഫിക് സെഷൻ തുടങ്ങിയ പരിപാടികൾ ദിനാഘോഷത്തിന്റെ ഭാഗമായി ക്രമീകരിച്ചു.

### കുട്ടികൾക്കുള്ള ഗൈഡൻസ് പ്രോഗ്രാം

ആശുപത്രിയുടെ നേതൃത്വത്തിൽ കുട്ടികളുടെ കഴിവുകൾ തിരിച്ചറിഞ്ഞു പഠനത്തിലും പാഠ്യേതരവിഷയങ്ങളിലും മികവുതെളിയിക്കാൻ അവരെ പ്രാപ്തരാക്കുന്ന ഗൈഡൻസ് പ്രോഗ്രാം 'ഡ്രീം ബിഗ് സീസൺ 2' ജൂൺ ഒന്നിനു സംഘടിപ്പിച്ചു. മുൻ അപ്പസ്തോലിക സ്ഥാനപതി മാർ ജോർജ് കോച്ചേരി ഗൈഡൻസ് പ്രോഗ്രാം ഉദ്ഘാടനംചെയ്തു.

കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ വളർത്താനും പഠനത്തിലും കലാ കായികമേഖലകളിലും മികവുതെളിയിച്ചു നാളെയുടെ വാഗ്ദാനമാകാനു മായി ജൂൺ ഒന്നിന് ഒന്നുമുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായി ഗൈഡൻസ് പ്രോഗ്രാം നടത്തി. പേഴ്സണൽ ട്രാൻസ്ഫെർമേഷൻ കോച്ച് എയ്സ്വിൻ അഗസ്റ്റിൻ, ഹ്യൂമൻ റിസോഴ്സ് ട്രെയ്നർ ജോഷേഷ് കെ. വർഗീസ് എന്നിവർ നേതൃത്വംനൽകി.

മുന്നൂറോളം കുട്ടികൾ പങ്കെടുത്ത പരിപാടിയിൽ സെക്കൻഡറി, ഹയർ സെക്കൻഡറി പരീക്ഷകളിൽ ഫുൾ $A^+$ ലഭിച്ച സ്റ്റാഫംഗങ്ങളുടെ കുട്ടികളെ സ്കോളർഷിപ്പും ഫലകവും നൽകിയാദരിച്ചു.

### ലോകരക്തദാതാക്കളുടെ ദിനാചരണം

ലോകരക്തദാതാക്കളുടെ ദിനാചരണത്തിന്റെ ഭാഗമായി സുരക്ഷിതമായ രക്തത്തിന്റെയും രക്തോല്പന്നങ്ങളുടെയും ആവശ്യകതയെക്കുറിച്ച് അവ ബോധം വളർത്തുന്നതിനായി ആശുപത്രിയുടെ നേതൃത്വത്തിൽ റേഡിയോ മീഡിയ വില്ലേജിന്റെ സഹകരണത്തോടെ ലോകരക്തദാതാക്കളുടെ ദിനം ജൂൺ 14നു വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. ഹോസ്പിറ്റൽ അസ്സോ. ഡയറ ക്ടർ ഫാ. ജോസ് പുത്തൻചിറ പരിപാടികളുടെ ഉദ്ഘാടനം നിർവഹിച്ചു. ദിനാ ഘോഷത്തിന്റെ ഭാഗമായി ഹോസ്പിറ്റൽ ബ്ലഡ് സെന്ററിൽ മെഗാ രക്തദാന ക്യാമ്പ്, രക്തം ദാനം ചെയ്തവർക്കുള്ള സമ്മാനംനൽകൽ എന്നിവ സംഘടി പ്പിച്ചു. രക്തദാനത്തിന്റെ മഹത്വം വിദ്യാർഥികളിലേക്കു പകരാനായി സംഘടി പ്പിച്ച ബോധവത്കരണക്ലാസ്സിനു ഹോസ്പിറ്റൽ ബ്ലഡ് സെന്റർ മെഡിക്കൽ ഓഫീസർ ഡോ. അന്ന മേരി ജോൺ നേതൃത്വംനൽകി.

മധ്യകേരളത്തിലെ ആദ്യത്തെ എൻ.എ.ബി.എച്ച്. അംഗീകൃത ബ്ലഡ് സെന്റ റായ സെന്റ് തോമസ് ആശുപത്രിയിലെ ബ്ലഡ് സെന്ററിന്റെ സേവനം 24 മണി ക്കൂറും ലഭ്യമാണ്.

### സൗജന്യ നെഫ്രോളജി മെഡിക്കൽ ക്യാമ്പ്

നെഫ്രോളജി ആൻഡ് റീനൽ ട്രാൻസ്പ്ലാന്റേഷൻവിഭാഗത്തിന്റെ നേതൃത്വ ത്തിൽ മെയ് 27 മുതൽ 31 വരെ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. നെഫ്രോളജിവിഭാഗം മേധാവിയും കൺസൾട്ടന്റ് നെഫ്രോളജിസ്റ്റ് & റീനൽ ട്രാൻസ്പ്ലാന്റേഷൻ ഫിസിഷ്യനുമായ ഡോ. ഹരീഷ് കെ.ജി., കൺസൾട്ടന്റ് നെഫ്രോളജിസ്റ്റ് ഡോ. മഹേഷ് ദേവദാസ് എന്നിവർ ക്യാമ്പിനു നേതൃത്വംനൽകി. പൊടിപ്പാറ ഹോളി ഫാമിലി പള്ളിവികാരി ഫാ. ഐസക് മുണ്ടുനടയ്ക്കൽ ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിച്ചു.

**തായങ്കരിയിൽ സൗജന്യ മെഡിക്കൽ ക്യാമ്പ്**

ഹോസ്പിറ്റലിന്റെ സഹകരണത്തോടെ തായങ്കരി സെന്റ് ആന്റണീസ് പള്ളിയിലെ മാതൃവേദി-പിതൃവേദി, യുവദീപ്തി-എസ്.എം.വൈ.എം. സംഘടനകൾ മെയ് 19നു സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.

പൾമണോളജി, ഒബ്സ്റ്റേട്രിക്സ് ആൻഡ് ഗൈനക്കോളജി, ജനറൽ മെഡിസിൻവിഭാഗങ്ങളിലെ സേവനങ്ങൾ മെഡിക്കൽ ക്യാമ്പിൽ ലഭ്യമായിരുന്നു. സൗജന്യ പൾമണറി ഫങ്ഷൻ ടെസ്റ്റ്, ബ്ലഡ് പ്രഷർ, ബ്ലഡ് ഷുഗർ പരിശോധനകൾക്കുള്ള സൗകര്യവും ക്യാമ്പിൽ ഒരുക്കിയിരുന്നു.

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. ജോസ് പുത്തൻചിറ**
*(അസ്സോസിയേറ്റ് ഡയറക്ടേഴ്സ്)*

**ഫാ. ജയിംസ് പി. കുന്നത്ത്**
*(എക്സിക്യൂട്ടീവ് ഡയറക്ടർ)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

**ലോകപുകയിലവിരുദ്ധദിനാചരണം**

ലോകപുകയിലവിരുദ്ധദിനത്തോടനുബന്ധിച്ചു പുകയില ഉപേക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു ജനറൽ മെഡിസിൻവിഭാഗത്തിലെ ഡോ. ഗോവിന്ദ് എസ്. മെയ് 31നു ബോധവത്കരണക്ലാസ്സ് നടത്തുകയും 'ആരോഗ്യകരമായ ജീവിതം നയിക്കാൻ ഭക്ഷണമാണുവേണ്ടതു പുകയിലയല്ല' എന്ന സന്ദേശം നൽകുന്ന വീഡിയോ ആശുപത്രിയുടെ റിസപ്ഷൻ ഏരിയയിൽ പ്രദർശിപ്പിക്കുകയും ചെയ്തു. ശ്വാസകോശത്തെയും ശ്വസനവ്യവസ്ഥയെയും ബാധിക്കുന്ന വിപത്താണു പുകവലിയെന്നും പുകയിലയുടെ ഉപയോഗം നിരവധിയായ അസുഖങ്ങൾക്ക് കാരണമാവുകയും ചെയ്യുമെന്നും ഡോ. ഗോവിന്ദ് പറഞ്ഞു.

**ലോകപരിസ്ഥിതിദിനാഘോഷം**

ലോകപരിസ്ഥിതിദിനത്തിന്റെ ഭാഗമായി സ്റ്റാഫംഗങ്ങൾക്കായി ജൂൺ അഞ്ചിനു പരിസ്ഥിതിദിനബോധവത്കരണക്ലാസ്സ് സംഘടിപ്പിച്ചു. പ്രകൃതിയുടെ സംരക്ഷണവും ആവശ്യകതയും മനുഷ്യന്റെ നിലനില്പിന് എത്രമാത്രം അത്യാവശ്യമാണെന്നതിനെക്കുറിച്ച് എമർജൻസി മെഡിസിൻവിഭാഗത്തിലെ ഡോ. അരുൺ എ. ക്ലാസ്സ് നയിക്കുകയും ഹോസ്പിറ്റൽ നേഴ്സിങ് സൂപ്രണ്ട് സി. സിനി ആന്റണി എഫ്.എച്ച്.ജി.എസ്. വൃക്ഷത്തൈ നടുകയും പരിസ്ഥിതിദിനസന്ദേശം നൽകുകയും ചെയ്തു.

**ലോക ബ്രെയിൻ ട്യൂമർ ഡേ ആചരണം**

ലോക ബ്രെയിൻ ട്യൂമർ ഡേ ആചരണത്തിന്റെ ഭാഗമായി ഹോസ്പിറ്റലിൽ സ്റ്റാഫംഗങ്ങൾക്കും പൊതുജനങ്ങൾക്കുമായി ജൂൺ എട്ടിനു ന്യൂറോസർജറി വിഭാഗത്തിലെ ഡോ. ബിജി ബാഹുലേയൻ ബോധവത്കരണക്ലാസ്സ് നയിച്ചു. ബ്രെയിൻ ട്യൂമർ എന്താണ്, അതുമൂലമുണ്ടാകുന്ന ദൂഷ്യവശങ്ങളും ചികിത്സാമാർഗങ്ങളും എന്തെല്ലാമാണ് എന്നിവയെക്കുറിച്ചുള്ള വിശദമായ വിവരങ്ങളടങ്ങിയതായിരുന്നു ബോധവത്കരണക്ലാസ്സ്.

### ഹോസ്പിറ്റൽ ദിനവും തിരുഹൃദയതിരുനാളാഘോഷവും

57 വർഷമായി ആതുരസേവനരംഗത്തു പ്രവർത്തിക്കുന്ന സഹൃദയ ഹോസ്പിറ്റൽ ദിനവും തിരുഹൃദയതിരുനാളും ജൂൺ ഏഴിന് ആചരിച്ചു. ദിനാചരണത്തിന്റെ ഭാഗമായി പരിശുദ്ധ കുർബാനയും വെഞ്ചരിപ്പുകർമവും നടത്തപ്പെട്ടു. ആലപ്പുഴ-പഴവങ്ങാടി മാർ സ്ലീവാ ഫൊറോനാപ്പള്ളിവികാരി ഫാ. സിറിയക് കോട്ടയിൽ കാർമികത്വംവഹിച്ചു. ഹോസ്പിറ്റൽ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ, അസ്സി. എക്സി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ, മെഡിക്കൽ, പാരാമെഡിക്കൽ, നോൺ മെഡിക്കൽ സ്റ്റാഫംഗങ്ങൾ എന്നിവർ പങ്കുചേർന്നു.

### രക്തദാനദിനാചരണം

രക്തദാനദിനാചരണത്തിന്റെ ഭാഗമായി ജൂൺ 14നു രക്തദാനമെന്ന സത്കർമത്തെക്കുറിച്ചും ദിനാചരണത്തിന്റെ പ്രത്യേകതകളെക്കുറിച്ചും ജനറൽ മെഡിസിൻവിഭാഗത്തിലെ ഡോ. ഗോവിന്ദ് എസ്. അവബോധം നൽകുകയും രക്തദാനത്തിലൂടെയുണ്ടാകുന്ന ഗുണങ്ങളെക്കുറിച്ചു സംസാരിക്കുകയും റിസപ്ഷൻ ഏരിയയിൽ വീഡിയോ പ്രദർശിപ്പിക്കുകയും ചെയ്തു. രക്തദാനത്തിലൂടെ സംരക്ഷിക്കപ്പെടുന്ന ഒരു ജീവന്റെ വില ഏറെ വലുതാണെന്നും അതു മനുഷ്യരാശിയുടെ നിലനില്പിന് അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം പറഞ്ഞു.

### പിതൃദിനാഘോഷം

അന്താരാഷ്ട്രപിതൃദിനത്തിന്റെ ഭാഗമായി സ്റ്റാഫംഗങ്ങൾക്കായി ജൂൺ 16നു പിതൃദിന പോസ്റ്റർ മേക്കിങ് കോമ്പറ്റിഷൻ നടത്തപ്പെട്ടു. അച്ചനെക്കുറിച്ചുള്ള വർണനകളടങ്ങിയ പോസ്റ്റർ സ്വയംനിർമിക്കുക എന്നതായിരുന്നു മത്സരം. ഹോസ്പിറ്റലിന്റെ ഒഫീഷൽ ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക് പേജുകളിൽ നടത്തിയ പോസ്റ്റർ മേക്കിങ് കോമ്പറ്റിഷനിൽ പങ്കെടുത്ത മത്സരാർഥികളിൽനിന്നും ജനവിധിപ്രകാരം ഏറ്റവും കൂടുതൽ ലൈക്കുകൾ കരസ്ഥമാക്കിയ രണ്ടുപേരെ വിജയികളായി തെരഞ്ഞെടുത്തു.

**ഫാ. ആന്റണി പെരുമ്പള്ളിത്തറ**
*(അസ്സിസ്റ്റന്റ് എക്സിക്യുട്ടിവ് ഡയറക്ടർ)*

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യുട്ടിവ് ഡയറക്ടർ)*

---

➤➤➤ *ജീവകാരുണ്യനിധി ട്രസ്റ്റ് തുടർച്ച...*

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്കു **മെയ് 22 മുതൽ ജൂൺ 19 വരെ** ഇടവക/ സംഘടനകളിൽനിന്നും ലഭിച്ച സംഭാവന.

| | ഇടവക / സംഘടന | തുക |
|---|---|---|
| | മാർത്ത് മറിയം ബസിലിക്ക ചമ്പക്കുളം | 40000 |

# പ്രവാസി അപ്പോസ്തലേറ്റ്

ഈശോയിൽ സ്നേഹംനിറഞ്ഞ പ്രവാസി സഹോദരങ്ങളേ,

ഭാരതത്തിന്റെ അപ്പസ്തോലനും നമ്മുടെ പിതാവുമായ മാർ തോമാശ്ലീഹായുടെ ദുക്റാനതിരുനാളിന്റെ പ്രാർഥനാശംസകൾ സ്നേഹത്തോടെ നേരുന്നു. കുട്ടികളും യുവജനങ്ങളും കുടുംബങ്ങളും ഇന്നു കൂടുതലായി പ്രവാസികളാകുന്ന സാഹചര്യത്തിൽ ഇടവകകളിൽ പ്രവാസി അപ്പോസ്തലേറ്റിന്റെ യൂണിറ്റുകളുണ്ടാകേണ്ടത് അത്യാവശ്യമാണ്. അവരുടെ ആവശ്യങ്ങളിൽ കൈത്താങ്ങാകാനും പ്രവാസജീവിതത്തിലും തിരിച്ചു നാട്ടിലെത്തുമ്പോൾ അതിരൂപതാകുടുംബത്തിന്റെ കരുതലും സ്നേഹവും ലഭിക്കാനും ഇതു സഹായകരമാകും.

ഗൾഫ്‌രാജ്യങ്ങളിൽ 2024-2025 വർഷങ്ങളിലേക്കും ഗ്ലോബൽതലത്തിലും ജി.സി.സി. തലത്തിലുമുള്ള തെരഞ്ഞെടുപ്പു പൂർത്തിയായി. ഗ്ലോബൽ കോഡിനേറ്ററായി ജോ കാവാലത്തെ വീണ്ടും തെരഞ്ഞെടുത്തു. ജി.സി.സി. കോഡിനേറ്ററായി ബിജു മാത്യു മട്ടാഞ്ചേരി (യു.എ.ഇ.), അസ്സി. കോഡിനേറ്ററായി സുനിൽ പി. ആന്റണി (കുവൈറ്റ്), ജിറ്റോ ജയിംസ് (ഖത്തർ), ജി.സി.സി. സെക്രട്ടറിയായി സബിൻ കുര്യാക്കോസ് (ബഹറിൻ), ജോയിന്റ് സെക്രട്ടറിമാരായി ജയിൻ വർഗീസ് (ഒമാൻ), ഷൈനി അനിൽ (കുവൈറ്റ്), ട്രഷററായി മാത്യു തോമസ് നെല്ലുവേലി (സൗദി അറേബ്യ) എന്നിവരെ നിയോഗിച്ചു.

ജൂൺ 12നു കുവൈറ്റ് മംഗഫിലെ തൊഴിലാളിക്യാമ്പിലുണ്ടായ അഗ്നിബാധയിൽ മരണപ്പെട്ടവരുടെ ഭവനങ്ങൾ ഡയറക്ടറച്ചന്മാരും എക്സിക്യൂട്ടിവംഗങ്ങളും സന്ദർശിച്ചു കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുകയും അനുശോചനമറിയിക്കുകയും ചെയ്തു. ദുരന്തത്തിൽ നിര്യാതരായ പ്രവാസികളുടെ ആത്മശാന്തിക്കായും പരിക്കേറ്റു ചികിത്സയിൽ കഴിയുന്നവരുടെ സൗഖ്യത്തിനായും അവരുടെ കുടുംബാംഗങ്ങൾക്കു മനഃശക്തിയും ആശ്വാസവും ലഭിക്കുന്നതിനായും ഇവരെ ശുശ്രൂഷിക്കുന്ന ഡോക്ടർമാർ, നേഴ്സുമാർ എന്നിവർക്കായും ജൂൺ 16 ഞായറാഴ്ച പ്രാർഥനാദിനമായി ആചരിച്ചു. രാത്രി 9.30 മുതൽ 10 വരെ ഡയറക്ടറച്ചന്മാരുടെ നേതൃത്വത്തിൽ സൂം പ്ലാറ്റ്ഫോമിൽ പ്രാർഥനാശുശ്രൂഷയും നടത്തപ്പെട്ടു.

ഖത്തർ, ഇസ്രായേൽ എന്നീ രാജ്യങ്ങളിലെ എക്സിക്യൂട്ടിവ് മീറ്റിങ് നടന്നു. മാൾട്ടയിൽ പ്രവാസി അപ്പോസ്തലേറ്റിന്റെ ശുശ്രൂഷാസംവിധാനം ആരംഭിച്ചു. ജൂൺ 23ലെ ഓൺലൈൻ മീറ്റിങ്ങിൽ അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവ് ഈ ശുശ്രൂഷാസംവിധാനം ഉദ്ഘാടനംചെയ്ത് അനുഗ്രഹപ്രഭാഷണം നൽകി.

**ഫാ. മാത്യു മാറാട്ടുകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽക്കളം**
*(ഡയറക്ടർ)*

**NB: ഓഫീസ് സമയം- രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**
**വിളിക്കേണ്ട നമ്പർ 9207470117, 8089920614 (NORKA HELP DESK)**

# കത്തോലിക്കാകോൺഗ്രസ്
# (AKCC)

## എക്സലെൻഷ്യ സീസൺ 2– ചങ്ങനാശ്ശേരി ആർച്ച് എപ്പാർക്കി മെറിറ്റ് ഇവന്റ് '24

കത്തോലിക്കാകോൺഗ്രസിന്റെ നേതൃത്വത്തിൽ 'ലക്ഷ്യ'യുടെ സഹകരണത്തോടെ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയ അതിരൂപതാമക്കളെ ആദരിക്കാനായി സംഘടിപ്പിച്ച എക്സലെൻഷ്യ സീസൺ 2– ചങ്ങനാശ്ശേരി ആർച്ച് എപ്പാർക്കി മെറിറ്റ് ഇവന്റ് '24 ജൂൺ ഒന്നിനു ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ നടത്തപ്പെട്ടു. എ.കെ.സി.സി. അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിലിന്റെ അദ്ധ്യക്ഷതയിൽചേർന്ന സമ്മേളനത്തിൽ അതിരൂപതാ മെത്രാപ്പോലീത്ത അഭി. മാർ ജോസഫ് പെരുന്തോട്ടം മെറിറ്റ് ഇവന്റ് ഉദ്ഘാടനംചെയ്തു. ഓരോ കുട്ടിയും തങ്ങളുടെ വ്യക്തിഗതമായ മികവു പൊതുനന്മയ്ക്കായി പ്രയോജനപ്പെടുത്തണമെന്നും ജീവിതത്തിൽ സ്വഭാവശുദ്ധിയും പ്രാർഥനാചൈതന്യമുള്ളവരായി വളരണമെന്നും അഭി. പിതാവു പ്രസംഗമധ്യേ കുട്ടികളെ ഓർമിപ്പിച്ചു.

അതിരൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് തറയിൽ അനുഗ്രഹപ്രഭാഷണവും അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല ആമുഖപ്രഭാഷണവും കത്തോലിക്കാകോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം മുഖ്യപ്രഭാഷണവും നടത്തി. ചങ്ങനാശ്ശേരി എം.എൽ.എ. അഡ്വ. ജോബ് മൈക്കിൾ കുട്ടികളെ അനുമോദിച്ചുസംസാരിച്ചു. യുവദീപ്തി–എസ്.എം.വൈ.എം. അതിരൂപതാ പ്രസിഡന്റ് ജോയൽ ജോൺ റോയി, കത്തോലിക്കാകോൺഗ്രസ് അതിരൂപതാ ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം, ട്രഷറർ ജോസ് ജോൺ വെങ്ങാന്തറ, ജനറൽ കൺവീനേഴ്സായ രാജേഷ് ജോൺ നന്തികാട്ട്, ജിനോ ജോസഫ് കളത്തിൽ എന്നിവർ പ്രസംഗിച്ചു. അന്നമ്മ ട്രൂബ് വയലുങ്കൽ, പി.സി. കുര്യൻ പൂങ്കോട്ടയിൽ എന്നിവരെ മഹനീയസേവനത്തിന് ആദരിച്ചു. അതിരൂപതയിലെ ഫൊറോനകളിൽനിന്നായി 850 വിദ്യാർഥികൾക്കു പ്രശംസാപത്രവും സമ്മാനങ്ങളും നൽകി. ബാബു വളപ്പുര, സി.റ്റി. തോമസ് കാച്ചാംകോടം, ജേക്കബ് നിക്കോളാസ്, ഷിജി ജോൺസൺ, റോസ്‌ലിൻ കെ. കുരുവിള, ജോർജുകുട്ടി മുക്കത്ത്, സേവ്യർ കൊണ്ടോടി, സെബാസ്റ്റ്യൻ വർഗീസ്, പി.സി കുഞ്ഞപ്പൻ, ജോബി ചൂരക്കുളം, കുഞ്ഞ് കളപ്പുര, കെ.എസ്. ആന്റണി, സിസി അമ്പാട്ട്, സൈബി അക്കര, ചാക്കപ്പൻ ആന്റണി എന്നിവർ മെറിറ്റ് ഇവന്റിനു നേതൃത്വംനൽകി

## 'AWAKE 24'- യൂണിറ്റ് സന്ദർശനം

കത്തോലിക്കാകോൺഗ്രസ് അതിരൂപതാസമിതിയുടെ നേതൃത്വത്തിൽ നടത്തുന്ന യൂണിറ്റുസന്ദർശനപരിപാടിയായ 'AWAKE 24' മെയ് 26നു തെള്ളകം സെന്റ് ജോസഫ്സ് പള്ളിയിൽ അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യന്റെ അധ്യക്ഷതയിൽചേർന്ന സമ്മേളനത്തിൽ അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ഉദ്ഘാടനംചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല മുഖ്യസന്ദേശവും അതിരമ്പുഴ ഫൊറോനാ ഡയറക്ടറും തെള്ളകം പള്ളിവികാരിയുമായ ഫാ. ജോസഫ്

*ശേഷം പേജ് 69ൽ ➤➤➤*

# കേരള ലേബർ മൂവുമെന്റ്
## (KLM)

ഈശോയിൽ പ്രിയപ്പെട്ടവരേ,

കഴിഞ്ഞ രണ്ടുവർഷക്കാലം (2022-2024) കെ.എൽ.എം.നു നേതൃത്വം നൽകിയ അതിരൂപതാസമിതിയംഗങ്ങളെ സംഘടനയുടെ പേരിൽ നന്ദിയോടെ ഓർക്കുന്നു. വിഴിഞ്ഞം, മണിപ്പുർ ഐക്യദാർഢ്യം, മെയ്ദിനം തുടങ്ങിയ പ്രവർത്തനങ്ങൾക്കു നെടുനായകത്വം വഹിക്കാൻ നിങ്ങളേവരും കാണിച്ച താത്പര്യത്തിനു കെ.എൽ.എം. അംഗങ്ങളുടെ പേരിലുള്ള നന്ദിയും പ്രാർഥനയും അറിയിക്കുന്നു.

കെ.എൽ.എം. സംഘടനാതെരഞ്ഞെടുപ്പു നൽകിയിരിക്കുന്ന തെരഞ്ഞെടുപ്പു വിജ്ഞാപനമനുസരിച്ചു സംഘം, യൂണിറ്റ്, ഫൊറോന, അതിരൂപതാതലങ്ങളിൽ തെരഞ്ഞെടുപ്പു ഭംഗിയായി പൂർത്തീകരിക്കാൻ എല്ലാവരോടും അഭ്യർഥിക്കുന്നു. ശക്തവും ക്രിയാത്മകവും ഉചിതവുമായ നേതൃത്വം ലഭിക്കാൻ നമുക്ക് ആഗ്രഹിക്കുകയും പ്രാർഥിക്കുകയും ചെയ്യാം.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

**യൂണിറ്റുവാർഷികങ്ങൾ**

കുറുമ്പനാടം അസംപ്ഷൻ യൂണിറ്റിന്റെ വാർഷികം മെയ് 26നു നടത്തപ്പെട്ടു. വികാരി ഫാ. ഫിലിപ്പ് ഏറത്തേടം അധ്യക്ഷതവഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനംചെയ്തു. അതിരൂപതാസമിതിയംഗം സജിമോൻ ജോർജ് പങ്കെടുത്തു.

ആർപ്പൂക്കര യൂണിറ്റിന്റെ വാർഷികം ജൂൺ ആറിനു നടത്തപ്പെട്ടു. വികാരി ഫാ. ലൂയിസ് വെള്ളാനിക്കൽ അധ്യക്ഷതവഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനംചെയ്തു.

ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ യൂണിറ്റിന്റെ വാർഷികം ജൂൺ 16നു നടത്തപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു കാവനാട്ട് അധ്യക്ഷതവഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനംചെയ്തു. വികാരി ഫാ. ജോസ് കൊച്ചുപറമ്പിൽ അനുഗ്രഹപ്രഭാഷണം നടത്തി. ഫൊറോനാ കോഡിനേറ്റർ വിജി സെബാസ്റ്റ്യൻ പങ്കെടുത്തു.

**പുതിയസംഘങ്ങൾ**

കുറുമ്പനാടം യൂണിറ്റിൽ മേരിമാതാ എസ്.എച്ച്.ജി. രൂപീകരിച്ചു. വികാരി ഫാ. ചെറിയാൻ കറുകപ്പറമ്പിൽ അധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനംചെയ്തു. യൂണിറ്റ് കോഡിനേറ്റർ മാത്യു ജേക്കബ് പങ്കെടുത്തു.

ചാഞ്ഞോടി യൂണിറ്റിൽ ഹോളി എയ്ഞ്ചൽ എസ്.എച്ച്.ജി. രൂപീകരിച്ചു. വികാരി ഫാ. ജോസഫ് തൂമ്പുങ്കൽ അധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനംചെയ്തു. സഹവികാരി

ഫാ. സെബാസ്റ്റ്യൻ പുതുശ്ശേരിൽ, യൂണിറ്റ് കോഡിനേറ്റർ പ്രിജോഷ് ചാക്കോ എന്നിവർ പങ്കെടുത്തു.

**ആദരാഞ്ജലികൾ**

പുളിങ്കുന്ന് സെന്റ് പയസ് സംഘാംഗം കെ.പി. ജയിംസ് കാട്ടിപ്പറമ്പിൽ മമ്മന്റേടം, കുറുമ്പനാടം സെന്റ് തോമസ് സംഘാംഗം എ.ഒ. ജോസഫ് അട്ടിക്കൽ, മണ്ണഞ്ചേരി സെന്റ് അൽഫോൻസാ സംഘാംഗം ആന്റണി ദേവസ്യ ഈരയിൽ, പുഴവാത് സെന്റ് തോമസ് സംഘാംഗം സണ്ണി ഇ.വി. ഏലംകുന്നം, പാറമ്പുഴ സെന്റ് അൽഫോൻസാ സംഘാംഗം മേരി ലൂയിസ്, പങ്ങട സെന്റ് തെരേസ സംഘാംഗം ലിസമ്മ മാത്യു ചൂരനവയലിൽ എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബം അനുശോചനവും പ്രാർഥനയും അറിയിക്കുന്നു.

**മരണാനന്തരസഹായനിധി**

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരരുടെ നോമിനികൾക്കു മരണാനന്തര സഹായമായ Rs. 1,25,000 രൂപ മെയ് 28നു കൈമാറി.

| പേര് | സംഘം |
|---|---|
| 147. റോസമ്മ ജയിംസ് | ചാഞ്ഞോടി കൊച്ചുത്രേസ്യ |
| 148. ചാക്കോ ചാക്കോ | കുന്നങ്കരി - പുലിമുഖം മാർത്ത് മറിയം |
| 149. സി.പി. മാത്യു | വില്ലൂന്നി സെന്റ് ജോർജ് |
| 151. സജി പോൾ | ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ |

## ➤➤➤ *കത്തോലിക്കാകോൺഗ്രസ് തുടർച്ച...*

ആലുങ്കൽ ആമുഖസന്ദേശവും നൽകി. അതിരൂപതാ ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം, ട്രഷറർ ജോസ് ജോൺ വെങ്ങാന്തറ, അതിരൂപതാ ഭാരവാഹികളായ ജിനോ ജോസഫ്, ജോർജുകുട്ടി മുക്കത്ത്, കുഞ്ഞ് കളപ്പുര, കെ.എസ്. ആന്റണി കരിമറ്റം, ജോബി ചുരക്കുളം, ജോം റ്റോം ജോണി, ജോൺസ്, റ്റോമി കുരുവിള പുളിമാൻതുണ്ടം, ലിയോൺ തൈപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു. പരിപാടിയുടെ ഭാഗമായി അതിരൂപതാ ഭാരവാഹികൾക്കു സ്വീകരണവും പരീക്ഷകളിൽ വിജയിച്ച കുട്ടികൾക്ക് ആദരവും നൽകി.

അതിരൂപതയിലെ ഇടവകകളിൽ കത്തോലിക്കാകോൺഗ്രസിന്റെ യൂണിറ്റുകളുണ്ടാവുകയും അതു സജീവമായി പ്രവർത്തിപ്പിക്കുകയും ചെയ്യുകയെന്നതാണ് AWAKE 24ലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ തുടർപരിപാടികൾ കടുവാക്കുളം ലിറ്റിൽ ഫ്ളവർ, വെട്ടിത്തുരുത്ത് സെന്റ് ആന്റണീസ്, പാറേൽ സെന്റ് മേരീസ്, തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോന, കൈതവന ഇമ്മാക്കുലേറ്റ് ഹാർട്ട് എന്നീ യൂണിറ്റുകളിൽ സംഘടിപ്പിക്കപ്പെട്ടു.

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

**ബിജു സെബാസ്റ്റ്യൻ**
*(പ്രസിഡന്റ്)*

**ബിനു ഡൊമിനിക്**
*(ജനറൽ സെക്രട്ടറി)*

# ആത്മതാകേന്ദ്രം

**(ARCHDIOCESAN TEMPERANCE MOVEMENT FOR AWARENESS & TREATMENT OF ADDICTS)**

പ്രിയപ്പെട്ടവരേ,

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ചൈതന്യം സംരക്ഷിക്കുകയെന്ന മഹനീയമായ ദൗത്യത്തിൽ പങ്കുകാരാകുന്നവരാണു നാമെല്ലാവരും. അനുദിനമുള്ള വാർത്താമാധ്യമങ്ങളിലൂടെ കേരളത്തിൽ പ്രത്യേകിച്ച്, കോട്ടയത്തു സ്കൂൾ കേന്ദ്രീകരിച്ചു ഗണ്യമായി വർദ്ധിച്ചുവരുന്ന ലഹരിയുടെ ഉപയോഗത്തെപ്പറ്റി നമ്മൾ ഭയചകിതരാണ്. ഈ മേഖലയിൽ സർക്കാരിന്റെ നിഷ്ക്രിയത്വത്തെ നാം ശക്തമായി പ്രതിഷേധിക്കുകയാണ്. ലഹരിയുടെ യഥാർഥകേന്ദ്രങ്ങളിലേക്കു കടന്നുചെല്ലാതെ മേൽത്തട്ടിലുള്ള പോലീസിന്റെ പ്രകടനം ഭരണവീഴ്ചയായി കണക്കാക്കുന്നു. മദ്യവരുമാനത്തിലൂടെ പണമുണ്ടാക്കി ഭരണം നടത്താൻ പെടാപ്പാടുപെടുന്ന സർക്കാരിന്റെ കുത്തഴിഞ്ഞ ഭരണനിർവഹണം എവിടെച്ചെന്ന് അവസാനിക്കുമെന്നറിഞ്ഞുകൂടാ.

സ്നേഹത്തോടെ,

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

### സപ്പോർട്ട് എ ചൈൽഡ് പദ്ധതിവാർഷികവും പഠനോപകരണവിതരണവും

മെയ് 25നു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ട സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ 20–ാമതു വാർഷികസമ്മേളനം അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ഉദ്ഘാടനംചെയ്തു. ആത്മതാകേന്ദ്രം ഡയറക്ടർ ഫാ. ജോൺ വടക്കേകളം അധ്യക്ഷതവഹിച്ചു. പഠനോപകരണവിതരണം ജെ.സി.എ. പ്രസിഡന്റ് കെ. രഞ്ജിത്ത് ഉദ്ഘാടനം ചെയ്തു. സാമ്പത്തികസഹായവിതരണം സിനി ആർട്ടിസ്റ്റ് സ്മിനു സിജോ നിർവഹിച്ചു. വൈസ് മെൻസ് ക്ലബ്ബ് പ്രസിഡന്റ് ജോസ് കുളങ്ങര, തോമസുകുട്ടി പാലാത്ര, ഡോ. എസ്.ജി. ബിജു, അരുൺ ആലുങ്കൽ, സിബി ലൂക്ക്, റോസമ്മ വി.എ., റിൻസി തോമസ്, ഡോ. ജോർജി ജോർജ്, ജോമോൻ വെടിക്കാട്ട്, ജിൻസി രാജൻ എന്നിവർ ആശംസകൾനേർന്നു സംസാരിച്ചു. റ്റി.എം. മാത്യു സ്വാഗതവും ട്രീസ മാത്യു റിപ്പോർട്ടും അവതരിപ്പിച്ചു. സോൺസി ആന്റണി വടക്കേകളം 400 പേർക്കുള്ള ഉച്ചഭക്ഷണത്തിന്റെ ചെലവുനൽകി. 1,87,200 രൂപയുടെ ധനസഹായവും പഠനോപകരണവിതരണവും നടത്തി.

### ഹോമിയോചികിത്സാപദ്ധതി

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന സ്ഥലങ്ങളിലും ദിവസങ്ങളിലുമായി നൽകിവരുന്നു. വിദഗ്ധരായ ഡോക്ടേഴ്സിന്റെയും കൗൺസെലേഴ്സിന്റെയും സേവനം ഈ പദ്ധതിയിൽ ലഭ്യമാണ്.

*ശേഷം പേജ് 81ൽ ➤➤➤*

# ദളിത് കത്തോലിക്കാ മഹാജന സഭ (DCMS)

**പഠനോപകരണവിതരണം 2024**

ഡി.സി.എം.എസ്. അതിരൂപതാക്കമ്മിറ്റിയുടെ നേതൃത്വത്തിൽ ഡി.സി.എം.എസ്. യൂണിറ്റുകളിലെ ഒന്നുമുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് (കരിയർ ഗൈഡൻസ് സെമിനാറിൽ പങ്കെടുത്ത യൂണിറ്റുകളിൽ) ജൂൺ ഒന്നിനു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ മിനി ഹാളിൽ നടത്തപ്പെട്ട മീറ്റിങ്ങിൽ നോട്ടുബുക്കുകൾ വിതരണംചെയ്തു. പങ്കെടുത്ത മാതാപിതാക്കൾക്കും വിദ്യാർഥികൾക്കുമായി വനിതാ-ശിശുക്ഷേമവകുപ്പിലെ കൗൺസിലറും ഡി.സി.വൈ.എൽ. അതിരൂപതാ മുൻ കമ്മിറ്റിയംഗവുമായിരുന്ന ഷിനു പി. ആന്റണി ക്ലാസ്സ് നയിച്ചു. ഈശ്വരപ്രാർഥനയോടെ ആരംഭിച്ച മീറ്റിങ്ങിൽ അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് അധ്യക്ഷതവഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ബുക്കുവിതരണം ഉദ്ഘാടനംചെയ്തു. സെക്രട്ടറി മാത്യു ജോസഫ് സ്വാഗതവും ഡി.സി.വി.എസ്. അതിരൂപതാ സെക്രട്ടറി ത്രേസ്യാമ്മ ജോസഫ് നന്ദിയും പറഞ്ഞു. 105 വിദ്യാർഥികളും 40 മാതാപിതാക്കളും പങ്കെടുത്തു. 152 വിദ്യാർഥികൾക്കു ബുക്കുകൾ വിതരണംചെയ്തു.

**സംയുക്തകൗൺസിൽ മീറ്റിങ്**

അതിരൂപതാ ദളിത് കത്തോലിക്കാ മഹാജന സഭ (ഡി.സി.എം.എസ്., ഡി.സി.വി.എസ്., ഡി.സി.വൈ.എൽ.) സംയുക്തകൗൺസിൽ മീറ്റിങ് ജൂൺ 16നു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ മിനി ഹാളിൽ ഈശ്വരപ്രാർഥനയോടെയാരംഭിച്ചു. സെക്രട്ടറി മാത്യു ജോസഫ് സ്വാഗതം പറഞ്ഞു. അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് അധ്യക്ഷതവഹിച്ചു. മുൻകാലപ്രവർത്തനങ്ങളുടെ റിപ്പോർട്ട് സെക്രട്ടറി അവതരിപ്പിച്ചു പാസാക്കിയശേഷം ജൂലൈമുതൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച നടത്തി. ഡി.സി.എം.എസ്. ട്രഷറർ ലെനിൻ ജോസഫിന്റെ നന്ദിപ്രകാശനത്തോടെ കൗൺസിൽ മീറ്റിങ് അവസാനിച്ചു.

1. 2022ൽ ആരംഭിച്ച ദളിത് കത്തോലിക്കാ സർവേ, 2024 ഏപ്രിലിൽ തുടങ്ങിയ മെമ്പർഷിപ്പ് പുതുക്കൽ എന്നിവ പൂർത്തിയാക്കുന്നതിനു **ജൂലൈ 15 വരെ** സമയം നീട്ടിവെക്കുന്നതിനും അതിരൂപതാക്കമ്മിറ്റിഭാരവാഹികൾ യൂണിറ്റ് സന്ദർശിച്ചു സമാഹരിക്കുന്നതിനും തീരുമാനിച്ചു.
2. 2024 നീതിഞായർ ആചരണം (ജസ്റ്റിസ് സൺഡേ) **ഓഗസ്റ്റ് 18നു** കോട്ടയം ഗാന്ധി സ്ക്വയറിൽ പൊതുപരിപാടിയായി നടത്തുന്നതാണ്.
3. ദളിത് കത്തോലിക്കാ അതിരൂപതാ കുടുംബസംഗമം 2024 **ഒക്ടോബർ 20നു** വിപുലമായ രീതിയിൽ ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ നടത്തപ്പെടും. കുടുംബസംഗമത്തിന്റെ ആലോചനകൾക്കായി ഡി.സി.എം.എസ്. അതിരൂപതാ കൗൺസിൽ വിളിച്ചുചേർക്കുന്നതാണ്.
4. പുതുക്കിയ ക്ഷേമനിധിനിയമനനിയമാവലിയുടെ അടിസ്ഥാനത്തിൽ 2024ൽ 25 ക്ഷേമനിധികളുടെ അപേക്ഷകൾ **ജൂലൈ ഒന്നുമുതൽ** സ്വീകരിക്കും.

*ശേഷം പേജ് 74ൽ* ➤➤➤

"സമാധാനം - സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

സഭാമക്കളും സഭയിലംഗമായിത്തീരാൻ ആഗ്രഹിക്കുന്ന അല്മായരുടെ അറിവിനും ഫ്രാൻസിസ്കൻചൈതന്യത്തിൽ നിറഞ്ഞുജീവിച്ച് ആത്മരക്ഷ പ്രാപിക്കുക എന്നലക്ഷ്യത്തെ മുൻനിർത്തിയും സ്പിരിചൽ അസ്സിസ്റ്റന്റ് തോമസ് വെട്ടിക്കൽ അച്ചൻ 5 റീജനുകളിലും പ്രത്യേകകൂട്ടായ്മകൾ സംഘടിപ്പിച്ചു. മൂന്നാംസഭയെക്കുറിച്ചും ഫ്രാൻസിസ്കൻചൈതന്യത്തെക്കുറിച്ചും സഭാമക്കളെയും സഭയിൽ ചേരാനാഗ്രഹിക്കുന്നവരെയും പഠിപ്പിക്കാനായി ധ്യാനങ്ങൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു. കുറുമ്പനാടം റീജന്റെ ആദ്യധ്യാനം ജൂൺ 15നു കുറുമ്പനാടം ക്ലാരിസ്റ്റ് കോൺവെന്റിന്റെ ചാപ്പലിൽ നടത്തപ്പെട്ടു. വി. ഫ്രാൻസിസ് അസ്സീസ്സിയെക്കുറിച്ചും ഫ്രാൻസിസ്കൻജീവിതരീതി എങ്ങനെയാണു ജീവിതത്തിൽ പുലർത്തേണ്ടതെന്നും ധ്യാനത്തിൽ പഠിപ്പിച്ചുതന്നു.

ഫ്രാൻസിസ്കൻചൈതന്യത്തിൽ ആകൃഷ്ടരായി കുടുംബജീവിതം നയിക്കുന്നവർ തങ്ങളുടെ ആത്മാക്കളുടെ രക്ഷയ്ക്കായി വി. ഫ്രാൻസിസ് അസ്സീസ്സിയോട് ആവശ്യപ്പെട്ടപ്രകാരമാണു മൂന്നാംസഭ സ്ഥാപിച്ചത്. ഈ സഭ ഭൗതിക നേട്ടങ്ങൾക്കുവേണ്ടിയുള്ള ഒരു സംഘടനായിട്ടല്ല; മറിച്ച് ഓരോ അല്മായനും തിരുവചനത്തിനാധിഷ്ഠിതമായ വിശുദ്ധജീവിതം നയിക്കാൻ സ്ഥാപിച്ചതാണ്. ആത്മരക്ഷയ്ക്കായി സുവിശേഷമനുസരിച്ചു ജീവിക്കുമ്പോൾ നമ്മൾ ഭൗതിക ജീവിതത്തിലും അനുഗ്രഹിക്കപ്പെടുമെന്നു വിശുദ്ധജീവിതങ്ങളെ സാക്ഷ്യമാക്കി അച്ചൻ വിശദീകരിച്ചുതന്നു. ഇത്രത്തോളം വിശുദ്ധരുള്ള വേറൊരു സഭയില്ലെന്നും ഈ ജീവിതശൈലി പിന്തുടരണമെന്നും അച്ചൻ ഉദ്ബോധിപ്പിച്ചു. വി. ഫ്രാൻസിസ്തന്നെ തയ്യാറാക്കിയ നിയമാവലിയനുസരിച്ച് ആത്മരക്ഷ ലക്ഷ്യമാക്കി മാത്രം ജീവിക്കുന്നവരാകണം സഭാമക്കളെന്ന് അച്ചൻ ഓർമപ്പെടുത്തി. കുറുമ്പനാടം റീജന്റെ രണ്ടാമത്തെ ധ്യാനം ജൂൺ 26നു കുറുമ്പനാടം ക്ലാരിസ്റ്റ് കോൺവെന്റിന്റെ ചാപ്പലിൽ നടത്തപ്പെട്ടു.

**സ്വർഗപ്രാപ്തി**

തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ ഭ്രാതൃത്വാംഗം തിനപ്പറമ്പിൽ ലീലാമ്മ, പച്ച-ചെക്കിടിക്കാട് ലൂർദ് മാതാ ഭ്രാതൃത്വാംഗം ചേക്കയിൽ കെ.വി. ക്ലാരമ്മ ഈ സഹോദരങ്ങളുടെ ആത്മശാന്തിക്കായി പ്രാർഥിക്കാം.

**ബ്രദർ വി.സി. അലക്സ് വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. തോമസ് വെട്ടിക്കൽ** OFM Cap.
*(സ്പിരിച്വൽ അസ്സിസ്റ്റന്റ്)*

# വിൻസെൻഷ്യൻ വേദി
## (SSVP)

*''നന്മ ചെയ്യുന്നതിലും നിങ്ങൾക്കുള്ളവ പങ്കുവെക്കുന്നതിലും ഉപേക്ഷ വരുത്തരുത്, അത്തരം ബലികൾ ദൈവത്തിനു പ്രീതികരമാണ്''* (ഹെബ്രായർ 13:16).

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

'നീയും പോയി അതുപോലെ ചെയ്യുക' *(ലൂക്കാ 10:37)*. നമ്മുടെ അന്തർ ദേശീയ പ്രസിഡന്റ് ബ്രദർ ജുവാൻ മാനുവൽ ബർഗോ ഗോമസിനു ചാലക്കുടിയിൽ കെ.ആർ.സി.സി. നൽകിയ സ്വീകരണം ഉദ്ഘാടനംചെയ്തുകൊണ്ടു മേജർആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽപിതാവു നൽകിയ സന്ദേശത്തിലെ പ്രധാന ആശയമായിരുന്നു നല്ല സമറായന്റെ ഉപമയിൽ ഈശോ നിയമജ്ഞനോടു പറയുന്ന ഈ വാചകം. മറ്റുള്ളവരോടു കരുണ കാട്ടുമ്പോഴാണു യഥാർഥത്തിൽ അവർക്ക് അയൽക്കാരനാകാൻ നമുക്കു സാധിക്കുക. കരുണയെന്ന ദൈവസ്വഭാവത്തെ സ്വന്തമാക്കി അതു വിതരണം ചെയ്യാൻ പ്രത്യേകമായി തെരഞ്ഞെടുക്കപ്പെട്ടവരുടെ സമൂഹമാണു സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി. ജാതിയോ, മതമോ, ദേശമോ, വലിപ്പചെറുപ്പമോ ഒന്നും നോക്കാതെ എല്ലാവരിലും ദൈവത്തെ കണ്ടുകൊണ്ടുള്ള ശുശ്രൂഷയുടെ മാഹാത്മ്യം മനസ്സിലാക്കി പ്രവർത്തിക്കാൻ സൊസൈറ്റിക്കു സാധിച്ചിട്ടുണ്ട്; അതു തുടരുകയും വേണം.

നീ നിന്റെ ദൈവമായ കർത്താവിനെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണമനസ്സോടും പൂർണശക്തിയോടുംകൂടെ സ്നേഹിക്കുക എന്ന ഒന്നാമത്തെ കല്പനയും നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന രണ്ടാമത്തെ കല്പനയും *(മർക്കോ. 12:30-31)* അനുവർത്തിക്കുന്നതാകണം ഓരോ വിൻസെൻഷ്യന്റെയും ജീവിതമെന്ന ആശയമാണു ദേശീയ പ്രസിഡന്റ് ബ്രദർ ജൂഡ് മംഗൽരാജ് പങ്കുവെച്ചത്. ദൈവസ്നേഹത്തിൽ വളരുക, ആധ്യാത്മികാഭിവൃദ്ധി പ്രാപിക്കുക എന്നിവയ്ക്കാകണം പ്രാധാന്യം. ജീവകാരുണ്യപ്രവർത്തനങ്ങൾക്കു രണ്ടാം സ്ഥാനം മാത്രമേ ഉണ്ടാവാൻ പാടുള്ളൂ. ചിലപ്പോഴെങ്കിലും പ്രവർത്തനപരിപാടികൾക്കു പ്രഥമപരിഗണന കൊടുക്കുന്നുണ്ടെങ്കിൽ അതു തിരുത്തപ്പെടണം.

തൃശൂർ സെൻട്രൽ കൗൺസിലിന്റെ പ്ലാറ്റിനംജൂബിലി ഭവനസമുച്ചയ സമർപ്പണം, ഡയാലിസിസ് പദ്ധതി ഉദ്ഘാടനം, ഇരിങ്ങാലക്കുട സെൻട്രൽ കൗൺസിലിന്റെ 'എൻഡ്യൂറിങ് ലവ്' എന്നപേരിലുള്ള ഡയാലിസിസ് സപ്പോർട്ട് പദ്ധതി ഉദ്ഘാടനം എന്നിവയായിരുന്നു ബ്രദർ ജുവാന്റെ കേരളത്തിലെ പ്രധാന പരിപാടികൾ. ഇരുനൂറോളം ഭവനങ്ങളാണു തൃശൂർ സെൻട്രൽ കൗൺസിൽ പണിതുനൽകുന്നത്. പ്രതിവർഷം 1000 ഡയാലിസിസ് കിറ്റുകൾ സൗജന്യമായി നൽകുന്ന സംരംഭത്തിനാണ് ഇരിങ്ങാലക്കുട സെൻട്രൽ കൗൺസിൽ തുടക്കംകുറിച്ചിരിക്കുന്നത്. ഇതിനായി ഒരംഗം പ്രതിമാസം 500 രൂപ വീതം നൽകിക്കൊണ്ടാണു പദ്ധതി നടപ്പാക്കുന്നത്. അങ്കമാലിയിൽ ഏതാണ്ട് 10 കോടിയോളം രൂപ മുടക്കി ആരംഭിക്കാനുദ്ദേശിക്കുന്ന ഡയാലിസിസ് സെന്ററിന്റെ പ്രൊജക്റ്റും യോഗത്തിൽ അവതരിപ്പിക്കപ്പെട്ടു. കാലഘട്ടത്തിന്റെ ആവ

ശ്യങ്ങൾക്കനുസരിച്ചു സാധുക്കൾക്കായി ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ സൊസൈറ്റിക്കു സാധിക്കുന്നുയെന്നതു നമുക്കും അഭിമാനകരമാണ്. കൂടുതൽ മെച്ചപ്പെട്ട സാഹചര്യങ്ങളും സാധ്യതകളുമുള്ള നമുക്കും ഇത്തരം മേഖലക ളെപ്പറ്റി ചിന്തിക്കേണ്ടതായുണ്ട്.

ജൂലൈ മൂന്നിനു നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ആചരിക്കുകയാണ്. മാർ തോമാശ്ലീഹായുടെ പൈതൃകവും ശ്രേഷ്ഠ മായ പാരമ്പര്യവും സ്വന്തമായുള്ള സഭയാണു നമ്മുടേത്. സഭയോടുള്ള സ്നേഹവും വിശ്വസ്തതയും സഭാധികാരികളോടുള്ള വിധേയത്വവുമൊക്കെ ഏറ്റവും പ്രധാനമായി കരുതിയിരുന്നവരാണു നമ്മുടെ പൂർവികർ. സഭയെ ആഴത്തിലറിയാനും കൂടുതൽ സ്നേഹിക്കാനുമുള്ള ഉത്തരവാദിത്വം സഭാ ദിനം നമ്മെ ഓർമപ്പെടുത്തുന്നു. നമ്മുടെ കെ.ആർ.സി.സി. സമ്മേളനത്തിൽ അഭി. തട്ടിൽപിതാവു നൽകിയ ഒരു പ്രധാന ഉത്തരവാദിത്വം സഭയ്ക്കുവേണ്ടി തീക്ഷ്ണമായി പ്രാർഥിക്കണമെന്നതായിരുന്നു. ഐക്യത്തോടെ സഭയുടെ വിശ്വസ്തസന്താനങ്ങളായി പ്രവർത്തിക്കാൻ സഭാമക്കൾക്കു സാധിക്കട്ടെയെന്നു പ്രാർഥിക്കാം.

വി.ഒ.സി.സി. കോഴ്സിന്റെ രണ്ടാം ബാച്ച് ജൂലൈമാസം ആരംഭിക്കുന്ന താണ്. വിശദവിവരങ്ങൾ വാട്സ് ആപ്പിലൂടെ അറിയിക്കുന്നതാണ്. പരമാവധി അംഗങ്ങളെ കോഴ്സിൽ പങ്കെടുപ്പിക്കാൻ ഏരിയാ കൗൺസിൽ ഭാരവാഹികൾ ശ്രദ്ധിക്കേണ്ടതാണ്.

നമ്മിൽനിന്നും വേർപിരിഞ്ഞുപോയ അമ്പലപ്പുഴ കോൺഫറൻസ് മുൻ പ്രസിഡന്റ് ബ്രദർ വർഗീസ് പടിഞ്ഞാറെവീടിന്റെ സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു; അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർഥിക്കാം. ദുക്റാനതിരു നാളിന്റെ ആശംസകൾ നേർന്നുകൊണ്ട്

ഈശോയിൽ സ്നേഹപൂർവം,

**ബ്രദർ തോമസ് ടി. മൂലയിൽ**
*(സെൻട്രൽ കൗൺസിൽ പ്രസിഡന്റ്)*

---

***>>> ദളിത് കത്തോലിക്കാ മഹാജന സഭ തുടർച്ച...***

**ആദരാഞ്ജലി**

ഡി.സി.എം.എസ്. നാൽപാത്തിമല യൂണിറ്റ് പ്രസിഡന്റും ഡി.സി.എം.എസ്. അതിരൂപതാ കൗൺസിലറുമായ ജോർജ് വെള്ളാനിക്കിലിന്റെ ഭാര്യ ജാൻസി ജോർജിന്റെ നിര്യാണത്തിൽ ഡി.സി.എം.എസ്. അതിരൂപതാക്കമ്മിറ്റി പ്രസി ഡന്റ്, സെക്രട്ടറി, വൈസ് പ്രസിഡന്റ്, കമ്മറ്റിയംഗങ്ങൾ തുടങ്ങിയവർ വീട്ടിലെത്തി അനുശോചനവും ആദരാഞ്ജലിയുമർപ്പിച്ചു.

സ്നേഹപൂർവം,

| | | |
|---|---|---|
| **മാത്യു ജോസഫ്** | **ഡോ. സിജോ ജേക്കബ്** | **ഫാ. ജോൺ വടക്കേകളം** |
| *(സെക്രട്ടറി)* | *(പ്രസിഡന്റ്)* | *(ഡയറക്ടർ)* |

# കരിസ്മാറ്റിക് നവീകരണം

*അപ്പോൾ ഞാൻ പറഞ്ഞു. ദൈവമായ കർത്താവേ, ഞാൻ കേവലം ബാലനാണ്; സംസാരിക്കാൻ എനിക്കു പാടവമില്ല. കർത്താവ് എന്നോടരുളിച്ചെയ്തു: വെറും ബാലൻ ആണെന്നു നീ പറയരുത്. ഞാൻ അയയ്ക്കുന്നിടത്തേക്കു നീ പോകണം. ഞാൻ കല്പിക്കുന്നതെന്തും സംസാരിക്കണം* (ജറമിയാ 1:6-8).

ജൂൺ അഞ്ചിനു ഫാത്തിമാപുരം ഫാത്തിമ മാതാ പള്ളിയിൽ ജൂബിലി സഹസ്രദിനപ്രാർഥനയുടെ ഭാഗമായി സ്തുതിയാരാധന, വചനശുശ്രൂഷ, പരിശുദ്ധ കുർബാനയുടെ ആരാധന എന്നിവ നടത്തപ്പെട്ടു. നൂറിലധികം പേർ പങ്കെടുത്തു. തോമസ് പ്ലാപ്പറമ്പിൽ അച്ചൻ ജൂൺ 15നു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിലെ ഓഫീസ് റൂമിൽ സോണൽ സർവീസ് ടീമിന്റെ പുതിയ ഡയറക്ടറായി സ്ഥാനമേറ്റു. നവീകരണമെന്നതു സഭയിൽ കാലഘട്ടത്തിന്റെ ആവശ്യമായി മാറിയിരിക്കുന്നുയെന്ന് അച്ചൻ തന്റെ സന്ദേശത്തിൽ പറഞ്ഞു. സോണൽ സർവീസ് ടീമിന്റെ പുനഃസംഘടനക്കു പ്രാർഥിച്ചൊരുങ്ങാനും എത്രയുംവേഗം സബ്സോണിന്റെ പുനഃസംഘടന നടത്താനും തീരുമാനിച്ചു. സാധിക്കുന്നിടത്തോളം പള്ളികളിൽ മാധ്യസ്ഥ്യപ്രാർഥനാഗ്രൂപ്പുകളുണ്ടാകാൻ പ്രയത്നിക്കാനും അച്ചൻ ആഹ്വാനംചെയ്തു.

**ലോഡ്സ് കപ്പിൾസ് മിനിസ്ട്രി ചങ്ങനാശ്ശേരി സോൺ**

ലോഡ്സ് കപ്പിൾസ് മിനിസ്ട്രി ചങ്ങനാശ്ശേരി സോണിന്റെ 64-ാമതു മീറ്റിങ് ജൂൺ നാലിനു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തി. ഉച്ചകഴിഞ്ഞ് മൂന്നിനു ജപമാലയോടെ മീറ്റിങ് ആരംഭിച്ചു. മുൻ ആനിമേറ്റർ ലൂയിസ് വെള്ളാനിക്കൽ അച്ചൻ മത്തായി 14:13-21 വായിച്ച വിചിന്തനംനൽകി. കോഡിനേറ്റർ സ്വാഗതമാശംസിച്ചു. ഇടവകയിലെ സെല്ലുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് എല്ലാവരും പങ്കുവെച്ചു. സെല്ലുകളുടെ പ്രവർത്തനങ്ങൾ നല്ലരീതിയിൽ മുന്നോട്ടുനീങ്ങുന്നു. അടുത്ത മീറ്റിങ് **ജൂലൈ രണ്ടിനു** ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തുന്നതാണ്. സന്ദേശഗീതം ആലപിച്ചതിനുശേഷം പ്രാർഥനയോടെയും ലൂയിസ് അച്ചന്റെ സമാപനാശീർവാദത്തോടെയും മീറ്റിങ് അവസാനിച്ചു.

സ്നേഹപൂർവം,

**മോൻ ചെത്തിമറ്റം** *(കോഡിനേറ്റർ)*

**ഫാ. തോമസ് പ്ലാപ്പറമ്പിൽ** *(ആനിമേറ്റർ)*



# വരദാനങ്ങൾ സഭയിൽ

(തിരുവചനഭാഗം: 1 കോറിന്തോസ് 14,1–39)

സഭയിൽ വരദാനങ്ങളുടെ ഉപയോഗത്തെപ്പറ്റിയാണു പൗലോസ്ശ്ലീഹാ ഇവിടെ പ്രതിപാദിക്കുന്നത്. പ്രത്യേകിച്ചു ഭാഷാവരത്തെക്കുറിച്ചും പ്രവചന വരത്തെക്കുറിച്ചും. ഈ തിരുവചനഭാഗം താഴെക്കാണുംവിധം വിഭജിക്കാം.

1. ഭാഷാവരവും പ്രവചനവരവും (14,1–14)
2. പ്രവചനവരത്തിനു പ്രാമുഖ്യം (14,15–25)
3. ആത്മീയവരങ്ങളുടെ ഉപയോഗം (14,26–33)
4. സ്ത്രീകൾ മൗനം പാലിക്കണം (14,34–36)
5. എല്ലാം ഉചിതമായി ചെയ്യുക (14,37–39)

ഈ വചനഭാഗം അജപാലകർക്കു നൽകുന്ന സന്ദേശങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം.

### 1. ഭാഷാവരവും പ്രവചനവരവും

*''സ്നേഹമായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം. അതേസമയം ആത്മീയദാന ങ്ങൾക്കായി, പ്രത്യേകിച്ചു പ്രവചനവരത്തിനായി, തീക്ഷ്ണതയോടെ ആഗ്ര ഹിക്കുവിൻ. ഭാഷാവരമുള്ളവൻ മനുഷ്യരോടല്ല ദൈവത്തോടാണു സംസാരി ക്കുന്നത്. അവൻ പറയുന്നത് ആരും ഗ്രഹിക്കുന്നില്ല. അവൻ ആത്മാവിനാൽ പ്രചോദിതനായി രഹസ്യങ്ങളെക്കുറിച്ചു സംസാരിക്കുന്നു. നേരേമറിച്ച്, പ്രവചി ക്കുന്നവൻ മനുഷ്യരോടു സംസാരിക്കുന്നു. അത് അവരുടെ ഉത്കർഷത്തിനും പ്രോത്സാഹനത്തിനും ആശ്വാസത്തിനും ഉപകരിക്കുന്നു. ഭാഷാവരത്തോടെ സംസാരിക്കുന്നവൻ തനിക്കുതന്നെ അഭിവൃദ്ധി കൈവരുത്തുന്നു; പ്രവചിക്കു ന്നവനാകട്ടെ സഭയ്ക്കും. നിങ്ങളെല്ലാവരും ഭാഷാവരത്തോടെ സംസാരിക്കണ മെന്നു ഞാനാഗ്രഹിക്കുന്നു. എന്നാൽ, നിങ്ങൾ പ്രവചിക്കുന്നെങ്കിൽ അതു കൂടുതൽ ഉത്തമം. ഭാഷാവരമുള്ളവന്റെ വാക്കുകൾ സഭയുടെ ഉത്കർഷത്തി നുതകുംവിധം ആരെങ്കിലും വ്യാഖ്യാനിക്കുന്നില്ലെങ്കിൽ പ്രവചിക്കുന്നവനാണ് അവനെക്കാൾ വലിയവൻ''* (14,1–5).

'സ്നേഹമായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം. ആത്മീയദാനങ്ങൾക്കായി പ്രത്യേകിച്ചു പ്രവചനവരത്തിനായി തീക്ഷ്ണതയോടെ ആഗ്രഹിക്കുവിൻ' (14,1) എന്നും 'നിങ്ങളെല്ലാവരും ഭാഷാവരത്തോടെ സംസാരിക്കണമെന്നും ഞാനാ ഗ്രഹിക്കുന്നു. എന്നാൽ നിങ്ങൾ പ്രവചിക്കുന്നെങ്കിൽ കൂടുതൽ ഉത്തമം' (14, 4–5) എന്നും പഠിപ്പിക്കുന്നതിലൂടെ പൗലോസ്ശ്ലീഹായുടെ നിലപാടു വ്യക്ത

മാണ്. ഭാഷാവരവും ആത്മീയദാനമാണ്. പക്ഷേ, അതിനു കോറിന്തോസുകാർ കൊടുത്തിരിക്കുന്ന പ്രാധാന്യം അതിരുകവിഞ്ഞുപോകുന്നു. ഭാഷാവരത്തെ പൗലോസ് തള്ളിപ്പറയുന്നില്ല. മറിച്ച്, അതിന്റെ മേന്മകൾ ധാരാളമായി സൂചിപ്പിക്കുന്നുമുണ്ട്. അതു ദൈവത്തോടുള്ള പ്രാർഥനയാണ് (14,2). അതിലൂടെ, പ്രാർഥിക്കുന്ന വ്യക്തിയ്ക്ക് ഉത്കർഷമുണ്ടാകുന്നു (14,4). വ്യാഖ്യാനിക്കുന്നെങ്കിൽ അതിനു പ്രവചനത്തിന്റെതന്നെ ഫലമുണ്ടാകുന്നു (14,5). സഭയിൽ എല്ലാവരും ഭാഷാവരം ഉപയോഗപ്പെടുത്തിയിരുന്നെങ്കിലെന്നു പൗലോസ് ആശിക്കുന്നു (14,5). പൗലോസ്തന്നെ, താൻ മറ്റുള്ളവരെക്കാൾ അധികമായി ഭാഷാവരത്തിൽ സംസാരിക്കുന്നുയെന്നതിൽ ദൈവത്തിനു നന്ദിപറയുന്നു (14,18). പൗലോസ് ഭാഷാവരത്തെ നിരുത്സാഹപ്പെടുത്താനല്ല, നിയന്ത്രിക്കാനാണു ശ്രമിക്കുന്നത്.

ഭാഷാവരത്തിലുള്ള സംഭാഷണം സഭാസമൂഹത്തെ പടുത്തുയർത്താൻ ഉപകരിക്കുന്നില്ല (14,6-19). സഭാംഗങ്ങൾ എല്ലാവരും ആത്മീയകാര്യങ്ങളിൽ ഉത്സുകരായതുകൊണ്ടു സഭയുടെ ഉത്കർഷത്തിനാണു യത്നിക്കേണ്ടത് (14,12). വ്യക്തമായി ചിട്ടപ്പെടുത്താത്ത സ്വരങ്ങൾ അർഥശൂന്യമാണ്. സംഗീതോപകരണങ്ങളുടെ സ്വരത്തെയും യുദ്ധത്തിന്റെ കാഹളം മുഴക്കലിനെയും ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്നു (14,7-8). 'അതുപോലെതന്നെ നിങ്ങളുടെ കാര്യവും' (14,9-12) എന്നു കോറിന്തോസിലെ സഭാംഗങ്ങളെ ഓർമിപ്പിക്കുന്നു. പറയുന്നവരും കേൾക്കുന്നവരും പരസ്പരം മനസ്സിലാക്കുന്നില്ലെങ്കിൽ ഇരുകൂട്ടരും പരസ്പരം വിദേശികളെപ്പോലെയാണ്. മറ്റുള്ളവർക്കു മനസ്സിലാകുകയെന്നതും സഭയെ പടുത്തുയർത്തുകയെന്നതുമാണു പ്രധാനകാര്യം. കരിസ്മാറ്റിക്വരങ്ങൾ ഉപയോഗിക്കുന്നതിൽ അജപാലകർ ജനങ്ങൾക്കുവേണ്ട നിർദേശങ്ങൾ നൽകണം.

### 2. പ്രവചനവരത്തിനു പ്രാമുഖ്യം

*"ഞാനെന്താണു ചെയ്യേണ്ടത്? ഞാൻ എന്റെ ആത്മാവുകൊണ്ടും മനസ്സുകൊണ്ടും പ്രാർഥിക്കും; ആത്മാവുകൊണ്ടും മനസ്സുകൊണ്ടും പാടുകയും ചെയ്യും. നേരേമറിച്ച്, നീ ആത്മാവുകൊണ്ടു മാത്രം സ്തോത്രം ചെയ്താൽ നിന്റെ വാക്കുകൾ ഗ്രഹിക്കാൻ ത്രാണിയില്ലാത്ത അന്യൻ നിന്റെ കൃതജ്ഞതാസ്തോത്രത്തിന് എങ്ങനെ ആമ്മേൻ പറയും? നീ ഉചിതമായി കൃതജ്ഞതയർപ്പിക്കുന്നുണ്ടായിരിക്കാം. എന്നാൽ, അപരന് അതു പരിപോഷകമാകുന്നില്ല. നിങ്ങളെല്ലാവരെയുംകാൾ കൂടുതലായി ഞാൻ ഭാഷാവരത്തോടെ സംസാരിക്കുന്നുണ്ട് എന്നതിൽ ഞാൻ ദൈവത്തിനു നന്ദിപറയുന്നു. എങ്കിലും, സഭയിൽ പതിനായിരം വാക്കുകൾ ഭാഷാവരത്തിൽ സംസാരിക്കുന്നതിനെക്കാൾ ഞാൻ ഇഷ്ടപ്പെടുന്നത്, മറ്റുള്ളവരെ പ്രബോധിപ്പിക്കുന്നതിന് അഞ്ചുവാക്കുകൾ ബോധപൂർവം സംസാരിക്കുന്നതാണ്"* (14,15-19).

'ഞാനെന്റെ ആത്മാവുകൊണ്ടും മനസ്സുകൊണ്ടും പ്രാർഥിക്കും; ആത്മാവുകൊണ്ടും മനസ്സുകൊണ്ടും പാടുകയും ചെയ്യു'മെന്നു പൗലോസ്ശ്ലീഹാ പറയുന്നു. സഭയുടെ പൊതുവായ പ്രാർഥനയിൽ ഭാഷാവരത്തെക്കാൾ കൂടുതൽ ബോധപൂർവമുള്ള പ്രാർഥനയ്ക്കാണു പ്രാധാന്യംകൊടുക്കേണ്ട

തെന്നു പൗലോസ്ശ്ലീഹാ ഇവിടെ സൂചിപ്പിക്കുന്നു. പ്രാർഥനയിൽ പ്രധാനമായും പ്രവർത്തിക്കുന്നതു പരിശുദ്ധാത്മാവാണ്. റോമാക്കാർക്കെഴുതിയ ലേഖനത്തിൽ ശ്ലീഹാ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്: ''നമ്മുടെ ബലഹീനതയിൽ ആത്മാവു നമ്മെ സഹായിക്കുന്നു. വേണ്ടവിധം പ്രാർഥിക്കേണ്ടതെങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ, അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവുതന്നെ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു. ഹൃദയങ്ങൾ പരിശോധിക്കുന്നവൻ ആത്മാവിന്റെ ഇംഗിതം ഗ്രഹിക്കുന്നു. എന്തെന്നാൽ ആത്മാവു ദൈവഹിതമനുസരിച്ചാണു വിശുദ്ധർക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നത്'' (റോമാ 8,26-27). ക്രിസ്തീയജീവിതവും പ്രാർഥനയും അരൂപിയിലുള്ള ജീവിതവും പ്രാർഥനയുമാണ്. ഇതു ഭാഷാവരത്തോടുകൂടിയുള്ള പ്രാർഥനയല്ല. അരൂപിയിൽ ജീവിക്കുന്ന എല്ലാ ക്രൈസ്തവരുടെയും പ്രാർഥനയാണ്. ഈ അർഥത്തിലാണു പൗലോസ്ശ്ലീഹാ ഇവിടെ അരൂപിയിലും പ്രാർഥിക്കുമെന്നുപറയുന്നത്.

സഭയുടെ പൊതുവായ ആരാധനയിൽ ശരിയായ ക്രമമുണ്ടായിരിക്കണമെന്നു ശ്ലീഹാ ഉത്ബോധിപ്പിക്കുകയാണ്. നീ ആത്മാവുകൊണ്ടുമാത്രം സ്തോത്രം ചെയ്താൽ നിന്റെ വാക്കുകൾ ഗ്രഹിക്കാൻ ത്രാണിയില്ലാത്ത അന്യൻ നിന്റെ കൃതഞ്ജതാസ്തോത്രത്തിന് എങ്ങനെ ആമ്മേൻ പറയുമെന്നു ശ്ലീഹാ പറയുന്നു. താൻ മറ്റാരെക്കാളും കൂടുതലായി ഭാഷാവരത്തോടെ പ്രാർഥിക്കുന്നുണ്ടെന്നു ശ്ലീഹാ അവകാശപ്പെടുന്നുണ്ട് (14,18). എങ്കിലും സഭാസമൂഹത്തിൽ മറ്റുള്ളവർക്ക് 'ആമ്മേൻ' പറയാൻ കഴിയുംവിധം മനസിലാകുന്ന ഭാഷയിൽ പ്രവചനവരമുപയോഗിച്ചു പ്രാർഥിക്കണമെന്നാണു ശ്ലീഹാ പറയുന്നത്. കരിസ്മാറ്റിക്പശ്ചാത്തലത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യത്തിൽ അജപാലകർ ശ്രദ്ധിക്കേണ്ടതാണ്.

### 3. ആത്മീയവരങ്ങളുടെ ഉപയോഗം

*''സഹോദരരേ, ആകയാൽ എന്തുവേണം? നിങ്ങൾ സമ്മേളിക്കുമ്പോൾ ഓരോരുത്തർക്കും ഒരു സങ്കീർത്തനമോ, സാരോപദേശമോ വെളിപാടോ ഭാഷയോ വ്യാഖ്യാനമോ ഉണ്ടായിരിക്കട്ടെ. ഇവയെല്ലാം ആത്മീയോത്കർഷത്തിനായി ഉപയോഗപ്പെടുത്തുകയും ചെയ്യട്ടെ. ഭാഷാവരത്തോടെ സംസാരിക്കുന്നെങ്കിൽ രണ്ടോ മൂന്നോ പേർ മാത്രമേ സംസാരിക്കാവൂ. ഓരോരുത്തരും മാറി മാറി സംസാരിക്കുകയും ഒരാൾ വ്യാഖ്യാനിക്കുകയും ചെയ്യണം. വ്യാഖ്യാനിക്കാൻ ആളില്ലെങ്കിൽ അവർ സഭയിൽ മൗനം ദീക്ഷിക്കുകയും ഓരോരുത്തരും തങ്ങളോടുതന്നെയും ദൈവത്തോടും സംസാരിക്കുകയും ചെയ്യട്ടെ. രണ്ടോ മൂന്നോ പേർ പ്രവചിക്കുകയും മറ്റുള്ളവർ അതു വിവേചിക്കുകയും ചെയ്യട്ടെ. കൂടിയിരിക്കുന്നവരിൽ ആർക്കെങ്കിലും വെളിപാട് ഉണ്ടായാൽ സംസാരിച്ചുകൊണ്ടിരിക്കുന്നവൻ നിശബ്ദനാകണം. അങ്ങനെ, നിങ്ങൾക്കെല്ലാവർക്കും മാറിമാറി പ്രവചിക്കാനും പഠിക്കാനും പ്രോത്സാഹനം ലഭിക്കാനും ഇടയാകും. പ്രവാചകരുടെ ആത്മാവു പ്രവാചകർക്കു വിധേയമാണ്. എന്തെന്നാൽ, ദൈവം കോലാഹലത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമാണ്''* (14,26-33).

കോറിന്തോസിലെ പ്രാർഥനാസമ്മേളനത്തിന്റെ ഒരു ചിത്രമാണ് ഈ ഭാഗത്തു നാം കാണുന്നത്. ഈ സമ്മേളനങ്ങൾ താരതമ്യേന അനൗപചാരിക മായ ക്രമീകരണങ്ങൾ മാത്രമുള്ളവയായിരുന്നു. ഔദ്യോഗികമായ ക്രമീകരണ ങ്ങളും ചിട്ടകളുമൊക്കെ കാലക്രമേണ ഉണ്ടായവയാണ്. 'ഓരോരുത്തർക്കും' എന്നതിൽനിന്ന് എല്ലാ വ്യക്തികൾക്കും എന്തെങ്കിലും സവിശേഷവരം ഉണ്ടാ യിരുന്നുയെന്നു മനസ്സിലാക്കേണ്ടതില്ല. 'സങ്കീർത്തനം' പഴയനിയമസങ്കീർത്ത നത്തെ സൂചിപ്പിക്കണമെന്നില്ല. ക്രിസ്തീയാരാധനയിൽ ധാരാളം ഗാനങ്ങൾ ഉൾപ്പെട്ടിരുന്നു (14,15). ചിലർ പ്രാർഥനാവേളയിൽ അവ സ്വഗതമായി ആല പിച്ചിരുന്നിരിക്കാം. സഭയെ പ്രബോധിപ്പിക്കാൻ ഏതെങ്കിലും വിഷയത്തെ സംബന്ധിച്ചു ചിലർക്കു ദൈവം ചില സന്ദേശങ്ങൾ നൽകിയിരിക്കാം. ഈ പ്രബോധനരീതി പ്രവചനത്തോടു സാമ്യമുള്ളതായിരിക്കണം. 'ഭാഷ' ഭാഷാ വരത്തിലുള്ള വെളിപാടായിരിക്കാം. ഇതിന്റെ വ്യാഖ്യാനവും പ്രാർഥനാസമ്മേ ളനത്തിൽ ചിലർക്ക് ആത്മാവു നൽകിയിരിക്കാം.

ഭാഷാവരത്തെക്കുറിച്ചും പ്രവചനവരത്തെക്കുറിച്ചും ചില നിബന്ധനകൾ ഈ ഭാഗത്തു നൽകുന്നുണ്ട്. രണ്ടോ മൂന്നോ പേർക്കു ക്രമമായി ഭാഷാവര ത്തിൽ സംസാരിക്കാം. ഓരോന്നിനും വ്യാഖ്യാനം നൽകാൻ വരമുള്ളയാൾ അതു നൽകുന്നു. വ്യാഖ്യാനിക്കുന്നയാൾ സഭയിലില്ലെങ്കിൽ ഭാഷാവരമുള്ള യാൾ നിശബ്ദത പാലിക്കണം. ഭാഷാവരത്തെ സംബന്ധിച്ചെന്നപോലെ പ്രവചന ത്തിനും നിയന്ത്രണങ്ങളാവശ്യമാണ്. രണ്ടോ മൂന്നോ പേർ പ്രവചിക്കുന്നു. മറ്റുള്ളവർ പ്രവചനത്തെ വിലയിരുത്തുന്നു. ഈ വചനങ്ങൾ അരൂപിയുടെ പ്രചോദനഫലമാണോ അല്ലയോ എന്ന വിലയിരുത്തലാകാമത്. സഭാസമ്മേ ളനങ്ങൾ സഭയുടെ ഉത്കർഷത്തിനാണെന്ന് ഉറപ്പുവരുത്താൻ ഇപ്രകാരമുള്ള ക്രമീകരണങ്ങളാവശ്യമാണ്. ഇക്കാര്യത്തിൽ അജപാലകർ പ്രത്യേകം ശ്രദ്ധി ക്കണം.

**4. സ്ത്രീകൾ മൗനം പാലിക്കണം**

*''വിശുദ്ധരുടെ എല്ലാ സഭകളിലും പതിവുള്ളതുപോലെ സമ്മേളനങ്ങളിൽ സ്ത്രീകൾ മൗനമായിരിക്കണം. സംസാരിക്കാൻ അവർക്ക് അനുവാദമില്ല. നിയമം അനുശാസിക്കുന്നതുപോലെ അവർ വിധേയത്വമുള്ളവരായിരിക്കട്ടെ. അവർ എന്തെങ്കിലും പഠിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ വീട്ടിൽവെച്ചു ഭർത്താ ക്കന്മാരോടു ചോദിച്ചുകൊള്ളട്ടെ. സഭയിൽ സംസാരിക്കുന്നതു സ്ത്രീക്ക് ഉചിത മല്ല. എന്ത്! നിങ്ങളിൽനിന്നാണോ ദൈവവചനത്തിന്റെ ഉത്ഭവം? അതോ, ദൈവ വചനം സ്വീകരിക്കാൻ സാധിച്ചതു നിങ്ങൾക്കു മാത്രമാണോ?''* (14,34-35).

ഇതിന്റെ വ്യാഖ്യാനത്തിൽ പലതരത്തിലുള്ള വിശദീകരണങ്ങൾ കാണു ന്നുണ്ട്. ഇവിടെ എല്ലാ സ്ത്രീകളെയും സംബന്ധിച്ചല്ല പറയുന്നതെന്നും വിവാഹിതരെ സംബന്ധിച്ചു മാത്രമാണെന്നും ചിലർ മനസ്സിലാക്കുന്നു. അവർ എന്തെങ്കിലും പഠിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ വീട്ടിൽവെച്ചു ഭർത്താക്കന്മാ രോടു ചോദിച്ചുകൊള്ളട്ടെ എന്നപ്രസ്താവനയാണ് ഇപ്രകാരം വ്യാഖ്യാനി ക്കാൻ കാരണം. എന്നാൽ സഭയിൽ ഭർത്താവുള്ളവരും ഇല്ലാത്തവരും എന്ന

തരത്തിലുള്ള വേർതിരിവുകൾക്കു തെളിവുകളൊന്നുമില്ല. മറ്റൊരു വ്യാഖ്യാനം 'ഇവിടെ സംസാരിക്കുക' എന്നതിന് ഉപയോഗിച്ചിരിക്കുന്ന വാക്കിന് ഒച്ച വെക്കുക, വർത്തമാനം പറയുക എന്നതാണ്. അതുകൊണ്ട് അനാവശ്യമായ സംസാരത്തിൽ ഏർപ്പെടുന്നവരെ തിരുത്തുകയാണു ചെയ്യുന്നത് എന്നതാണ്. അതും അത്ര സ്വീകാര്യമല്ല.

കോറിന്തോസുകാർ എഴുതിച്ചോദിച്ച കാര്യങ്ങളിൽപെട്ടതാകാൻ സാദ്ധ്യത യുള്ളതുകൊണ്ടു യഹൂദചിന്തയുടെ സ്വാധീനമുള്ള ചില കോറിന്തോസുകാ രുടെ നിലപാടാണ് ഇവിടെ പ്രതിഫലിക്കുന്നത്. ഇക്കാര്യത്തിൽ പൗലോസ് ശ്ലീഹാ കൊടുത്ത മറുപടി ശ്രദ്ധേയമാണ്. കോറിന്തോസുകാരുടെ നിലപാടിനെ പൗലോസ്ശ്ലീഹാ പിന്താങ്ങുന്നില്ല. മറിച്ചു രണ്ടുമറുചോദ്യങ്ങൾ അവരോടു ചോദിക്കുകയാണ്. ''എന്ത്! നിങ്ങളിൽനിന്നാണോ ദൈവവചനത്തിന്റെ ഉത്ഭവം? അതോ, ദൈവവചനം സ്വീകരിക്കാൻ സാധിച്ചതു നിങ്ങൾക്കു മാത്ര മാണോ (14,36). ഈ ചോദ്യങ്ങളുടെ ഉത്തരം അല്ലായെന്നാണ്. ദൈവവചന ത്തിന്റെ ദത്തവകാശമോ സഭയിൽ ഏതെങ്കിലും പ്രത്യേകസ്ഥാനമോ നിങ്ങൾ ക്കില്ല; സ്ത്രീകൾക്കും നിങ്ങളെപ്പോലെതന്നെ സഭയിൽ സംസാരിക്കാനും പ്രവചിക്കാനും പഠിപ്പിക്കാനും അവകാശമുണ്ട്, അവരെ തടയേണ്ടതില്ല എന്ന താണു ശ്ലീഹായുടെ നിലപാട്. അജപാലകർ ഓരോ സമൂഹത്തിലും അതിന്റെ ക്രമമായ നടത്തിപ്പിനുവേണ്ട നിർദേശം നൽകണം.

### 5. എല്ലാം ഉചിതമായി ചെയ്യുക

*''പ്രവാചകനെന്നോ ആത്മീയമനുഷ്യനെന്നോ ആരെങ്കിലും തന്നെത്തന്നെ കരുതുന്നുണ്ടെങ്കിൽ നിങ്ങൾക്കു ഞാൻ എഴുതുന്ന ഈ സംഗതികൾ കർത്താ വിന്റെ കല്പനയായി അവൻ അംഗീകരിക്കണം. ആരെങ്കിലും ഇത് അംഗീ കരിക്കുന്നില്ലെങ്കിൽ അവനും അംഗീകരിക്കപ്പെടുകയില്ല. ആകയാൽ, എന്റെ സഹോദരരേ, പ്രവചനവരത്തിനായി തീവ്രമായി അഭിലഷിക്കുവിൻ. ഭാഷാവര ത്തോടെ സംസാരിക്കുന്നവരെ നിരോധിക്കേണ്ടാ. എല്ലാക്കാര്യങ്ങളും ഉചിത മായും ക്രമമായും ചെയ്യുവിൻ''* (14,37-39).

ഭാഷാവരത്തോടു കോറിന്തോസുകാർക്കുണ്ടായിരുന്ന അമിതാഭിമുഖ്യ ത്തിനും അതുമൂലം സഭാസമ്മേളനത്തിൽ രൂപപ്പെട്ട ക്രമമില്ലായ്മക്കുമെതിരെ പൗലോസ്ശ്ലീഹാ തന്റെ നിലപാടു വ്യക്തമാക്കുകയും പ്രായോഗികനിർദേശ ങ്ങൾ നൽകുകയും ചെയ്തു. ഭാഷാവരത്തിൽ സംസാരിക്കുന്നതാണു തങ്ങൾ ആത്മീയരാണ് എന്നതിന്റെ വ്യക്തമായ ലക്ഷണമെന്നു കോറിന്തോസുകാർ കരുതി. അക്കാരണത്തിൽ ഭാഷാവരം ലഭിക്കാനും ഉപയോഗിക്കാനും അവർ വലിയതീക്ഷ്ണത കാണിച്ചു. ഒരുപക്ഷേ പൗലോസിന് ആത്മീയത കുറവാ ണെന്നമട്ടിൽ കാണുകയും ചെയ്തു. പൗലോസ്ശ്ലീഹാ സ്വയം ന്യായീകരിച്ചു മറുപടി നൽകുന്നതിൽനിന്ന് ഈ ആരോപണസാധ്യത കണ്ടെത്താവുന്നതാണ്.

സുദീർഘമായ ചർച്ച പൗലോസ്ശ്ലീഹാ അവസാനിപ്പിക്കുന്നതു കൃത്യമായ രണ്ടുനിർദേശങ്ങളോടെയാണ്. പ്രവചനവരത്തിന്റെ പ്രാധാന്യം നിലനിർത്തി ക്കൊണ്ട് അതിനായി തീക്ഷ്ണമായി അഭിലഷിക്കാൻ ആഹ്വാനംചെയ്യുന്നു.

ഭാഷാവരത്തോടെ സംസാരിക്കുന്നവരെ തടയേണ്ടായെന്നതു ഭാഷാവരത്തെ സഹിഷ്ണുതാപൂർവം കാണണമെന്നാണു വ്യക്തമാക്കുന്നത്. എല്ലാം ഉചിതമായും ക്രമമായും ചെയ്യുകയെന്നത് എല്ലാക്കാലത്തേക്കും എല്ലാക്കാര്യത്തിലുമുള്ള നിയമമാണ്. ആരാധനക്രമസംബന്ധമായ കാര്യങ്ങളിൽ അജപാലകർ ഒരു സുവർണനിയമമായി ഇതിനെ കാണണം.

## ജീവിതസൂചിക

1. കരിസ്മാറ്റിക്വരങ്ങൾ ഉപയോഗിക്കുന്നതിൽ ഞാൻ ജനങ്ങൾക്കുവേണ്ട നിർദേശങ്ങൾ നൽകുന്നുണ്ടോ?
2. പ്രാർഥനാസമൂഹത്തിൽ എല്ലാവർക്കും കൂട്ടായ്മയിൽ പ്രാർഥിക്കാൻവേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?
3. സഭാസമ്മേളനങ്ങൾ സഭയുടെ ഉത്കർഷത്തിന് ഉപയുക്തമായവിധം ഞാൻ ക്രമീകരിക്കുന്നുണ്ടോ?
4. എന്റെ ഇടവകസമൂഹത്തിൽ ക്രമമായ നടത്തിപ്പിനുവേണ്ട നിർദേശങ്ങൾ ഞാൻ നൽകുന്നുണ്ടോ?
5. ആരാധനക്രമസംബന്ധിയായ കാര്യങ്ങളിൽ എല്ലാം ഉചിതമായും ക്രമമായും ചെയ്യാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?

❍

---

➢➢➢ *ആത്മതാകേന്ദ്രം തുടർച്ച...*

**സമയം:** രാവിലെ 10 മുതൽ 12.30 വരെ

ചൊവ്വ – (ആലപ്പുഴ) തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി
ബുധൻ – (കോട്ടയം) തോട്ടയ്ക്കാട്, സെന്റ് ജോർജ് പള്ളി
വ്യാഴം – (കോട്ടയം) അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാപ്പള്ളി
വെള്ളി – (കോട്ടയം) ചങ്ങനാശ്ശേരി, പാസ്റ്ററൽ സെന്റർ

പ്രസ്തുതവിവരം വികാരിയച്ചന്മാർ പള്ളിയിലറിയിക്കുമല്ലോ.

**ലഹരിവിമുക്ത വിശുദ്ധീകരണധ്യാനം**

കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ **ജൂലൈ 14 മുതൽ 19 വരെ** ലഹരിവിമുക്ത കുടുംബവിശുദ്ധീകരണധ്യാനം നടത്തപ്പെടുന്നു. ജൂലൈ 14 വൈകുന്നേരം അഞ്ചിന് ആരംഭിച്ച് ജൂലൈ 19 രാവിലെ 10നു ധ്യാനം അവസാനിക്കുന്നു. താമസിച്ചുള്ള ഈ ധ്യാനത്തിനു ഫീസുണ്ടായിരിക്കുന്നതല്ല. പ്രഗത്ഭരായ ഡോക്ടേഴ്സ്,സൈക്കോളജിസ്റ്റ് എന്നിവരുടെ ക്ലാസ്സ്, കൗൺസെലിങ് എന്നിവ ധ്യാനത്തിൽ ലഭ്യമാണ്.

എൽ.എസ്.ഡി.പി. പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം
0469 2693413, 2690414, 9495193406

❍

**മെയ്**

20 വൈകുന്നേരം: നിരണം മാർ തോമാശ്ലീഹാ സെമിനാരിയിൽ വൈദികാർഥികളെ സന്ദർശിച്ചു.

21 രാവിലെ: തിരുവല്ലയിൽ ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് പരമാധ്യക്ഷൻ മോറാൻ മോർ അത്തനാസിയോസ് യോഹാൻ പ്രഥമൻ മെത്രാപ്പോലീത്തയുടെ (കെ.പി. യോഹന്നാൻ) ഭൗതികശരീരത്തിങ്കൽ പ്രാർഥിച്ച് അനുശോചനമറിയിച്ചു. അതിരമ്പുഴയിൽ എസ്.എ.ബി.എസ്. കോൺവെന്റ് ചാപ്പലിന്റെ ആശീർവാദകർമം നടത്തി. പുന്നത്തുറ സെന്റ് തോമസ് പള്ളയിൽ കുന്നക്കാട്ടുതറ ബഹു. സഖറിയാസ് അച്ചന്റെ പിതാവു കെ.എം. തോമസിന്റെ 25-ാം ചരമവാർഷികത്തോടനുബന്ധിച്ച് ഒപ്പീസുചൊല്ലി പ്രാർഥിച്ചു.

ഉച്ചകഴിഞ്ഞ്: ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയുന്ന ബഹു. വൈദികരെ സന്ദർശിച്ചു.

22 രാവിലെ: മാങ്ങാനം സ്പിരിച്ച്വാലിറ്റി സെന്ററിൽ പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി; അപ്പസ്തോലിക് ഒബ്ലേറ്റ്സ് സെക്കുലർ ഇൻസ്റ്റിറ്റ്യൂറ്റിന്റെ ജൂബിലിയാഘോഷങ്ങളുടെ ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്തുസംസാരിച്ചു.

വൈകുന്നേരം: ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് ഇടവകാംഗം പൂവാട്ടിൽ ഡൊമിനിക് വർക്കിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർഥിച്ചു. നാലുകോടി സെന്റ് റീത്താസ് ഹോസ്പിറ്റലിൽ സി.എം.ഐ. സന്യാസസമൂഹാംഗം മാമ്പ്ര ബഹു. തോമസ് അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർഥിച്ചു.

26 വൈകുന്നേരം: ചമ്പക്കുളം മാർത്ത് മറിയം ബസിലിക്കയുടെ ഹാളിൽ ഇളേച്ചംകളം ബഹു. ആന്റണി അച്ചന്റെ 25-ാം ചരമവാർഷികാനുസ്മരണ സമ്മേളനത്തിൽ അനുസ്മരണപ്രഭാഷണം നടത്തി.

ഉച്ചകഴിഞ്ഞ്: ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ഇടയാലിൽ ബഹു. ജേക്കബ് അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർഥിച്ചു.

27 രാവിലെ: അതിരൂപതാകേന്ദ്രത്തിൽ കോർപ്പറേറ്റ് മാനേജുമെന്റിലെ പ്രിൻസിപ്പൽമാരുടെ മീറ്റിങ്ങിൽ പങ്കെടുത്തു. ചാസ്സിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട എൻ.ജി.ഒ.- ലീഗൽ കംപ്ലൈൻസ് വർക്ക്ഷോപ്പ് ഉദ്ഘാടനംചെയ്തു.

വൈകുന്നേരം: പൊങ്ങ മാർ സ്ലീവാപ്പള്ളിയിൽ മുൻദൈവാലയശുശ്രൂഷി ജോയിച്ചന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

28 രാവിലെ: കൊല്ലം വിളക്കുടിയിൽ എസ്.എം. സന്യാസിനികളുടെ സ്നേഹതീരം: സൈക്കോ-സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററിലെ ചാപ്പലിന്റെ കൂദാശാകർമം നടത്തുകയും പരിശുദ്ധ കുർബാനയർപ്പിക്കുകയും ചെയ്തു.

വൈകുന്നേരം: രാമങ്കരി സെന്റ് ജോസഫ്സ് ഇടവകാംഗം പതിനഞ്ചിൽ ജിബിൻ തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർഥിച്ചു.

30 രാവിലെ: അതിരൂപതാകേന്ദ്രത്തിൽ കോളേജ് പ്രിൻസിപ്പൽമാരുടെ മീറ്റിങ്ങിൽ പങ്കെടുത്തു. ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ബഹു. വൈദികരെ സന്ദർശിച്ചു.

31 രാവിലെ: അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ ഇടയാലിൽ ബഹു. ജേക്കബ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു കാർമികത്വം വഹിച്ചു.

**ജൂൺ**

01 രാവിലെ: ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയങ്കണത്തിലെ മാർത്ത് മറിയം കബറിടപ്പള്ളിയിൽ ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപ്പിതാവിന്റെ 99-ാം ചരമവാർഷികത്തിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയങ്കണത്തിൽ ചാസ്സ് മെത്രാപ്പോലീത്തൻ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതിദിനത്തോടനുബന്ധിച്ചു നടത്തപ്പെട്ട ഫലവൃക്ഷത്തൈകളുടെ പ്രദർശനവും വിപണനവും ഉദ്ഘാടനം ചെയ്യുകയും പരിസ്ഥിതിദിനസന്ദേശം നൽകുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിലെ സന്ദേശനിലയത്തിൽ നടത്തപ്പെട്ട അതിരൂപതാതല മതാധ്യാപകസമ്മേളനം ഉദ്ഘാടനംചെയ്തു സംസാരിച്ചു.

ഉച്ചകഴിഞ്ഞ്: ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ കത്തോലിക്കാകോൺഗ്രസിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട മെറിറ്റ് ഇവന്റ് ഉദ്ഘാടനംചെയ്തു സന്ദേശം നൽകുകയും ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർഥികൾക്ക് അവാർഡുദാനം നിർവഹിക്കുകയും ചെയ്തു.

02 രാവിലെ: ഫാത്തിമാപുരം അൽഫോൻസാ സ്നേഹനിവാസിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

ഉച്ചകഴിഞ്ഞ്: ഇത്തിത്താനം സെന്റ് മേരീസ് ഇടവകാംഗം കുറിഞ്ഞിപ്പറമ്പിൽ ബിനു മാത്യുവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർഥിച്ചു.

03 രാവിലെ: കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ പുതിയ അധ്യയനവർഷത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ചികിത്സയിൽ കഴിയുന്ന ബഹു. വൈദികരെ സന്ദർശിച്ചു.

ഉച്ചയ്ക്ക്: കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എൻജിനീയറിങ് കോളേജിൽ റിസേർച്ച് സെന്റർ ഉദ്ഘാടനംചെയ്തു.

വൈകുന്നേരം: കുമരകം ഹോളി ഫാമിലി ഇടവകാംഗം ചിറ്റൂക്കളത്തിൽ മേരി വർക്കിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർഥിച്ചു.

04 രാവിലെ: ചേർപ്പുങ്കൽ മാർ സ്ലീവാ ഫൊറോനാ ഇടവകാംഗം ചാവേലിൽ ജോയ് തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർഥിച്ചു.

05–06 പാലാരിവട്ടം പി.ഒ.സി.യിൽ കെ.സി.ബി.സി. സമ്മേളനത്തിൽ പങ്കെടുത്തു.

07 പാലാ അരുണാപുരം സെന്റ് അൽഫോൻസാ പാസ്റ്ററൽ സെന്ററിൽ റീജണൽ ബിഷപ്സ് റിട്രീറ്റിൽ പങ്കെടുത്തു.

08 ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിന്റെ ഓഡിറ്റോറിയത്തിൽ ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാതല പ്രവർത്തന വർഷം ഉദ്ഘാടനംചെയ്തു. അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗം കോയിപ്പുറത്ത് കെ.എം. ദേവസ്യയ്ക്കുവേണ്ടി ഓർമക്കുർബാനയർപ്പിച്ചു. കൂത്രപ്പള്ളി സെന്റ് മേരീസ് പള്ളിയുടെ ഹാളിൽ പാലാക്കുന്നേൽ മത്തായി മറിയം കത്തനാരുടെ (പാലാക്കുന്നേൽ വല്യച്ചൻ) ചരമശതോത്തര രജതജൂബിലിയുടെ സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

09 കുമരകം ഹോളി ഫാമിലി ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

10 രാവിലെ: കുന്നന്താനം എൽ.എസ്.ഡി.പി. സന്യാസിനികളുടെ ദൈവപരിപാലനഭവനിൽ ദിവ്യകാരുണ്യകൺവെൻഷനു തുടക്കംകുറിച്ചുകൊണ്ടു പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

ഉച്ചകഴിഞ്ഞ്: അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാപ്പള്ളി ഇടവകാംഗവും മാനാട്ട് ബഹു. സാവിയോ അച്ചന്റെ അമ്മയുമായ മേരിക്കുട്ടി സേവ്യറിന്റെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

11 രാവിലെ: പാറേൽ എം.എൽ.എഫ്. ജനറലേറ്റിൽ പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

ഉച്ചകഴിഞ്ഞ്: മുട്ടാർ ന്യൂ സെന്റ് ആന്റണീസ് ഇടവകാംഗവും മഠത്തിൽ ബഹു. സിറിയക് അച്ചന്റെ മാതാവുമായ ത്രേസ്യാമ്മ ആന്റണിയുടെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

വൈകുന്നേരം: മാങ്ങാനം എം.ഒ.സി.യിൽ റംശാപ്രാർഥനയ്ക്കുശേഷം പുതിയ അധ്യയനവർഷം ഉദ്ഘാടനംചെയ്തു സന്ദേശം നൽകി.

12 രാവിലെ: കോഴഞ്ചേരിയിൽ ബാച്ച് ഗാതറിങ്ങിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ്: പാലോട്, വിതുര എന്നിവിടങ്ങളിലുള്ള എസ്.എ.ബി.എസ്. സന്യാസിനിസമൂഹത്തിന്റെ ഭവനങ്ങൾ സന്ദർശിച്ചു. വിതുരയിൽ രോഗാവസ്ഥയിലുള്ള മഠത്തിൽ ചാക്കപ്പനെ സന്ദർശിച്ചു രോഗീലേപനം നൽകി.

13 രാവിലെ: നീണ്ടകരയിൽ കാത്തലിക് കൗൺസിൽ ഫോർ ചിൽഡ്രൻസ് ഹോം ഇന്ത്യയുടെ എക്സിക്യുട്ടിവ് കമ്മിറ്റിയിലും ജനറൽബോഡി മീറ്റിങ്ങിലും പങ്കെടുത്തു.

ഉച്ചകഴിഞ്ഞ്: അതിരൂപതയുടെ, മൺറോതുരുത്തിലുള്ള കൃഷിയിടങ്ങളും വികസനപ്രവർത്തനങ്ങളും സന്ദർശിച്ചു.

വൈകുന്നേരം: തെക്കേക്കര സെന്റ് ജോൺസ് ഇടവകാംഗം കളത്തിൽ കാച്ചാംകോടം തൊമ്മൻ തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർഥിച്ചു.

14 രാവിലെ: പാറേൽ അമല തിയളോജിക്കൽ കോളജിൽ കോൺവൊക്കേഷനിൽ പങ്കെടുത്ത് അധ്യക്ഷപ്രസംഗം നടത്തി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പാറേൽ സെന്റ് മേരീസ് ഇടവകാംഗം കുട്ടംപേരൂർ ചക്കാലയ്ക്കൽ ആന്റണിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർഥിച്ചു.

ഉച്ചയ്ക്ക്: ചെറുവാണ്ടൂർ സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗം മാളിയേക്കൽ ബഹു. സിറിയക് അച്ചന്റെ മൃതസംസ്കാരശുശ്രൂഷയുടെ നാലാംഭാഗത്തിനു കാർമികത്വംവഹിച്ചു.

15 രാവിലെ: പുന്നക്കുന്നത്തുശ്ശേരി സെന്റ് ജോസഫ്സ് പള്ളിയിൽ കാപ്പിൽ വാരിക്കാട്ട് വി.എ. ജോസഫിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിക്കുകയും അനുസ്മരണസമ്മേളനത്തിന് അധ്യക്ഷതവഹിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞ്: റീജൻസി ബ്രദേഴ്സിന്റെ മാസധ്യാനത്തോടനുബന്ധിച്ചു ക്ലാസ്സ് എടുത്തു.

വൈകുന്നേരം: കുവൈറ്റ് മംഗഫിലെ തൊഴിലാളിക്യാമ്പിലുണ്ടായ അഗ്നിബാധയിൽ മരണമടഞ്ഞ പായിപ്പാട് സ്വദേശി ഷിബു വർഗീസിന്റെയും ഇത്തിത്താനം സ്വദേശി പി. ശ്രീഹരിയുടെയും ഭവനങ്ങൾ സന്ദർശിക്കുകയും അനുശോചനമറിയിക്കുകയും ചെയ്തു.

16. പുന്നപ്ര മാർ ഗ്രിഗോറിയോസ് ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

17 രാവിലെ: പാറേൽ എസ്.വി.ഡി. മൈനർ സെമിനാരിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു പുതിയ അധ്യയനവർഷം ഉദ്ഘാടനംചെയ്തു.

ഉച്ചകഴിഞ്ഞ്: മോർകുളങ്ങര എസ്.എ.ബി.എസ്. സന്യാസിനിഭവനത്തിലെ നവീകരിച്ച കപ്പേളയുടെ കൂദാശാകർമം നിർവഹിച്ചു.

വൈകുന്നേരം: നിരണം മാർ തോമാശ്ലീഹാ സെമിനാരി സന്ദർശിച്ചു വൈദികാർഥികളുടെ ഇയർ പ്ലാൻ ചർച്ചചെയ്തു.

19 രാവിലെ: കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ വൈദികരുടെ വാർഷികധ്യാനത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു; വൈദികർക്കു മാർഗനിർദേശങ്ങൾ നൽകി.

**മെയ്**

23 നെടുങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോനാപ്പള്ളിയിൽ എയ്ഞ്ചൽസ് മീറ്റിൽ പങ്കെടുത്തുസംസാരിച്ചു. കൂത്രപ്പള്ളി ആരാധനാമഠാംഗം സി. ജൂലിയാനി എസ്.എ.ബി.എസ്.ന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർഥിച്ചു. തന്റെ മാതൃസഹോദരനും ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് ഇടവകാംഗവുമായ പൂവാട്ടിൽ ഡൊമിനിക് വർക്കിയുടെ മൃതസംസ്കാരശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

24 ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് പള്ളിയിൽ സി.എം.ഐ. സന്യാസസമൂഹാംഗം മാപ്ര ബഹു. തോമസ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. ഇത്തിത്താനം ആശാഭവനിൽ യാത്രയയപ്പുചടങ്ങിൽ പങ്കെടുത്തുസംസാരിച്ചു. കൊമ്പാറ സെന്റ് ആന്റണീസ് എൽ.പി. സ്കൂളിന്റെ ശതാബ്ദിയാഘോഷങ്ങളിൽ പങ്കെടുത്തുസംസാരിച്ചു. നെടുങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോനാ ഇടവകാംഗം പുതിയാപറമ്പിൽ പി.എസ്. ജേക്കബിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർഥിച്ചു.

25 യുവദീപ്തി–എസ്.എം.വൈ.എം.ന്റെ നേതൃത്വത്തിൽ ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ട 'ഫെയ്ത്ത് കോൺഫറൻസി'ൽ പങ്കെടുത്തു സംസാരിച്ചു. പുന്നമട സെന്റ് മേരീസ് പള്ളിയിൽ പുത്തൻപുരയ്ക്കൽ ബഹു. തോമസ് (ജോഷി) അച്ചന്റെ പൗരോഹിത്യസ്വീകരണരജതജൂബിലിയുടെ ഭാഗമായുള്ള പരിശുദ്ധ കുർബാനയിൽ വചനസന്ദേശം നൽകി. മുട്ടാർ സെന്റ് ജോർജ് പള്ളിയിലെ യുവജനങ്ങളുമായി സംവദിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിൽ നടത്തപ്പെട്ട ജീസസ് യൂത്ത് മീറ്റിൽ പങ്കെടുത്തുസംസാരിച്ചു. പുതുപ്പള്ളി–പൂമറ്റം സെന്റ് ആന്റണീസ് പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിക്കുകയും ശതാബ്ദിയാഘോഷത്തിന്റെ സമാപനചടങ്ങിൽ പങ്കെടുത്തുസംസാരിക്കുകയും ചെയ്തു.

26 വരാപ്പുഴ ലത്തീൻരൂപതയിലെ അധ്യാപകർക്കുവേണ്ടി ക്ലാസ്സ് എടുത്തു. പങ്ങട സേക്രഡ് ഹാർട്ട് പള്ളിയിൽ പുതിയിടം ബഹു. മാണി അച്ചന്റെ പൗരോഹിത്യസ്വീകരണസുവർണജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്തു. നസ്രത്ത് സെന്റ് ജറോം പള്ളിയിൽ ഇടവകദിനാഘോഷത്തിൽ പങ്കെടുത്തു. കോയിൽമുക്ക് സെന്റ് ജോസഫ്സ് കുരിശുപള്ളിയിൽ ഇടവകദിനാഘോഷത്തിൽ പങ്കെടുത്തുസംസാരിച്ചു.

27 മാമ്മൂട് ലൂർദ് മാതാപ്പള്ളിയിൽ പ്രവേശകകൂദാശകൾ പരികർമംചെയ്തു. ചെത്തിപ്പുഴ സർഗക്ഷേത്രയുടെ ആഭിമുഖ്യത്തിൽ ഷാജി പി. ജേക്കബ്, ഡോ. ജോസഫ്കുട്ടി ജേക്കബ് എന്നിവർക്ക് നൽകിയ സ്വീകരണച്ചടങ്ങിൽ പങ്കെടുത്തുസംസാരിച്ചു.

28 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ട വിവാഹ ഒരുക്ക ധ്യാനത്തിൽ പങ്കെടുത്തവർക്കുവേണ്ടി പരിശുദ്ധ കുർബാനയർപ്പിച്ചു സംസാരിച്ചു. കൊല്ലം വിളക്കുടി സ്നേഹതീരം: സൈക്കോ–സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററിന്റെ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുത്തുസംസാരിച്ചു.

30 പുന്നക്കുന്നത്തുശ്ശേരി സെന്റ് ജോസഫ്സ് പള്ളിയിൽ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണത്തിനു കാർമികത്വംവഹിച്ചു. പുന്നപ്ര സെന്റ് ജോസഫ്സ് പുവർഹോമിൽ പാലിയേറ്റീവ് കെയർ വെഞ്ചരിച്ചു. മങ്കൊമ്പ് സെന്റ് പയസ് ടെൻത് പള്ളിയിൽ വിവാഹം ആശീർവദിച്ചു. ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ട കെ.സി.എസ്.എൽ. ലീഡർഷിപ്പ് ക്യാമ്പിൽ പങ്കെടുത്തുസംസാരിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിൽ നടത്തപ്പെട്ട അനുമോദനസമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു.

31 അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗം ഇടയാലിൽ ബഹു. ജേക്കബ് അച്ചന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു സഹകാർമികത്വംവഹിച്ചു. കുഴിക്കാട്ടുശ്ശേരി സെന്റ് മറിയം ത്രേസ്യ തീർഥാടന കേന്ദ്രത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി.

**ജൂൺ**

01 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപ്പിതാവിന്റെ 99-ാം ചരമവാർഷികത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിലെ സന്ദേശനിലയത്തിൽ മതാധ്യാപകരുടെ സമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ കത്തോലിക്കാകോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഫുൾ എ പ്ലസ് ജേതാക്കൾക്കുള്ള അവാർഡുദാനച്ചടങ്ങിൽ പങ്കെടുത്തു. മണിമല ഹോളി മേജൈ ഫൊറോനാപ്പള്ളിയിലെ യുവജനസംഗമത്തിൽ പങ്കെടുത്തുസംസാരിച്ചു. പ്രവാസി അപ്പോസ്തലേറ്റിന്റെ പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഗൾഫ് എക്സിക്യൂട്ടിവ് കമ്മിറ്റിയുടെ പ്രഥമയോഗത്തിൽ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ പങ്കെടുത്തുസംസാരിച്ചു.

02 ചെത്തിപ്പുഴ മേഴ്സി ഹോമിൽ പരിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. ഇത്തിത്താനം സെന്റ് മേരീസ് ഇടവകാംഗം കുറിഞ്ഞിപ്പറമ്പിൽ ബിനു മാത്യുവിന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ വൈദികാർഥികളുമായി സംസാരിച്ചു.

03 മീൻകുളം ലൂർദ്സ് മാതാ പബ്ലിക് സ്കൂളിൽ നടത്തപ്പെട്ട യാത്രയയപ്പു സമ്മേളനത്തിൽ പങ്കെടുത്തുസംസാരിച്ചു. അതിരൂപതാകേന്ദ്രത്തിൽ ഫാമിലി അപ്പോസ്തലേറ്റ്-പിതൃവേദി-മാതൃവേദി പ്രസ്ഥാനങ്ങളുടെ ചരിത്രം ഉൾക്കൊള്ളിച്ചുകൊണ്ടു തയ്യാറാക്കിയ സുവനീറിന്റെ പ്രകാശനം നിർവഹിച്ചു. പീരുമേട് ലവീഞ്ഞ് വില്ലയിൽ നവവൈദികരുടെ ഗ്യാതറിങ്ങിൽ പങ്കെടുത്തു.

04 പാലാരിവട്ടം പി.ഒ.സി.യിൽ കെ.സി.ബി.സി. സമ്മേളനത്തിൽ പങ്കെടുത്തു.

06 പാലാ അരുണാപുരം സെന്റ് അൽഫോൻസാ പാസ്റ്ററൽ സെന്ററിൽ റീജണൽ ബിഷപ്സ് റിട്രീറ്റിൽ പങ്കെടുത്തു.

07 ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിൽ പുതുതായി പണികഴിപ്പിച്ച ബോർഡിങ്കെട്ടിടം ആശീർവദിച്ചു. നിരണം മാർ തോമാശ്ലീഹാ സെമിനാരിയിലെ വൈദികാർഥികൾക്കു ക്ലാസ്സ് നയിച്ചു.



# ENGAGEMENTS

## JULY 2024

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

| | | |
|---|---|---|
| 01 | 10:00 am | Ecumenical Meeting @ Lourdes Forane Church, Kottayam |
| | 05:00 pm | Holy *Qurbana* @ Marthoma Sleeha Centre, Niranam |
| 02 | 10:00 am | Inauguration- Working Year, KCSL @ SB HSS,Changanacherry |
| | 05:00 pm | Home Day Celebrations @ St. Thomas Hospital, Chethipuzha |
| 03 | 06:30 am | Holy *Qurbana* @ St. Mathew's Church, Kottackupuram |
| | 11:00 am | Holy *Qurbana* @ Rita Bhavan- SABS Provincial House, Koothrappally |
| | 02:00 pm | Inauguration- Placid Symposium @ Marthoma Vidyanikathan, Changanacherry |
| 04 | 11:00 am | Marriage @ St. George Forane Church, Edathua |
| | 02:30 pm | Visitors |
| 05 | 06:45 am | Holy *Qurbana* @ Mother Theresa Home, Alappuzha |
| 06 | 05:00 pm | Sacerdotal Golden Jubilee - Fr. Geo Pulickal @ Kurumannu |
| 07 | 09:00 am | Solemn Holy Communion & Chrismation @ St. Thomas Church, Palukal |
| 08 | 06:00 pm | Gathering- St. Thomas Day @ Lourdes Forane Church, Thiruvananthapuram |
| 09 | 10:00 am | Visitors |
| | 05:30 pm | Board Meeting- Puthujeevan Trust @ Archbishop House, Changanacherry |
| 10 | 09:00 am | *Curia* |
| 11 | 11:30 am | Global Meeting- KCCFK |
| 12 | 09:00 am | *Curia* |
| 13 | 10:30 am | Inauguration- CLT Course @ Sandesanilayam, Changanacherry |
| 14 | 07:00 am | Pastoral Visit @ Christ the King Church, Ettumanoor |
| 15 | 10:00 am | Visitors |
| 16 | 09:30 am | Annual Day Celebrations- Pravasi Apostolate @ St. Mary's Parish Hall, Changanacherry |

| | | |
|---|---|---|
| 17 | 09:00 am | *Curia* |
| | 06:30 pm | Class @ St. Thomas Minor Seminary, Kurichy |
| 18 | 05:00 pm | Holy *Qurbana* @ Mar Sleeva Forane Pilgrim Church, Alappuzha |
| 19 | 08:30 am | *Curia* |
| | 11:30 am | Holy *Qurbana* @ St. Alphonsa Pilgrim Centre, Bharananganam |
| 20 | 10:30 am | Baptism @ St. Joseph's Church, Veroor |
| 21 | 07:00 am | Pastoral Visit @ St. Joseph's Church, Koilmuck |
| 22-24 | | Engaged |
| 25 | 10:00 am | Visitors |
| | 05:00 pm | Holy *Qurbana* @ St. James' Chapel, Pandakasalakadavu (Changanacherry) |
| 26 | 08:30 am | *Curia* |
| | 05:30 pm | Holy *Qurbana* @ St. Alphonsa Church, Pongummoodu |
| 27 | 10:00 am | Meeting- *Noorumeni* Grand Finale @ SB College Kavukatt Hall, Changanacherry |
| 28 | 07:45 am | Pastoral Visit @ St. Gregorios Church, Veliyanadu North |
| 29 | 04:30 pm | Gathering- First Batch, Marthoma Vidyanikethan @ Paippadu |
| 31 | 09:00 am | *Curia* |

**FR. SECRETARY - 9447507393**



# ENGAGEMENTS

## JULY 2024

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

| | | |
|---|---|---|
| 01-05 | | Germany |
| 06 | | Engaged |
| 07 | | Pastoral Visit @ Karyavattom, St. Joseph's Church |
| 08 | 06:00 pm | *Dukrana Sangamam* (VIP Gathering) @ Thiruvananthapuram, Lourdes Forane Church |
| 09 | 07:30-09:30 pm | Youth Meet @ Kazhakkoottam, St. John Paul II Youth Centre |
| 10 | 11:30 am | Marriage @ Nedumkunnam, St. John the Baptist Forane Church |
| | 06:30 pm | Meeting- Tourism Professionals @ Pallathuruthy, St. Thomas Church |
| 11 | 10:00 am | Holy Communion @ Chethipuzha, Sacred Heart Church |
| | 02:30-04:00 pm | Visitors |
| 12 | | Engaged |
| 13 | 06:15 am | Baptism @ Podipara, Holy Family Church |
| | 11:00 am | Marriage @ Nedumkunnam, St. John the Baptist Forane Church |
| 14 | | Pastoral Visit @ Pathanapuram, Mar Aprem Mission |
| 15-18 | | Retreat @ Kunnoth, Good Shepherd Major Seminary |
| 19 | 02:30-04:00 pm | Visitors |
| 20 | | Engaged |
| 21 | 08:00 am | Pilgrimage & Holy *Qurbana* @ Pongummoodu, St. Alphonsa Church |
| 22 | 04:30 pm | Holy *Qurbana* @ Nedumkunnam, Sanjivani Rehabilitation Centre |
| 23 | 06:30 pm | Niranam, Mar Thoma Sleeha Seminary |
| 24 | | Engaged |
| 25 | 03:30 pm | Marriage @ Thiruvananthapuram, Lourdes Forane Church |
| | 05:30 pm | Blessing- Auditorium @ Kowdiar, Nirmala Bhavan HSS |
| 26 | 02:30-04:00 pm | Visitors |
| 27-29 | | Engaged |
| 30 | 06:15 am | Baptism @ Punnakunnathussery, St. Joseph's Church |
| | 10:00 am | Class @ Punnapra, Denahalaya |

**FR. SECRETARY - 8078088468**

# നാമഹേതുകതിരുനാൾ



ജൂലൈ 25നു നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന
അതിരൂപതാ സിഞ്ചെള്ളൂസ്
**പാലയ്ക്കൽ പെരിയ ബഹു. ജയിംസ് അച്ചന്**
അതിരൂപതാകുടുംബത്തിന്റെ
*പ്രാർഥനാശംസകൾ...*

**VEDAPRACHARA MADHYASTAN VOL.97 No.01 2024 JULY**
Date of Publication: 30-06-2024
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month

# ദുക്റാനതിരുനാളാശംസകൾ




**ഞങ്ങളുടെ കർത്താവും ദൈവവുമായ മ്ശിഹായെ...**
**ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായെപ്പോലെ**
**നിനക്കു സാക്ഷ്യം വഹിക്കാനും ശ്ലീഹായോടൊപ്പം**
**സ്വർഗീയാനന്ദത്തിൽ പങ്കുചേരാനും ഞങ്ങളെ അനുഗ്രഹിക്കണമേ...**

**(ദുക്റാന – സ്ലോസാ, റംശാ, ശ്ലീഹാക്കാലം ഏഴാം ബുധൻ)**

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.

sjopresschry@gmail.com www.archdiocesechanganacherry.org